# നിനവ്



PSCB

# പാപ്പിനിശ്ശേരി സർവ്വീസ് സഹകരണ ബേങ്ക്

**ക്ലിപ്തം നമ്പർ: എൽ.എൽ. 121**

പാപ്പിനിശ്ശേരി കണ്ണൂർ 670 561, ഫോൺ 0497 2789400

## കണ്ണൂർ ജില്ലയിലെ ക്ലാസ് വൺ സൂപ്പർ ഗ്രേഡ് ബാങ്ക്

**ബ്രാഞ്ചുകൾ**

| | |
|---|---|
| മെയിൻ | : 2787 454 |
| പാപ്പിനിശ്ശേരി വെസ്റ്റ് | : 2786 388 |
| പാപ്പിനിശ്ശേരി ഈവനിംഗ് | : 2787 622 |
| കീച്ചേരി | : 2786 445 |
| ഇല്ലിപ്പുറം | : 2866 930 |
| പഴഞ്ചിറ | : 2788 654 |
| കാട്യം | : 2786 454 |
| കല്ലയ്ക്കൽ ഇവനിംഗ് | : 2788 400 |

**RTGS, NEFT**
**സൗകര്യം**

മെയിൻ, വെസ്റ്റ് , കീച്ചേരി, പഴഞ്ചിറ
എന്നീ ശാഖകളിൽ ലോക്കർ സൗകര്യം

പോളിക്ലിനിക്കിൽ വിദഗ്ദരായ
ഡോക്ടർമാരുടെ സേവനം ലഭ്യമാണ്

മെയിൻ ശാഖയിലും കീച്ചേരി ശാഖയിലും
രാവിലെ 9 മണി മുതൽ ഇടപാടുകൾ

ദിനേശ് ഉൽപന്നങ്ങൾക്ക് മാത്രമായി
പ്രത്യേക വില്പന കൗണ്ടർ

വെസ്റ്റ് ബ്രാഞ്ചിൽ
നീതി മെഡിക്കൽ സ്റ്റോർ,
വളം ഡിപ്പോ

കല്യാണ ആവശ്യങ്ങൾക്കും
മറ്റു പരിപാടികൾക്കും
ചുരുങ്ങിയ ചെലവിൽ
ആഡിറ്റോറിയം, മിനി ഹാൾ

**ATM**
**സൗകര്യം ലഭ്യമാണ്**

**കെ.നാരായണൻ**
പ്രസിഡന്റ്

**എ.ശ്രീകാന്ത്**
സെക്രട്ടറി

നിനവ്

ആഖ്യാനം ഒരു അതിജീവന തന്ത്രമാണ്.
അതിജീവനത്തിന്റെ വാക്കുകൾ
നഷ്ടപ്പെടാതെ അവയ്ക്ക്
കാവലിരിക്കുകയാണിവിടെ കുറെ
സർഗ്ഗചേതനകൾ !




### പത്രാധിപർ
എം. ലക്ഷ്മണൻ

### ഉപദേശക സമിതി
കെ.ടി. കത്രിക്കുട്ടി, എ. നാരായണൻ,
ടി.വി. വനജാക്ഷി, എം. സരോജിനി,
പി.വി. കുഞ്ഞിരാമൻ, പി. ജനാർദ്ദനൻ,
വി.വി. പുഷ്പവല്ലി, കെ.വി. ശ്രീധരൻ,
ഇ.സി. പ്രേമാവതി, എം. ശൈലജ,
കെ. ദാമോദരൻ (ട്രഷറർ),
എ.വി. പ്രഭാകരൻ, പി. ശൈലജ,
കെ. ദാമോദരൻ (കല്ല്യാശ്ശേരി)

### പത്രാധിപ സമിതി
വി.വി. ശ്രീധരൻ, കെ.പി. ഗോപാലൻ,
ടി.ഡി. മാർക്കോസ്, സി.ച്ച്. പ്രദീപ്കുമാർ,
പി.വി. കരുണാകരൻ, പി. മനോഹരൻ,
പി. രഘുനാഥൻ, കെ. സുരേഷ്കുമാർ,
സി. സുരേശൻ, യു.പി. മുഹമ്മദ്കുഞ്ഞി

### ഡി.ടി.പി., ഗ്രാഫിക്സ് & ലേ ഔട്ട്
എം. ലക്ഷ്മണൻ

### മുഖചിത്രം
ഗോവിന്ദൻ കണ്ണപുരം

KSSPU
KALLYASSERY BLOCK

# MESSAGE



**ആർ. രഘുനാഥൻ നായർ**
ജനറൽ സിക്രട്ടറി, കെ.എസ്.എസ്.പി.യു.

## ആശംസ

കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയന്റെ കല്ല്യാശ്ശേരി ബ്ലോക്ക് ഘടകം നമ്മുടെ സംഘടനാ സുഹൃത്തുക്കളുടെ സാഹിത്യരചനകൾ സമാഹരിച്ച് 'നിനവ്' മാഗസിൻ പ്രസിദ്ധീകരിക്കുന്നുവെന്ന് അറിഞ്ഞതിൽ നിറഞ്ഞ സന്തോഷമുണ്ട്. പെൻഷൻകാരുടെ സർഗ്ഗാത്മക കഴിവുകൾക്ക് ഇടം നല്കുന്നതിനും പ്രചോദനം നല്കുന്നതിനുമുള്ള ബ്ലോക്ക് കമ്മിറ്റിയുടെ പ്രവർത്തനം ശ്ലാഘനീയമാണ്. മാതൃകാപരമായ ഈ പ്രവർത്തനത്തിനും 'നിനവി'നും എല്ലാവിധ വിജയവും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,

ആർ. രഘുനാഥൻ നായർ

**KSSPU**
KALLYASSERY BLOCK

# MESSAGE



**കെ. കരുണാകരൻ മാസ്റ്റർ**
സംസ്ഥാന സിക്രട്ടറി, കെ.എസ്.എസ്.പി.യു.

## ആശംസ

കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ കല്ല്യാശ്ശേരി ബ്ലോക്ക് സമ്മേളനത്തോടനുബന്ധിച്ച് നിനവ് എന്നപേരിൽ പെൻഷൻകാരുടെ സൃഷ്ടികൾ ഉൾപ്പെടുത്തി ഒരു മാസിക പുറത്തിറക്കുന്നു എന്നറിഞ്ഞതിൽ ഏറെ സന്തോഷിക്കുന്നു. തങ്ങളിൽ അന്തർലീനമായിക്കിടക്കുന്ന സർഗ്ഗവാസനകളെ ഔദ്യോഗിക ജീവിതത്തിലെ കൃത്യാന്തര ബാഹുല്യങ്ങൾക്കിടയിൽ പുറത്തെടുക്കാൻ കഴിയാതിരുന്നവരും തങ്ങളുടെ കഴിവുകളെ ഇതിനകം തന്നെ ബഹുജനസമക്ഷം പ്രകാശിപ്പിച്ചവരും എല്ലാം ഈ പ്രവർത്തനത്തിൽ തങ്ങളുടെതായ സംഭാവനകൾ നല്കുമെന്നതിൽ സംശയമില്ല. കാലത്തിന്റെ രഥവേഗങ്ങളിൽ നഷ്ടമാകാതെ സൂക്ഷിച്ച സ്വപ്നങ്ങളും നരവീഴാത്ത അക്ഷരങ്ങളായി ഈ സംരംഭത്തിലൂടെ പുറത്തുവരുമെന്ന് പ്രതീക്ഷിക്കുന്നു.

പെൻഷൻകാരുടെയും സമൂഹത്തിന്റെയും വിവിധങ്ങളായ പ്രശ്നങ്ങളിൽ നിരന്തരം ഇടപെടുന്ന കെ.എസ്.എസ്.പി.യു. തങ്ങളുടെ അംഗങ്ങളുടെ സർഗ്ഗവാസനകളെ പോഷിപ്പിക്കുന്നതിനുവേണ്ടി നടത്തുന്ന ഈ ശ്രമത്തിന് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

**സ്നേഹപൂർവ്വം,**

**കെ. കരുണാകരൻ മാസ്റ്റർ**

KSSPU
YASSERY BLOCK

# MESSAGE



**ഇ. മുകുന്ദൻ**
ജില്ലാ സിക്രട്ടറി, കെ.എസ്.എസ്.പി.യു.

## ആശംസ

കെ.എസ്.എസ്.പി.യു. കല്ല്യാശ്ശേരി ബ്ലോക്ക ് 'നിനവ്' എന്ന പേരിൽ ഒരു മാസിക പ്രസിദ്ധീകരിക്കുന്നു എന്നറിഞ്ഞതിൽ സന്തോഷിക്കുന്നു.

പെൻഷൻകാരുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം കഷ്ടതയനുഭവിക്കുന്ന സാധാരണക്കാരെ നാം സഹായിക്കുന്നു. നിരാലംബരായ ഒട്ടേറെ പാവങ്ങൾക്ക് പ്രതിമാസ പെൻഷൻ കൊടുക്കുന്ന പ്രസ്ഥാനമാണ് കെ.എസ്.എസ്.പി.യു. ദുരിതാശ്വാസ നിധിയിലേക്ക് കോടിക്കണക്കിന് രൂപ സഹായം ചെയ്യുന്ന പ്രസ്ഥാനം. അതുപോലെ ദേശീയ ദുരന്തങ്ങൾക്കെല്ലാം സഹായം ചെയ്യുന്നു, വീടില്ലാത്ത ഒട്ടേറെ പാവങ്ങൾക്ക് വീടുവെച്ചുകൊടുക്കുന്നു.

ജാതി-മത-വർണ്ണ-രാഷ്ട്രീയത്തിനും പദവി വ്യത്യാസത്തിനും അതീതമായി എല്ലാ പെൻഷൻകാർക്കും അംഗങ്ങളാകാവുന്ന ഏക അംഗീകൃത സംഘടനയാണ് കെ.എസ്.എസ്.പി.യു. കഴിഞ്ഞ കാലങ്ങളിൽ ഒട്ടേറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും ഇനിയും ചില ആവശ്യങ്ങൾ നേടിയെടു ക്കേണ്ടതായിട്ടുണ്ട്.

ആനുകാലിക വിഷയങ്ങൽ ഉൾക്കൊള്ളുന്ന ഈടുറ്റ സൃഷ്ടികൾ മാസികയിൽ പ്രതീക്ഷിക്കുന്നു. മാസികയ്ക്ക് എല്ലാവിധ വിജയങ്ങളും ആശംസിക്കുന്നു.

സ്നേഹപൂർവ്വം,
ഇ. മുകുന്ദൻ

**KSSPU**
KALLYASSERY BLOCK





# ഉള്ളടക്കം

## കവിത


15 മോഹവലയം.................... ടി.വി. സരസ്വതി ദേവി

19 സ്മരണകൾ.................... കെ.ടി. കത്രിക്കുട്ടി

23 തുമ്പപ്പൂവ് ........................എം. സരോജിനി

37 മറവി...............................പി.കെ. പ്രഭാകരൻ

28 ഭൂമിക്കു തലവേദന..............കെ. സുമിത്ര

42 അവർ ചിരി തൂകട്ടെ............കെ.കെ. സാവിത്രി

50 നിർഭയരായ് ഉറങ്ങട്ടെ..........നീതു ബാലകൃഷ്ണൻ

57 ഏകാന്തത........................പി. ശൈലജ

67 എന്റെ ഗ്രാമം....................ശകുന്തള ഏഴോം





## യാത്രാവിവരണം


ഊട്ടി – മസിനഗുഡി യാത്ര...........വി.വി. മോഹനൻ 20

ഓസ്ട്രേലിയയിലേക്ക് ഒരു യാത്ര....എ.പി. രാഘവൻ 58



ഇന്നിന്റെ
അനുഭവമാണ്
ഭൂതം. ഇന്നിന്റെ
പ്രതീക്ഷയാണ്
ഭാവി.

## മെമ്മറീസ്


61 ഓർമ്മമരം പൂക്കുമ്പോൾ.......കെ.എൻ. ശ്രീദേവി

24 ആദ്യത്തെ പ്രമോഷൻ..........പി.വി. കരുണാകരൻ

54 എന്റെ ഉത്തർഖണ്ഡ് യാത്ര..കെ. സുരേഷ്കുമാർ


## കഥ


സേതുമാധവൻ മാസ്റ്ററുടെ വേവലാതികൾ.............
എ.വി. ചന്ദ്രൻ 38

അവൾ...............................ടി.വി. വനജാക്ഷി 51

ഒടുക്കം..........................കെ.പി. ഗോപാലൻ 32

ഉണ്ണിയോർമ്മകൾ.....................കെ. രമാവതി 16


## ലേഖനം


12 വാർദ്ധകേ മുനിവൃത്തീനാം........ഡോ : കെ.എച്ച്. സുബ്രഹ്മണ്യൻ

35 നാടൻ ആഹാരവും നമ്മുടെ ആരോഗ്യവും.......................
ഡോ : ഫർസാന പർവീൺ

45 മാലിന്യമുക്ത കേരളം അനിവാര്യമാണ്.......കെ.വി. രാമകൃഷ്ണൻ

29 നാം ഒരു കുടുംബം........................... പി.വി. കുഞ്ഞിരാമൻ

65 ആനന്ദതീർത്ഥൻ : നവോത്ഥാനത്തിന്റെ പ്രാദേശിക പാഠങ്ങൾ........
എം. ലക്ഷ്മണൻ


**വൈക്കം സത്യഗ്രഹം – ദൈവനീതിയുടെ നാഴികക്കല്ല്**



# വിട ചൊല്ലിയ ബ്ലോക്ക് സാരഥികൾക്ക് പ്രണാമം



പി.കെ. നാരായണൻ മാസ്റ്റർ
നെരുവമ്പ്രം
(കെ.എസ്.എസ്.പി.യു. മുൻ സംസ്ഥാന കമ്മിറ്റി അംഗം)



എൻ. മുകുന്ദൻ
(ഏഴോം)
(മുൻ ബ്ലോക്ക് ട്രഷറർ)



ഇ. കൃഷ്ണൻ മാസ്റ്റർ
ഇരിണാവ്
(മുൻ ബ്ലോക്ക് വൈസ് പ്രസിഡണ്ട്)



ഡി. ഗോവിന്ദൻ മാസ്റ്റർ
മാടായി
(മുൻ ബ്ലോക്ക് വൈസ് പ്രസിഡണ്ട്)



എ. പുരുഷോത്തമൻ മാസ്റ്റർ
കണ്ണാടിപ്പറമ്പ്
(മുൻ യൂണിറ്റ് സിക്രട്ടറി)



വി. ഗോപാലൻ മാസ്റ്റർ
പാപ്പിനിശ്ശേരി
(മുൻ ബ്ലോക്ക് ട്രഷറർ)



സി.വി. കുഞ്ഞിരാമൻ
നാറാത്ത്
(മുൻ ബ്ലോക്ക് വൈസ് പ്രസിഡണ്ട്)



KSSPU
KALLYASSERY BLOCK

## പത്രാധിപക്കുറിപ്പ്

# ഈ നിലാവിനെന്തൊരു മുഖപ്രസാദം

പെൻഷൻകാരുടെ ചില സൃഷ്ടികൾ സമാഹരിച്ച് കെ.എസ്.എസ്.പി.യു. കണ്ണപുരം യൂണിറ്റ് 2021-22 വർഷം തയ്യാറാക്കിയ 'നിനവ്' കൈയെഴുത്ത് മാസിക ബ്ലോക്ക് മത്സരത്തിലും ജില്ലാ മത്സരത്തിലും ഒന്നാം സ്ഥാനം നേടുകയുണ്ടായി. ആ നിനവ് മാസികയാണ് കുറെക്കൂടി ഉയർന്ന വിതാനത്തിൽ വീണ്ടും നിങ്ങളുടെ കൈകളിലെത്തുന്നത്.

പെൻഷൻകാരുടെ വിശ്രമജീവിതം പ്രസാദാത്മകമാക്കാൻ കെ.എസ്.എസ്.പി.യു. പ്രതിജ്ഞാബദ്ധമാണ്. ഒരു സാംസ്കാരിക സംഘടനകൂടിയാണ് കെ.എസ്. എസ്.പി.യു. എല്ലാ ഘടകങ്ങളിലും അംഗങ്ങൾക്ക് അവരുടെ കലാ വാസനകൾ ദൃശ്യ-ശ്രാവ്യ രൂപത്തിൽ അവതരിപ്പിക്കാനുള്ള അവസരങ്ങൾ ലഭിക്കുന്നുണ്ട്. കുടുംബ സംഗമങ്ങൾ മികച്ച ഉദാഹരണമാണ്. അതോടൊപ്പം സർഗ്ഗപരമായ രചനകൾക്കും ഇടം വേണമെന്ന ആവശ്യമാണ് ഇത്തരത്തിലൊരു മാസികയ്ക്ക് പ്രചോദനമായത്.

ബ്ലോക്കിലെ പെൻഷൻകാരുടെയും കുടുംബാംഗങ്ങളുടെയും സർഗ്ഗസൃഷ്ടികൾ സമാഹരിച്ചാണ് 'നിനവ്' തയ്യാറാക്കിയിരിക്കുന്നത്. എല്ലാറ്റിനുമുണ്ട് മൗലിക ചേതന. സൂര്യവെളിച്ചമാണ് അമ്പിളിയുടെ നിലാവായി മാറുന്നത്. അതുപോലെ ബോധത്തിൽ പതിയുന്ന പകലിന്റെ യാഥാർത്ഥ്യങ്ങളാണ് രാത്രി സ്വപ്നങ്ങളായും നിനവുകളായും ഭാവനകളായും രൂപാന്തരപ്പെടുന്നത്. അതിന്റെ ആവിഷ്കാരമാണ് സാഹിത്യം. ഇതെല്ലാം മനസ്സിന്റെ നിലാവെളിച്ചമാണ്. നിലാവിന്റെ വശ്യത ആകർഷിക്കാത്ത മനുഷ്യമനസ്സുണ്ടാവില്ല.

> "പുഷ്പശരങ്ങളാൽ നഗ്നത മറയ്ക്കും
> സ്വപ്നസുന്ദരീ - പ്രകൃതീ,
> സ്വർഗ്ഗസുന്ദരീ
> നിന്നരക്കെട്ടിൽ ചുറ്റിനില്ക്കും
> നിലാവിനെന്തൊരു മുഖപ്രസാദം !....."

എന്ന് വയലാർ പാടിയിട്ടുണ്ട്. പൂക്കൾമൂടി നില്ക്കുന്ന പകൽവെളിച്ചത്തിലെ പ്രകൃതിയെക്കാൾ സുന്ദരം നിലാവിൽ മുങ്ങിയ വസന്തഭൂമിയാണ്. 'നിനവി'ലെ രചനകൾ നിലാവിൽ ചാലിച്ച യാഥാർത്ഥ്യങ്ങളാണ്. വാക്കുകൾക്കതീതമായ മായിക സൗന്ദര്യം വഴിഞ്ഞൊഴുകുന്ന അനുഭവം. ഈ നിലാവൊളി മായരുതേയെന്ന് ആശിക്കുന്നു.

- പത്രാധിപർ

KSSPU
KALLYASSERY BLOCK

ലേഖനം
ഡോ. കെ.എച്ച്. സുബ്രഹ്മണ്യൻ
9447857970



# വാർദ്ധകേ മുനിവൃത്തീനാം

'വാർദ്ധകേ മുനിവൃത്തീനാം' എന്നതാണ് സൂര്യവംശ രാജാക്കന്മാരുടെ മഹിമകൾ വർണ്ണിക്കുമ്പോൾ കാളിദാസ മഹാകവി ഒരു മഹിമയായി എടുത്തുപറഞ്ഞിരിക്കുന്നത്. ഇന്ത്യയിലെ മഹത്തായ ഒരു സാമ്രാജ്യമായിരുന്നു സൂര്യവംശ രാജാക്കന്മാർ കെട്ടിപ്പടുത്തത്. അതിലെ നെടുനായകനായിരുന്നു രഘു ചക്രവർത്തി. അതുകൊണ്ട് 'രഘുവംശം' എന്ന പേരാണ് കാളിദാസൻ തന്റെ മഹാകാവ്യത്തിനിട്ടത്. ഈ വംശത്തിലെ അവസാന ചക്രവർത്തിമാർ സുഖഭോഗതല്പരരായതോടുകൂടി മഹാസാമ്രാജ്യം തകർന്നുതരിപ്പണമായി എന്നുകൂടി മഹാകവി വിവരിക്കുന്നുണ്ട്. അപ്പോൾ 'രഘുവംശ' ത്തിന്റെ സാമൂഹിക പ്രാധാന്യം വായിച്ചെടുക്കാനും വിവേകികൾക്ക് സാദ്ധ്യമാവുന്നു.

വാർദ്ധക്യത്തിൽ മുനിവൃത്തി എന്നു പറഞ്ഞിരിക്കുന്നത് മഹിതോദാരമായ മനസ്സിനെക്കുറിച്ചാണ്. അധികാരങ്ങളിൽനിന്നകന്ന, സുഖലോലുപതയിൽനിന്നകന്ന മനസ്സ് പ്രപഞ്ചസത്യത്തിലേക്കും മനുഷ്യസ്നേഹത്തിലേക്കും ഉയരുന്നു. 'ലോകമേ തറവാട്'എന്ന ഒരു മഹത്ചിന്ത മനസ്സിൽ നിറയുന്നു. മനുഷ്യ ജീവിതമാകുന്ന വലിയ തറവാട്ടിലെ അശാന്തികൾക്ക് അറുതി വരുത്താനും ക്ഷേമം കൈവരിക്കാനും ഉള്ള ചിന്തകൾ വയോവൃദ്ധരുടെ മനസ്സിൽ നിറയു മ്പോൾ അവർ സമുഹനന്മകൾക്കു വേണ്ടി പ്രവർത്തിക്കാൻ കച്ചകെട്ടിയിറങ്ങുന്നു. ഇതാണ് ഇന്ന് നമ്മുടെ വയോജനങ്ങൾ സംഘടിതമായി ചെയ്തുകൊണ്ടിരിക്കുന്നത്.

രാഷ്ട്രപുനർനിർമ്മാണത്തിൽ വയോജനങ്ങൾക്ക് വലിയൊരു പങ്ക്

> വാർദ്ധക്യത്തിൽ മുനിവൃത്തി എന്നു പറഞ്ഞിരിക്കുന്നത് മഹിതോദാരമായ മനസ്സിനെക്കുറിച്ചാണ്. അധികാരങ്ങളിൽനിന്നകന്ന, സുഖലോലുപതയിൽനിന്നകന്ന മനസ്സ് പ്രപഞ്ചസത്യത്തിലേക്കും മനുഷ്യസ്നേഹത്തിലേക്കും ഉയരുന്നു.

നിർവ്വഹിക്കാനുണ്ട്. ദേശീയപ്രസ്ഥാനത്തിന്റെ മുൻനിരയിൽ നിന്നുകൊണ്ട് പ്രവർത്തിച്ച വയോജനങ്ങളെ നമുക്ക് ഇത്തരുണത്തിൽ ഓർക്കാം. കാലപ്രവാഹത്തിൽ രാഷ്ട്രം നേരിടുന്ന ബഹുമുഖങ്ങളായ പ്രശ്നങ്ങൾ കണ്ടറിഞ്ഞ്പൊതുജീവിതത്തിലേക്ക് വയോജനങ്ങൾ കടന്നുവന്നുകൊണ്ടിരിക്കുകയാണ്. പ്രാദേശികതലം തൊട്ട് നേതൃനിരയിൽനിന്നുകൊണ്ട് ഭാവിപൗരന്മാരായ യുവതലമുറയ്ക്ക് മാർഗ്ഗദർശകമാകുന്നു. ഇത് അവരുടെ ഭാവിക്കും പ്രയോജനപ്രദമാണ് എന്ന ഒരു സത്ചിന്ത അവരിൽ ഉദിക്കുന്നു.

'വൃദ്ധോ യാതി ഗൃഹീത്വാ ദണ്ഡം' - വൃദ്ധൻ ഊന്നുവടിയുമേന്തിക്കൊണ്ട് നടക്കുന്നു എന്ന് ശ്രീശങ്കരാചാര്യർ പാടിയിട്ടുണ്ട്ല്ലോ. ഇതിന്റെ തുടർച്ചയായി അദ്ദേഹം പാടിയത് വാർദ്ധക്യത്തിലും മനുഷ്യർ ആശാപാശ ബന്ധിതരാണ് എന്നാണ്.

അതുകൊണ്ട് 'ഭജഗോവിന്ദം' എന്ന് ആചാര്യൻ ഉപദേശിച്ചു. ഇത് ആദ്ധ്യാത്മിക ചിന്തയിലേക്കുള്ള ഒരു പാതയായാണ് വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നത്. ലോകം മുഴുവൻ ഒരു പക്ഷിക്കൂട് എന്നതാണ് ഇന്ത്യ നല്കിയിട്ടുള്ള മഹൽസന്ദേശം.

"അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം"

എന്ന് ശ്രീനാരായണ ഗുരുദേവന്റെ ദർശനത്തിൽ ഇതിന്റെ മറ്റൊരു മുഖം നമുക്കു കാണാം.

അപരന്ന് സുഖം പ്രദാനം ചെയ്യണമെങ്കിൽ അവന്റെ അസുഖമെന്താണെന്ന് നാം മനസ്സിലാക്കണം. ജനസമ്പർക്കമാണ് ഇത് മനസ്സിലാക്കാൻ മുഖ്യമാർഗ്ഗം. നാനാജാതി മതസ്ഥരായ ജനവിഭാഗങ്ങളിലേക്ക് നാം ഇറങ്ങിച്ചെല്ലുമ്പോൾ നമുക്ക് ജീവിതത്തിന്റെ വിഭിന്നാവസ്ഥകൾ മനസ്സിലാക്കാൻ



"അവനവനാത്മ സുഖത്തിനാചരിക്കുന്നവ-
യപരന്നു സുഖത്തിനായ് വരേണം"

**അപരന്ന് സുഖം പ്രദാനം ചെയ്യണമെങ്കിൽ അവന്റെ അസുഖമെന്താണെന്ന് നാം മനസ്സിലാക്കണം. ജനസമ്പർക്കമാണ് ഇത് മനസ്സിലാക്കാൻ മുഖ്യമാർഗ്ഗം.**

സാധിക്കുന്നു. വിശാലമായ ഒരു ലോകം നമ്മുടെ മുമ്പിൽ തുറക്കപ്പെടുന്നു. ആ ലോകത്തിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങൾ ഇല്ലായ്മ ചെയ്യാൻ മുന്നിട്ടിറങ്ങണം എന്നൊരു ചിന്ത നമ്മുടെ മനസ്സിൽ ഉണരുമ്പോൾസമൂഹ ക്ഷേമത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുടെ കൂട്ടത്തിൽ നമ്മളും ഉൾച്ചേരുന്നു.

മുപ്പതു വർഷത്തിലധികം ഉദ്യോഗത്തിലിരുന്ന് പെൻഷൻ പറ്റിപ്പിരിഞ്ഞ ഒരാളുടെ ജിവിതം ഓർമ്മയിലുണരുന്നു. അദ്ദേഹവും ഭാര്യയും മാത്രമാണ് വീട്ടിലുള്ളത്. മകളും മകനും ദൂരസ്ഥലങ്ങളിൽ ജോലി ചെയ്യുന്നവരാണ്. പെൻഷൻ പറ്റിപ്പിരിഞ്ഞതിനുശേഷം അദ്ദേഹം ചെയ്ത സാമൂഹ്യസേവനങ്ങൾ സാധാരണക്കാരുടെ കണ്ണുതുറപ്പിച്ചു. അയൽവാസികളുമായി നല്ല സ്നേഹബന്ധം സ്ഥാപിച്ച അദ്ദേഹം ദരിദ്രരും രോഗബാധിതരുമായവർ പാർക്കുന്ന ചെറ്റപ്പുരകൾക്കകത്ത് മടികൂടാതെ കയറിച്ചെന്ന് അവർക്കുവേണ്ടുന്ന സഹായങ്ങൾ ചെയ്തു. ദരിദ്രരായ കുട്ടികൾക്ക് അവരുടെ വിദ്യാഭ്യാസാവശ്യങ്ങൾ നിറവേറ്റിക്കൊടുത്തു. പലരും പല ആവലാതികളുമായി അദ്ദേഹത്തെ സമീപിക്കാൻ തുടങ്ങി. യാതൊരു ഭേദചിന്തയും കൂടാതെ അദ്ദേഹം പ്രവർത്തിക്കുന്നതു കണ്ടപ്പോൾ ഇത്തരം മനുഷ്യരും ഈ ഭൂമുഖത്തുണ്ടല്ലോ എന്ന് സാമാന്യജനങ്ങൾ ചിന്തിക്കാനും തുടങ്ങി.

"വഴിതെറ്റുന്നു വയസ്സാവുമ്പോൾ" എന്ന് നമ്മുടെ ഒരു മഹാകവി പാടുകയുണ്ടായി. പല സാഹചര്യങ്ങളിലാണ് പലർക്കും വഴികൾ തെറ്റുന്നത്. നമ്മുടെ വഴികൾ തെറ്റാതെ നോക്കുന്നതിന് നമ്മുടെ വിവേകം നമ്മുടെ ശക്തിയാണ്. ആ ശക്തിയെ ശക്തിപ്പെടുത്തുകയാണ് പെൻഷൻ പറ്റിയവരുടെ കൂട്ടായ്മ നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്.

•



കവിത

ടി.വി. രസ്വതീ ദേവി
9495535990



# മോഹവലയം

മോഹാന്ധകാരമാം കോട്ടക്കകത്തൊരു
ചില്ലുകൊട്ടാരം പണികഴിപ്പിച്ചു ഞാൻ
നറുനിലാവിലൊരുദിനം സ്നേഹസന്ദേശമായ്
കുളിർകാറ്റടിക്കവേ
ആടിയുലഞ്ഞൊരു മാമകമാനസം
കരകാണാ കടലുപോൽസ്വപ്നങ്ങൾ നെയ്തെടുത്തു -
സ്വച്ഛന്ദമായ് ഒഴുകുന്ന ജീവിതപാതയിൽ
കണ്ടു ഞാനായിരംസുന്ദരനിമിഷങ്ങളും
എങ്കിലോയൊന്നുമേ നീർക്കുമിളപോലെ
തകർന്നുപോകുന്നതും കാഴ്ചയായ് കണ്ടു ഞാൻ
തെറ്റുകൾ അറിയാതെ വന്നുപോകുന്നതും
നിസ്സഹായയായ് നോക്കിനിന്നതുമോർത്തുപോയ്.
ഓർമ്മയിലെന്നെന്നും ഉറച്ചുപോയൊരാ-
സ്നേഹ സന്ദേശത്തെ പിഴുതുമാറ്റാനശക്തയായ്
നിലകൊള്ളവേ വന്നു പേമാരിയും കൊടുങ്കാറ്റും
ജീവിതചക്രത്തെയാകെ മാറ്റിമറിച്ചല്ലോ.
ചില്ലുകൊട്ടാരം തകർന്നപ്പോൾ
ഞാനതിലേകയായ് നിലകൊണ്ടു
കണ്ട സ്വപ്നങ്ങളെല്ലാം പാഴ്വേലയാണെന്ന്
ജീവിതമെന്നെ പഠിപ്പിച്ചു കടന്നുപോയ്.
നീറിപ്പുകയുന്ന മാനസമാരും കണ്ടതില്ലയെങ്കിലും
ജീവിക്കുന്നു ഞാനിപ്പൊഴും സ്നേഹസന്ദേശത്തെ
കേൾപ്പാൻ വെമ്പലോടെ..
വേണ്ട, മോഹങ്ങളും കാത്തിരിപ്പും
എന്നറിയാമെങ്കിലും
അറിയാതെ ധ്യാനം അനുസ്യൂതം തുടരുന്നു ഞാൻ.

•



കഥ

രമാവതി കെ.
9495876690



# ഉണ്ണിയോർമ്മകൾ





ഇന്റർവെല്ലിനുള്ള ബെല്ലടിച്ചു. കുട്ടികൾ പുറത്തേക്കോടി. കിട്ടുന്ന അഞ്ചു മിനിറ്റ് സമയം ഏത് കളി വേണമെന്ന് തീരുമാനിച്ച ചിഞ്ചു കൂട്ടുകാരെ വിളിച്ചു...നാരങ്ങപ്പാല്...ചൂട്ടയ്ക്ക് രണ്ട്...ഇലകൾ പച്ച...പൂക്കൾ മഞ്ഞ... അവൾ പാടിത്തുടങ്ങി. ഓടിവന്ന അശ്വതി കൈകോർത്ത് ഉയർത്തിപ്പിടിച്ചു. മറ്റുള്ള അഞ്ചു പേർ ആ വലയത്തിനുള്ളിലൂടെ അവരെ ചുറ്റാൻ തുടങ്ങി. മറ്റൊരു കോണിൽനിന്നും ഉണ്ണിമാങ്ങയുടെ ചുനമണം... എന്റെ നാവിൽ വെള്ളമൂറി. കുറച്ചുപേർ വട്ടമിട്ടിരുന്ന് മാങ്ങകൾ പങ്കുവെച്ച് കഴിക്കുകയാണ്.

വരുന്ന വഴിയിൽ സ്കൂൾ എത്താറാവുമ്പോൾ ഒരു വീട്ടുവളപ്പിലെ അതിർത്തിയിലായി വലിയ ഒരു മാവുണ്ട്. നിറയെ പൂക്കുലകളും ഉണ്ണിമാങ്ങകളും... ചോട്ടിൽ ആദ്യമെത്തുന്ന വർക്ക് കൈ നിറയെ പെറുക്കിയെടുക്കാൻ മാങ്ങ കിട്ടും. അന്ന് അവർ ക്ലാസ്സിലെ താരം തന്നെ ! എല്ലാവരും താരത്തെ പൊതിയും. “ഒന്ന് താടാ” ബാബു തല ചൊറിഞ്ഞുകൊണ്ട് ചോദിക്കും. “ങാ ! പിന്നെ ! ഇന്നലെ വെറുതെ ചവിട്ടാൻ വന്നപ്പോ ഓർക്കണമായിരുന്നു”. അവൻ വെല്ലുവിളിക്കും. ഉച്ചയ്ക്ക് ഊണ് കഴിക്കാനുള്ള ബെല്ലടിച്ചാൽ മാങ്ങ പെറുക്കാൻ വരുന്നവരുടെ കൂട്ടത്തിൽ ആദ്യമെത്തുന്ന ഹരി കീശ നിറയെ മാങ്ങകളുമായി ഉപ്പുമാവിനുള്ള വരിയിലെ അവസാനത്തെ കുട്ടിയായി വന്നു നിൽക്കും.





അതുവഴി തന്നെയാണ് ഞാൻ സ്കൂളിലേക്ക് വരുന്നതും പോകുന്നതും. എനിക്കു

മാത്രമെന്തേ ഒരു ഉണ്ണിമാങ്ങപോലും കിട്ടാത്തേ ? കുഞ്ഞുമനസ്സ് വേദനിച്ചുകൊണ്ടിരുന്നു. ഇന്ന് ഉച്ചയ്ക്കുള്ള ഇന്റർവെല്ലിന് എന്തായാലും ഓടിപ്പോയി ഉണ്ണിമാങ്ങ പെറുക്കിയിരിക്കും. ഞാൻ ഉറപ്പിച്ചു. രാവിലെ പതിവുപോലെ പ്രാർത്ഥനയ്ക്കു ശേഷം രണ്ട് പിരീഡുകൾ കടന്നുപോയി. ഇടയ്ക്കിടെ ഉണ്ണിമാങ്ങകൾ എന്റെ ചിന്തകളെ വഴിമാറ്റിക്കൊണ്ടിരുന്നു. ഇന്റർവെല്ലിനു ശേഷം ചിന്തയ്ക്ക് ആക്കം കൂടി. പിന്നീട് ക്ലാസ്സിൽ വന്ന കാർത്ത്യായനി ടീച്ചർ പറഞ്ഞതൊന്നും ഞാൻ കേൾക്കുന്നുണ്ടായിരുന്നില്ല.

രണ്ട് പിരീഡ് ടീച്ചർ ക്ലാസ്സിലുണ്ടാകും. ബോർഡിലെഴുതിയ വാക്കുകൾ അഞ്ചു പ്രാവശ്യം വീതം എഴുതിക്കാണിക്കാൻ ആവശ്യപ്പെട്ട് ടീച്ചർ പത്രവായനയിൽ മുഴുകി. പെട്ടെന്ന് എഴുതിത്തീർത്തവർ ടീച്ചറെ പൊതിഞ്ഞു. എഴുതാൻ മടിയുള്ള ചെറുക്കന്മാർ അടിപിടിയായി. ആകെ ബഹളം... ബെല്ലടി കേട്ടോ..? കേട്ടതുപാതി, കേൾക്കാത്തതുപാതി... ഞാൻ ഇറങ്ങിയോടി. പുറകിലാരെങ്കിലും വരുന്നുണ്ടോ..ഇല്ല..ഇത്തവണ എനിക്കു തന്നെ..സർവ്വശക്തിയുമെടുത്ത് ഓടി മാവിൻചോട്ടിലെത്തി..ഇന്ന് മാങ്ങയൊന്നും വീണില്ലേ ? എനിക്ക് കണ്ണ് കാണാത്തതുപോലെ...അല്പനേരം നിന്നു കിതച്ചു...അതാ അവിടവിടെയായി ഉണ്ണിമാങ്ങ കൾ ! ...സ്വപ്നം കാണുകയാണോ... അല്ല...ആവേശത്തോടെ പെറുക്കിയെടുത്തു. ലോകം കീഴടക്കിയതുപോലെ തിരിച്ച് സ്കൂളിലേക്കോടി. എല്ലാവരും തന്നെ വന്ന് പൊതിയുന്ന രംഗം മനസ്സിൽ കണ്ടു. അറി യാതെ ചിരിച്ചുപോയി.

വൈകിയാൽ ഉപ്പുമാവ് കിട്ടില്ല. ദൂരെ എന്റെ ക്ലാസ്സ് മുറി കാണാം. അരമതിലിനുമീതെ പട്ടികയടിച്ച ഭിത്തിയായതിനാൽ കുട്ടികളെയും... ഒരു നിമിഷം ഞാൻ സ്തബ്ധയായി. ക്ലാസ്സിലെ കുട്ടികളുടെ ഒരു കൂട്ടം എന്റെ നേരെ തുറിച്ചു നോക്കുകയാണ്..പിന്നിൽ ടീച്ചറിന്റെ അവ്യക്ത രൂപം...



എന്ത് ? ! ഉച്ചഭക്ഷണത്തിനുള്ള ബെല്ലല്ലേ ഞാൻ കേട്ടത് ? എനിക്ക് തോന്നിയതാണോ...? എന്റെ കാൽമുട്ടുകൾ വിറയ്ക്കാൻ തുടങ്ങി. ഞാൻ നടക്കുകയാണോ, ഓടുകയാണോ..ഉണ്ണിമാങ്ങകൾ എന്റെ മടിയിൽ നിന്നും താഴെ വീണുകൊണ്ടിരുന്നു. ണിം..ണിം..ണിം...മണി മുഴങ്ങി. ഈശ്വരാ..! ബെല്ലടിക്കും മുമ്പേ ഞാൻ ഇറങ്ങിയോടിയോ ? ശരീരം തളരുന്നു. ആകെ വിയർത്തു. എങ്ങനെ ടീച്ചറെ നേരിടും..കുട്ടികൾ കളിയാക്കില്ലേ..ഞാൻ കരച്ചിലിന്റെ വക്കിലായി.

ഉപ്പുമാവ് കഴിച്ചെന്ന് വരുത്തി. പതിവുള്ള കളികളിലൊന്നും പങ്കുകൊണ്ടില്ല. നേരെ ക്ലാസ്സിൽ ചെന്നിരുന്നു. “പെണ്ണ് ബെല്ലടിക്കാൻ നേരമില്ലാതെ ഇറങ്ങിയോടി. മാങ്ങക്കൊതിച്ചി” - മൂക്കിള ഒലിപ്പിച്ചു നടക്കുന്ന ബാബു പരിഹസിച്ചു. ഞാൻ ഒന്നും കാണുന്നുണ്ടായിരുന്നില്ല. അടുത്ത പിരീഡ് കേളുമാഷ് ആണ്. ചൂരലും കൊണ്ടാണ് നടപ്പ് ! എന്റെ ഗതി എന്താവും ! ഉള്ളംകൈയിലും കാലിലും അടിയേറ്റുപുളയുന്നത് ഭാവനയിൽ കണ്ടു. ക്ലാസ്സ് നിറയുന്ന കൂട്ടച്ചിരി... എന്റെ കണ്ണുകൾ നിറഞ്ഞു.

ബെല്ലടിച്ചു. മിനിട്ടുകൾ കടന്നുപോയി. മാഷ് വന്നുകാണുന്നില്ല. ഹൃദയം പെരുമ്പറ കൊട്ടുന്നു. അടുത്ത ക്ലാസ്സിൽ കുട്ടികൾ എഴുന്നേറ്റ് നമസ്തേ പറയുന്നു. സാറ് വന്നു കഴിഞ്ഞു. ക്ലാസ്സിനെ വേർതിരിക്കുന്ന തട്ടിയിൽ ചൂരൽ ആഞ്ഞുവീശി കണ്ണൻമാഷ് ആക്രോശിച്ചു. “പിള്ളാരേ, നിങ്ങടെ മാഷ് ഉച്ചയ്ക്ക് ലീവാണ്. പുസ്തകമെടുത്ത് ബഹളമുണ്ടാക്കാതെ വായിച്ചേ എല്ലാവരും...!” ചൂരൽ ഒന്നുകൂടി ആഞ്ഞുവീശി സാർ അപ്രത്യക്ഷനായി.

ഞാൻ തളർന്നിരുന്നു. ഒരു മഴ പെയ്തൊഴിഞ്ഞതുപോലെ ! കണ്ണുകൾ നിറഞ്ഞൊഴുകി. കുട്ടികൾ വീണുകിട്ടിയ സ്വാതന്ത്ര്യത്തിന്റെ സുഖാലസ്യത്തിലേക്ക് വഴുതിവീണു. കൂട്ടത്തിൽ ഏകാകിനിയായി ഞാനും...

●


ഇരിണാവ് സർവ്വീസ് സഹകരണ ബേങ്ക് LTD.
LL.116. പി.ഒ ഇരിണാവ്, കണ്ണൂർ ജില്ല. ഫോൺ : 0497 2866 637
CLASS 1 SPECIAL GRADE MODEL CO OPERATIVE BANK
emal: irinavescbank@gmail.com

ഇരിണാവ് മെയിൻ 286 6237
പയ്യട്ടം 286 7019
പയ്യട്ടം ഈവനിങ്ങ് 286 6500
മടക്കര 286 6354
തെക്കുമ്പാട് 286 0991

പൂർണ്ണമായും കമ്പ്യൂട്ടർവൽക്കരിച്ച ക്ലാസ്സ് 1 സ്പെഷ്യൽ ഗ്രേഡ് ബേങ്ക്

സേവനത്തിന്റെ പാതയിൽ എന്നും നാടിനും നാട്ടാർക്കുമൊപ്പം....

കവിത

കെ.ടി. കത്രിക്കുട്ടി
9495081860



# സ്മരണകൾ

മരണം ഒഴിപ്പിച്ച കോടി കസേരകൾ
ഒഴിഞ്ഞേകിടക്കുന്നു
ആടിപ്പോയ വേഷങ്ങൾ പാതിയിൽ നിർത്തി
യവനിക താഴ്ത്തുന്നു കാലം.

മോഹഭംഗത്തിന്റെ ചുടുനിശ്വാസം പോലും
കൂടെ എടുക്കാതെ പോകും
തൻ നിഴൽ പോലും കൂടെയില്ലാതെ
ഒറ്റയ്ക്കുതന്നെ നാം പോകും
പിൻവിളി വിളിക്കുന്ന കണ്ണുനീർപ്പൂക്കളെ
കാണാതെ തന്നെ നാം പോകും ..
മരണം.......

(നമ്മെ വിട്ടുപോയ എല്ലാവർക്കും വേണ്ടി)

•



യാത്രാ
വിവരണം

മോഹനൻ വി.വി.
9496402701



# ഊട്ടി - മസിനഗുഡി യാത്ര

2023 നവംബർ 14 അതിരാവിലെ 4.30 സമയം. കൊട്ടില ഗവ: ഹൈസ്കൂളിലെ 1979 എസ്.എസ്.എൽ.സി. ബാച്ച് (സൗഹൃദം@79) ലെ 11 പേർ ഊട്ടി - മസിനഗുഡിയിലേക്ക് യാത്ര തിരിച്ചു. കളിച്ചും ചിരിച്ചും പാട്ടുകളാസ്വദിച്ചും ഞങ്ങൾ പെട്ടന്നുതന്നെ വയനാടൻ അടിവാരത്തിലെത്തിച്ചേർന്നു. സമയം 7 മണി. വയനാടൻ പ്രകൃതിഭംഗി ആസ്വദിച്ചുകൊണ്ട് ഞങ്ങൾ ചായ കുടിച്ചു. ഇളംതെന്നൽ മെല്ലെ മെല്ലെ ഞങ്ങളെ തഴുകുന്നുണ്ടായിരുന്നു. ചൂടു ചായയും സൂര്യകിരണങ്ങളും ഞങ്ങളുടെ മനസ്സിനും ശരീരത്തിനും ഉന്മേഷമുണ്ടാക്കി. തുടർന്ന് ഞങ്ങൾ മസിനഗുഡിയിലേക്ക് യാത്ര തിരിച്ചു.

മാനന്തവാടി, സുൽത്താൻബത്തേരി, ഗൂഡല്ലൂർ വഴി മസിനഗുഡിയിലെത്താം. തമിഴ്നാട്ടിലെ നീലഗിരി ജില്ലയിൽപ്പെട്ട ഒരു സുന്ദര ഗ്രാമമാണ് മസിനഗുഡി. സിഗുർ പീഠഭൂമിയുടെ ഭാഗമാണ് ഈ സ്ഥലം. ഊട്ടിയിൽ നിന്നും 30 കി.മി. അകലെയാണിത് സ്ഥിതിചെയ്യുന്നത്. ദേശീയോദ്യാനത്തിന്റെയും മുതുമല കടുവാ സങ്കേതത്തിന്റെയും ബഫർ സോണിലാണ് മസിനഗുഡി. സമുദ്രനിരപ്പിൽ നിന്നും 950 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഈ ഗ്രാമം ഇരുള ഗോത്രവർഗ്ഗക്കാരുടെ വാസസ്ഥലമാണ്.

**മുതുമല നാഷണൽ പാർക്ക്**

തമിഴ്നാട്ടിലെ നീലഗിരി മലനിരകളുടെ ദേശീയോദ്യാനമാണ്. 820 - 1250 മീറ്റർ ഉയരത്തിൽ കർണ്ണാടക കേരള സംസ്ഥാനങ്ങളുടെ അതിർത്തി പങ്കിടുന്നു. ഈ പ്രദേശത്തിന്റെ ഒരു ഭാഗം 1940 മുതൽ സംരക്ഷിക്കപ്പെടുന്നു. 1986 മുതൽ ഈ സ്ഥലം നീലഗിരി ബയോസ്ഫീയറിന്റെ ഭാഗമാണ്. ഈ ദേശീയോദ്യാനം 2007 ൽ 143.93 ചതുരശ്ര മൈൽ ചേർത്ത് കടുവ സംരക്ഷണ മേഖലയായി പ്രഖ്യാപിക്കപ്പെട്ടു. ദേശീയോദ്യാനത്തി ലൂടെ കടന്നുപോകുന്ന നല്ല വീതിയേറിയ



മസിനഗുഡി ഒരു വിദൂര ദൃശ്യം

റോഡിൽനിന്ന് കാനനഭംഗി ആവോളം ആസ്വദിക്കാൻ സാധിച്ചു. ഇടതൂർന്ന മരങ്ങൾ ഒന്നൊന്നായി ഞങ്ങളെ തലയാട്ടി സ്വാഗതം ചെയ്തു. മാൻകൂട്ടങ്ങൾ, പക്ഷികൾ, കാട്ടു പോത്ത്, ആന, കുരങ്ങുവർഗ്ഗങ്ങൾ തുടങ്ങി എല്ലാവരും എത്ര ഉത്സാഹത്തോടെയും സന്തോഷത്തോടെയുമാണ് കാടുകളിൽ വസിക്കുന്നത്. കാട്ടിലൂടെയുള്ള ട്രക്കിങ് നമ്മൾ ആവോളം ആസ്വദിച്ചു. അതിനുശേഷം ഞങ്ങൾ തെപ്പെക്കാട് ആനക്യാമ്പ് സന്ദർശിച്ചു. ആനക്യാമ്പിലെ സന്ദർശന സമയം രാവിലെ 8 മണി മുതൽ 10 മണി വരെയും വൈകുന്നേരം 5 മണി മുതൽ 6 മണി വരെയുമാണ്. ഞങ്ങൾ വൈകുന്നേരം 5 മണിക്കാണ് അവിടെ എത്തിയത്. ക്യാമ്പിൽ 24 ആനകളെ വളർത്തുന്നുണ്ട്. ഈ ആനകളെ അവർ കാട്ടിൽ മേയാൻ വിടും. കാടുകളിൽ മേഞ്ഞു വന്ന് ഈ ആനകൾ ഇവിടെ സുഖമായി കഴിയുന്നു.

അന്നേ ദിവസം ഞങ്ങൾ താമസിച്ചത് മസിനഗുഡി എന്ന സുന്ദര ഗ്രാമത്തിലായിരുന്നു. പ്രകൃതിരമണീയമായ ആ ഗ്രാമത്തിലെ രാത്രി ഒരിക്കലും മറക്കാൻ സാധിക്കുകയില്ല. തമാശകൾ പറഞ്ഞും ചിരിച്ചും കളിച്ചും കുറിയുടെ നറുക്കെടുപ്പും ഒക്കെയായി 10.30 മണി ആയത് അറിഞ്ഞതേയില്ല. ലൈറ്റ് അണച്ച് കിടന്നപ്പോൾ ഇരുട്ടിന് കട്ടി യേറിയതുപോലെ തോന്നി. തണുത്ത കാറ്റ് അപ്പോഴും മെല്ലെ മെല്ലെ തഴുകി കടന്നുപോകുന്നുണ്ടായിരുന്നു. പുറത്ത് തെങ്ങുകളും കവുങ്ങുകളും കാറ്റിനോട് കഥ പറയുന്നതായി തോന്നി. രാവിലെ മഞ്ഞുതുള്ളികൾ ഞങ്ങളെ സ്വാഗതം ചെയ്തു. പച്ചപ്പട്ട് പുതച്ചുനിൽക്കുന്ന പ്രകൃതിയിൽ മഞ്ഞുതുള്ളികൾ എത്ര മനോഹരമായാണ് ഡിസൈനുകൾ സൃഷ്ടിച്ചത്. ഓരോ ഇലയും മുത്തുമാല അണിഞ്ഞു നിൽക്കുന്ന ആ കാഴ്ച കണ്ണിൽനിന്നും ഒരിക്കലും മാഞ്ഞുപോകില്ല.

നവംബർ 11 ന് രാവിലെ 9 മണിക്ക ്ഞങ്ങൾ മസിനഗുഡിയിൽ നിന്നും ഊട്ടിയിലേക്ക് യാത്രയായി. ഊട്ടിയിലേക്കുള്ള യാത്രയിൽ 36 ഹേർപിൻ വളവുകളോടെയുള്ള ചുരം കയറേണ്ടതുണ്ട്. വനഭംഗി ആസ്വദിച്ചുകൊണ്ടുള്ള ആ യാത്രയും അവിസ്മരണീയമായി.

നീലഗിരി ജില്ലയുടെ ആസ്ഥാനം ക്വീൻ ഓഫ് ഹിൽ സ്റ്റേഷൻ



**ലേഖകൻ സംഘാംഗങ്ങളോടൊപ്പം**

> **ലൈറ്റ് അണച്ച് കിടന്നപ്പോൾ ഇരുട്ടിന് കട്ടിയേറിയതുപോലെ തോന്നി. തണുത്ത കാറ്റ് അപ്പോഴും മെല്ലെ മെല്ലെ തഴുകി കടന്നുപോകുന്നുണ്ടായിരുന്നു. പുറത്ത് തെങ്ങുകളും കവുങ്ങുകളും കാറ്റിനോട് കഥ പറയുന്നതായി തോന്നി.**

എന്നറിയപ്പെടുന്ന ഊട്ടിയാണ്. ഇന്ത്യയിൽ നീലക്കുറിഞ്ഞി പൂക്കുന്ന അപൂർവ്വം ചില സ്ഥലങ്ങളിൽ ഒന്നാണിത്. തോട ഭാഷയിൽ 'മലമുകളിലെ വീട്' എന്നർത്ഥവും ഇതിനുണ്ട്. പത്തര മണിയോടെ ഊട്ടിയിലെത്തി. ആദ്യം സന്ദർശിച്ചത് ഊട്ടി ബോട്ടോണിക്കൽ ഗാർഡൻ ആണ്. 1847 - ൽ ടിസേലിലെ മാർക്വിസ് നിർമ്മിച്ച ഈ ഉദ്യാനം ദോഡ്ഢബേട്ട കൊടുമുടിയുടെ ചരിവുകളിലാണ് സ്ഥിതിചെയ്യുന്നത്. ഇന്ത്യയിലെത്തന്നെ അപൂർവ്വമായ പല വൃക്ഷങ്ങളും ഇവിടെ സംരക്ഷിക്കപ്പെടുന്നു. നടന്നാലും നടന്നാലും തീരാത്ത കണ്ടാലും കണ്ടാലും മതിവരാത്ത ഈ ഉദ്യാനം മനസ്സിനെ എന്നും ത്രസിപ്പിക്കുന്നു. ചെടികളെയും വൃക്ഷങ്ങളെയും അതീവ ശ്രദ്ധയോടെ ഇവിടെ സംരക്ഷിക്കപ്പെടുന്നു. പിന്നീട് ഞങ്ങൾ സന്ദർശിച്ചത് ഊട്ടി റോസ്ഗാർഡൻ ആണ്. നയന മനോഹരമാണ് റോസ്ഗാർഡനിലെ കാഴ്ച. പല തരത്തിലും നിറത്തിലുമുള്ള റോസാച്ചെടികൾ പൂത്തുലഞ്ഞ് നിൽക്കുന്നത് കാണുമ്പോൾ മനസ്സിന് എന്തെന്നില്ലാത്ത ഒരു സന്തോഷം അനുഭവപ്പെട്ടു.

ഉച്ചഭക്ഷണത്തിന് ശേഷം ഞങ്ങൾ ഊട്ടി തടാകത്തിന്റെ അരികിലെത്തി. ഇവിടെനിന്നും ബോട്ടുസവാരി നടത്തി. തടാകത്തിലൂടെയുള്ള ബോട്ട് സവാരി മനസ്സിനെയും ശരീരത്തെയും കുളിർപ്പിച്ചു. അവിടെനിന്ന് 5 മണിക്ക് നമ്മൾ താമസ സ്ഥലത്തെത്തി. ഊട്ടി നഗരത്തിൽനിന്ന് ഒരു വിളിപ്പാടകലെയാണ് നമ്മുടെ താമസസ്ഥലം. ആ സ്ഥലത്തിനടുത്താണ് 'അങ്കിൾ', 'കിലുക്കം' എന്നീ




മുതുമല നാഷണൽപാർക്കിലെ പതിവുദൃശ്യം

സിനിമകൾ ഷൂട്ട് ചെയ്തത്. അന്നത്തെ ഞങ്ങളുടെ ആഹാരം ചപ്പാത്തിയും ചിക്കനുമായിരുന്നു. ഇത് ഞങ്ങൾ തന്നെയാണ് പാചകം ചെയ്തത്. അതുകൊണ്ടുതന്നെ നല്ല സ്വാദ് ആസ്വദിച്ചാണ് അന്ന് ഭക്ഷണം കഴിച്ചത്. ഇത് വേറിട്ടൊരു അനുഭവം തന്നെയായിരുന്നു. നവംബർ 12 ന് രാവിലെ തന്നെ, മാമരം കോച്ചും തണിപ്പിൽ ദൊഡ്ഢബട്ട പീക്കിലേക്ക് പുറപ്പെട്ടു. അവിടെ നിന്നാൽ ഊട്ടി നഗരം മുഴുവൻ കാണാം. ഒരു മണിക്കൂർ അവിടെ ചെലവഴിച്ചതിനുശേഷം ഊട്ടിയിലെ തേയില ഫാക്ടറി സന്ദർശിച്ചു. തേയില കൊളുന്ത് നുള്ളിക്കൊവന്ന് അത് ചായപ്പൊടി ആക്കുന്നതുവരെയുള്ള എല്ലാ കാര്യങ്ങളും അവിടെനിന്ന് ഇംഗ്ലീഷിൽ വിവരിക്കുന്നുണ്ടായിരുന്നു. പുറത്തിരങ്ങാൻ നേരം ഒരു കപ്പ് ചായയും അവർ തന്നു. അവിടെ നിന്നും വിവിധ ഫ്ളേവറുകളിലുള്ള ചായപ്പൊടിയും ചോക്ലേറ്റും വാങ്ങി. ഈ തേയില ഫാക്ടറിയും പരിസരവും അതിമനോഹരമായ വ്യൂപോയിന്റാണ്. എത്ര വർഷം പിന്നിട്ടാലും ഈ കാഴ്ചകൾ മനസ്സിൽനിന്നും മാഞ്ഞുപോകില്ല എന്നത് ആ സ്ഥലത്തിന്റെ ഒരു പ്രത്യേകത തന്നെയാണ്.

ഉച്ചഭക്ഷണം കഴിച്ചശേഷം നാട്ടിലേക്ക് മടങ്ങി. കാഴ്ചകൾ ആവോളം ആസ്വദിച്ച്, ഓർമ്മകൾ അയവിറക്കി, പച്ചപ്പരവതാനി വിരിച്ച പ്രകൃതിയെ മഞ്ഞുപുതപ്പുകൊണ്ട് മൂടിയ കണ്ടാലും കണ്ടാലും മതിവരാത്ത ആ പ്രകൃതിയോട് ഞങ്ങൾ വിടപറഞ്ഞകന്നു. ●

കവിത

എം. സരോജിനി
9539512916



# തുമ്പപ്പൂവ്



**അ**ല്ലയോ തുമ്പപ്പൂവേ, എവിടെപ്പോയൊളിച്ചു നീ
അന്തിയാവോളം നിന്നെത്തേടി ഞാനലഞ്ഞല്ലോ
കാണുവാനില്ല നിന്നെയെവിടെത്തിരഞ്ഞാലും
കാനനവാസത്തിന്നു പോയ് മറഞ്ഞുവോ നീയും.
ദുഷ്ടനാം കരിവണ്ടിൻ ഗാഢമായാശ്ലേഷത്താൽ
പൊട്ടിയതാണോ നിന്റെ ശുദ്ധിയും വിശുദ്ധിയും ?
കൊച്ചരിപ്പല്ലും കാട്ടി നാണിച്ചു നില്ക്കുംന്നേരം
പിച്ചവെച്ചരികത്തു വന്നുവോ പൂമ്പാറ്റയും ?
അക്കൊച്ചു ഗേഹത്തിന്റെയങ്കണത്തിങ്കൽ നല്ല
പൂക്കളം വിരചിച്ചു നീ വെറും തുമ്പപ്പൂവോ
പിഞ്ചു കുഞ്ഞുങ്ങളേയും തോല്പിക്കുന്ന നിൻകാന്തി
കൊഞ്ചുന്ന ഹൃദയത്തെ ഗാഢമായ് പുണർന്നാലും
നീയെങ്ങുപോയ് കാണുവാനില്ല നിന്നെ
നീയെന്റെ ചാരേ വന്നു നില്ക്കുമോ മോഹത്തോടെ
എന്നിനിക്കാണും നിന്റെ ശുഭ്രമാം രൂപത്തെ ഞാൻ
അന്നുമാത്രമേയെന്റെ ജീവിതം ധന്യമാകൂ.

●

സർവ്വീസ് സ്റ്റോറി

പി.വി. കരുണാകരൻ
9995219253



# ആദ്യത്തെ പ്രമോഷൻ

സാധരണപോലെ അന്നും ആഫീസിൽ പോയി ജോലിയിൽ വ്യാപൃതനായി. കുറച്ചുകഴിഞ്ഞപ്പോൾ പതിവുപോലെ പോസ്റ്റ്വുമൺ വന്നു. ആഫീസിലേക്കുള്ള കത്തുകൾ നല്കി തിരിച്ചുപോയി. പ്യൂൺ കവറുകളെല്ലാം പോട്ടിച്ച് സീൽപതിച്ച് ഒരു ഫയൽപാഡിൽ കെട്ടി ആഫീസറുടെ മേശപ്പുറത്ത് വെച്ചു. അപ്പോൾ ആഫീസർ മുറിയിൽ ഇല്ലായിരുന്നു. ചില ഔദ്യോഗിക കാര്യങ്ങൾ ചർച്ച ചെയ്യുവാനായി ജില്ലാ കളക്ടറെ കാണാൻ പോയതായിരുന്നു.

കുറച്ചുസമയം കഴിഞ്ഞതിനുശേഷം ആഫീസർ തിരിച്ചെത്തി. മേശപ്പുറത്ത് വച്ച തപാലുകൾ ഓരോന്നായി അദ്ദേഹം പരിശോധിച്ചു. ഉടൻ ആഫീസറുടെ മുറിയിൽനിന്നും ഒരു ബെല്ലടി ശബ്ദം കേട്ടു. പ്യൂൺ ആഫീസറെ ചെന്ന് കണ്ടു. കരുണാകരനോട് വരാൻ പറയൂ. ഇതു കേട്ടയുടനെ പ്യൂൺ എന്റെ സീറ്റി നരികെ വന്നു. ആഫീസർ വിളിക്കുന്നതായി അറിയിച്ചു.

എനിക്ക് ആകെ പരിഭ്രമമായി. കളക്ടറുമായുള്ള സംഭാഷണത്തിൽ എന്റെ സെക്ഷനിൽപ്പെട്ട എന്തെങ്കിലും കാര്യത്തെപ്പറ്റി ചോദിക്കാനായിരിക്കുമോ ? – ഒരു വിധം ധൈര്യം സംഭരിച്ച് ഞാൻ ആഫീസറുടെ മുന്നിൽ ച്ചെന്ന് അഭിവാദ്യം ചെയ്തു. പ്രത്യഭിവാദ്യമൊന്നും അദ്ദേഹം നല്കിയില്ല. പകരം എന്റെ മുഖത്തുനോക്കി അല്പം ഗൗരവത്തോടെ എന്നോട് ചോദിച്ചു : 'തന്നെ വിളിച്ചത എന്തിനാണെന്ന് അറിയാമോ ?'

'ഇല്ല സാർ' – ഞാൻ വളരെ വിനയാന്വിതനായി മറുപടി പറഞ്ഞു. വളരെ സീരിയസ്സായ ഒരു കാര്യം പറയാനാണ് വിളിപ്പിച്ചത് – ആഫീസർ വീണ്ടും ഗൗരവത്തിൽ.

എന്നും പുഞ്ചിരിയോടെ സമീപിക്കുന്ന ആഫീസർക്ക് ഇന്ന് എന്തുപറ്റി. സങ്കടം മനസ്സിൽ ഒതുക്കിക്കൊണ്ട് ഞാൻ കാത്തുനിന്നു. പെട്ടെന്ന് ഒരു പൊട്ടിച്ചിരിയോടെ ആഫീസർ പറഞ്ഞു : congratulation. എനിക്ക് ഒന്നും മനസ്സിലായില്ല.
"മനസ്സിലായില്ല അല്ലേ, എന്നാൽ കേട്ടോളൂ" – ചിരിച്ചുകൊണ്ട് ആഫീസർ എന്റെ കൈ പിടിച്ച് അദ്ദേഹത്തിന്റെ സമീപത്തു നിർത്തിയിട്ടു പറഞ്ഞു : പ്രൊമോഷൻ. ഞാൻ വീണ്ടും സംശയത്തിലായി. ആഫീസർക്ക് പ്രൊമോഷൻ ആയിട്ട് എന്നെയെന്തിനാ ഇങ്ങനെ നിർത്തി പ്പൊരിക്കുന്നത്. ആഫീസർ തുടർന്നു : എനിക്കല്ല. നിങ്ങൾക്കാണ്. ഞാൻ അത്ഭുതപ്പെട്ടുപോയി. പ്രൊമോഷൻ സംബന്ധിച്ച് യാതൊരു പ്രതീക്ഷയോ സൂചനയോ ഉണ്ടായിരുന്നില്ല. ജീവിതത്തിലെ ആദ്യത്തെ പ്രൊമോഷൻ. ആനന്ദലബ്ധിയ്ക്കിനിയെന്തുവേണം എന്നു പറഞ്ഞതുപോലെ ഞാൻ ചിന്താഗ്രസ്തനായി.

ആഫീസർ തുടർന്നു : ഡിപ്പാർട്ട്മെന്റിന്റെ ഷോറൂമിലേക്കാണ്

പോസ്റ്റ് ചെയ്തിരിക്കുന്നത്. U.D. Accountant ആയിട്ട്. അവിടത്തെ ജോലി ബുദ്ധിമുട്ടില്ലാത്തതാ. പ്രൊമോഷനല്ലെ. ഉടൻ പോയി ജോയിൻ ചെയ്യണം. പിന്നെ ഒരു കാര്യം. സെക്ഷനിലെ അടിയന്തിരപ്രാധാന്യമുള്ള  ഫയലുകളെല്ലാം ഒന്നു ശരിയാക്കിത്തരണം. പകരം വരുന്നയാൾക്ക് വിഷയവുമായി പരിചയമുണ്ടാകില്ലല്ലോ. നിങ്ങൾ ഈ ആഫീസിന്റെ ഒരു അസറ്റ് ആണ്. പക്ഷെ, പ്രൊമോഷൻ ആയതുകൊണ്ട് ഇവിടെ നിർത്താൻ പറ്റില്ലല്ലോ. തുടർന്ന് ഉത്തരവ് എന്നെ കാണിച്ചു. ശരിയായിരുന്നു ആ ഉത്തരവ്. പക്ഷെ, ചങ്കിൽ ഒരു ഇടിത്തീ വന്നുപെട്ടതുപോലെ തോന്നി. കേരളത്തിന്റെ വടക്കെ അറ്റത്തുള്ള എന്നെ സംസ്ഥാനത്തിന്റെ തെക്കെ അറ്റത്തേക്ക് ട്രാൻസ്ഫർ ചെയ്തുകൊണ്ടാരു പ്രൊമോഷൻ. സുഖവും ദു:വും കലർന്ന ജീവിതത്തിലെ ആദ്യത്തെ വിദൂരവാസം.

ആഫീസ് വിട്ട് വൈകുന്നേരം വീട്ടിലെത്തി. പ്രൊമോഷന്റെ കാര്യം കേട്ടപ്പോൾ ആദ്യം സന്തോഷിച്ചെങ്കിലും ദൂരേയ്ക്ക് പോകുന്നത് വീട്ടുകാർക്കും അത്ര ഇഷ്ടമുള്ള കാര്യമായിരുന്നില്ല. പ്രായമായ രക്ഷിതാക്കൾ. അവരുടെ ഏക ആശ്രയമായ എന്റെ സാമീപ്യം അകന്നുപോകുമ്പോൾ അവർക്കുണ്ടാകുന്ന മനോവേദനയോർത്ത് എനിക്ക് സഹതപിക്കാനേ മാർഗ്ഗമുണ്ടായിരുന്നുള്ളു. കാരണം സർക്കാർ ഉദ്യോഗസ്ഥനായ എനിക്ക് ആ  ഉത്തരവിലെ നിർദ്ദേശം പാലിച്ചല്ലേ പറ്റൂ.

പിറ്റെ ദിവസം പതിവിലും നേരത്തെ ആഫീസിൽ എത്തി. പ്രധാന ഫയലുകളെല്ലാം ഓരോന്നായി എഴുതി പൂർത്തിയാക്കി.  വൈകുന്നേരത്തോടെ സൂപ്രണ്ടിന്റെ  മേശപ്പു റത്തുവച്ചു. എന്നിട്ട് ആഫീസറോട് വിവരം പറഞ്ഞു. അപ്പോഴേക്കും റിലീവിങ് ഓർഡർ എത്തി. ഉടൻ ചാർജ്ജ് ലിസ്റ്റ് തയ്യാറാക്കി ബന്ധപ്പെട്ട ക്ലാർക്കിന് കൈമാറി. അതിനിടയിൽ ആഫീസിൽ ഒരു തിരക്കും ബഹളവും. ഒരു യാത്രയയപ്പ് പാർട്ടി ഒരുക്കുന്നതിനു വേണ്ടി. എല്ലാം ധൃതിയിൽ സമാപിച്ചു. സ്നേഹത്തോടെ പെരുമാറുകയും സഹകരിക്കുകയും ചെയ്ത വരെ താൽക്കാലികമായെങ്കിലും വിട്ടുപിരിയേണ്ടിവരുന്നതിന്റെ ദു:ഖം മനസ്സി ലൊതുക്കി എല്ലാവരോടും യാത്ര പറഞ്ഞ് വീട്ടിലേക്ക് പോയി.

പിറ്റെ ദിവസം രാത്രിയിൽ തിരുവനന്തപുരത്തേക്ക് വണ്ടി കയറി. മലബാറിലാലായിരുന്നു യാത്ര.

**പ്രമോഷൻ ഉത്തരവ് പക്ഷെ, ചങ്കിൽ ഒരു ഇടിത്തീ വന്നുപെട്ടതുപോലെ തോന്നി. കേരളത്തിന്റെ വടക്കെ അറ്റത്തുള്ള എന്നെ സംസ്ഥാനത്തിന്റെ തെക്കെ അറ്റത്തേക്ക് ട്രാൻസ്ഫർ ചെയ്തുകൊണ്ടൊരു പ്രൊമോഷൻ. സുഖവും ദു:വും കലർന്ന ജീവിതത്തിലെ ആദ്യത്തെ വിദൂരവാസം.**

റിസർവേഷൻ കൂട്ടുകാർ  ശരിയാക്കിത്തന്നതിനാൽ യാത്രയ്ക്ക് ബുദ്ധിമുട്ടുണ്ടായില്ല. വണ്ടിയുടെ  കുലുക്കവും മനസ്സിന്റെ ദു:ഖവും ഒത്തുചേർന്നപ്പോൾ ഉറക്കം വന്നില്ല. ചിന്തകൾ മനസ്സിനെ ഭ്രാന്തുപിടിപ്പിക്കുമോയെന്ന തോന്നൽ. നീണ്ട മണിക്കൂറുകൾ ഒരു ജയിലറയിലെന്ന പോലെ തീവണ്ടി മുറിയിൽ കഴിഞ്ഞപ്പോൾ പ്രഭാതസൂര്യൻ എന്നെ തഴുകിയുണർത്താൻ വന്നു. പ്രഭാത കർമ്മങ്ങൾ  ചെയ്തുതീർക്കുമ്പോഴേക്കും ട്രെയിൻ തമ്പാനൂരെത്തി.

അടുത്ത യാത്ര ജില്ലാ ആഫീസിലേക്ക്. ഓട്ടോയിലായതിനാൽ ആഫീസ് തിരയേണ്ടിവന്നില്ല. അതിൽനിന്നും ഇറങ്ങി ആഫീസിലേക്ക് പോയി. സൂപ്രണ്ടിനെ കണ്ടു.  കുശലാന്വേഷണത്തിനുശേഷം ആഫീസർ മുമ്പാകെ ചെന്ന് ജോയിൻ റിപ്പോർട്ട് സമർപ്പിച്ചു. കണ്ണൂരിൽ നേരത്തെ ഇരുന്ന സാറായതിനാൽ നല്ല പരിചയമുണ്ടായിരുന്നു. ആഫീസ്  വിശേഷങ്ങളും വീട്ടുവിശേഷങ്ങളുമെല്ലാം പരസ്പരം കൈമാറി. ആഫീസർ തുടർന്നു : നിങ്ങൾ ഷോറൂമിലൊന്നും പോയി മടിയനാവണ്ട. ഇവിടെ അക്കൗണ്ട് സെക്ഷൻ ഒഴിവാണ്. നിങ്ങൾ അവിടെ ജോലി ചെയ്താൽ മതി. സൂപ്രണ്ടിനെ വിളിച്ചുവരുത്തി. എന്നിട്ട് വർക്കിങ് അറേഞ്ചുമെന്റ് ഓർഡർ ഇഷ്യൂ ചെയ്യാൻ പറഞ്ഞു. സൂപ്രണ്ട് എന്നെ കൂട്ടിക്കൊണ്ടുപോയി സെക്ഷൻ കാണിച്ചു തന്നു. കുറെക്കാലമായിട്ട് ആ സെക്ഷനിൽ ആളില്ലാത്തതിനാൽ ധാരാളം ബില്ലുകളും മറ്റും  കെട്ടിക്കിടപ്പുണ്ടായിരുന്നു.രാത്രിയൊക്കെ ഇരുന്ന് അവയെല്ലാം പരിശോധിച്ചു. ഹോസ്റ്റലിന്റെ ചില ബില്ലുകളിൽ അപാകതകണ്ടതിനാൽ കുറിപ്പെഴുതി തിരിച്ചയക്കുന്നതിനുള്ള ഉത്തരവിനായി ആഫീസർക്കു സമർപ്പിച്ചു.

ഞാൻ ജോയിൻ ചെയ്തതറിഞ്ഞ് ഹോസ്റ്റലിലെ സ്റ്റ്യുവാർഡ് ആഫീസർ വന്നു. ബില്ലിന്റെ കാര്യം പറഞ്ഞപ്പോൾ അപാകതയുള്ള കാര്യം സൂചിപ്പിച്ചു. അധികം തുക ചെലവഴിക്കേണ്ടി വന്നത് ഡയറക്ടർ  ചില സാധനങ്ങൾ വാങ്ങിക്കൊടുക്കണമെന്ന് പറഞ്ഞതുകൊണ്ടാണെന്ന് അദ്ദേഹം മറുപടി നല്കി. അങ്ങനെയാണെങ്കിൽ ഡയറക്ടറുടെ ഉത്തരവ് വാങ്ങിത്തന്നാൽ മതിയെന്ന് ഞാൻ പറഞ്ഞു. അത് സമ്മതിച്ച അദ്ദേഹം തിരിച്ചു പോയി.



ആഫീസ് സമയത്തിനുശേഷം വൈകുന്നേരങ്ങളിൽ നടക്കാൻ പോകും. ശ്രീപത്മനാഭക്ഷേത്രസന്നിധിയിലാണ് അധികവും പോകുക. അവിടെ വലിയ ഭക്തജനത്തിരക്കാണ്. ധാരാളം പട്ടുകച്ചവടക്കാരുണ്ടാകും. താമരയുടെയും മുല്ലയുടെയും സുഗന്ധം അവിടെ അലയടിക്കും. അമ്പലമണിനാദവും ഭക്തിഗാനങ്ങളും മന സ്സിന് ഉന്മേഷം  പകരും. ഒരു ദിവസം വൈകുന്നേരം ഹെഡാഫീസിലെ ഒരു ക്ലാർക്കിനെ കണ്ടുമുട്ടി. മുൻപരിചയമുള്ള ആ സുഹൃത്തുമായി കുറെനേരം സംസാരിച്ചു. സംസാരത്തിനിടയിൽ ഞാൻ ബില്ലിന്റെ കാര്യം സൂചിപ്പിച്ചു. അപ്പോൾ സ്റ്റ്യുവാർഡ് ഡയറക്ടറെ കണ്ടതും ഡയറക്ടർ അദ്ദേഹത്തെ വഴക്കുപറഞ്ഞതുമെ

ല്ലാം സുഹൃത്ത് എന്നോട് പറയുകയുണ്ടായി.

അതിനുശേഷം ഒരു ദിവസം സ്റ്റ്യുവാർഡ് ചലാൻ രശീതുകളു മായി ആഫീസിൽ വന്നു. അധികം തുകയുടെ ചലാനു കൾ പരിശോധിച്ചു ശരിയാണെന്നു കണ്ട ബിൽ പാസ്സാക്കി ക്കൊടുത്തു.



അടുത്തൊരു ദിവസം രാവിലെ ഒരു ജാഥ പ്രകടനമായി മുദ്രാവാക്യം വിളിച്ചുകൊണ്ട് ആഫീസിന്റെ മുന്നിലേക്ക് വന്നു. അവർ എല്ലാ മുറികളിലേക്കും ചാടിക്കയറി ആഫീസിലെ ജീവനക്കാരെ ഭീഷണിപ്പെടുത്തുകയുണ്ടായി. പി.എ. (പേഴ്സണൽ അസിസ്റ്റന്റ്) സമരക്കാരുമായി സംസാരിച്ച് ഒരു വിധം സമാധാനിപ്പിച്ച് തിരിച്ചയച്ചു.

സ്റ്റ്യുവാർഡിന്റെ കൈയിൽനിന്നും പണം പൊയതിന്റെ പ്രതികാരമായിരുന്നു അന്തേവാസികളെക്കൊണ്ട് ഇത്തരം പ്രക്ഷോഭം നടത്തിച്ചത്. അക്രമം ഭയന്ന് ജീവനക്കാരെല്ലാം ശ്വസമടക്കിപ്പി ടിച്ചിരിപ്പായിരുന്നു. മലപോലെ വന്നവർ എലിപോലെ പോയപ്പോൾ എല്ലാവർക്കും ശ്വാസം തിരിച്ചുകിട്ടി. എല്ലാവരും ഓടിപ്പോയി പി. എ. യോട് നന്ദി പറഞ്ഞു. സംഭവം കേട്ടറിഞ്ഞ് സുഹൃത്തുക്കൾ തമാശയായി പറഞ്ഞത് ശ്രീപത്മനാഭന്റെ തൃക്കടാക്ഷം കൊണ്ടാണ് തല്ല് കൊള്ളാതെ രക്ഷപ്പെട്ടത് എന്നാണ്. ഈ പ്രൊമോഷൻ അത്രവേഗം മറക്കാൻ പറ്റുമോ ? മറക്കാൻ ശ്രമിച്ചാലും ഓർമ്മകൾ ഓടിയെത്തും ഒരു നിഴൽ പോലെ....!

•



**കെ. എസ്. എസ്. പി. യു. കല്ല്യാശ്ശേരി ബ്ലോക്ക് ആദ്യ കമ്മിറ്റി**
**2012-13**

കവിത

കെ. സുമിത്ര
9400461869



# ഭൂമിക്കു തലവേദന

തുടിക്കുന്നു മനുഷ്യരിന്നീ ഭൂവിൽ
ഓവുചാലിലെ പുഴുക്കൾപോൽ
കൊത്തിവലിക്കുന്നു തെരുവിൽ ചാരിത്ര്യം
കുത്തിമലർത്തുന്നു ബാല്യകൗമാരങ്ങൾ
വാർക്യപീഡയാൽ പിടയുന്നോരെ
തള്ളുന്നു മക്കൾ പശുത്തൊഴുത്തിലും പട്ടിക്കൂട്ടിലും
മാനം കാക്കേണ്ടോർ മാനം കക്കുന്നു
നീതിപീഠത്തിൽ പട്ടാപ്പകൽ
നെഞ്ചിലെ പാലൂറ്റിക്കുടിപ്പോർ തന്നെ
ദുരമൂത്ത യൂദാസായൊറ്റിക്കൊടുക്കുന്നു.
ജീവൻ ബലിയേകി നേടിയ സ്വാതന്ത്ര്യം
ദുശ്ശാസനന്മാരിലോ നൽകിയതിന്ന്
സ്വാതന്ത്ര്യമെവിടെയെന്നന്വേഷിക്കാൻ
സ്വതന്ത്രക്കമ്മീഷൻ പിറക്കുമോ ?
പോക്കറ്റ് മാത്രം ലക്ഷ്യമാക്കി
നാടിനെ വിൽക്കും മഹാത്മാക്കളേ,
സ്ത്രീ സ്വാതന്ത്ര്യം സ്ത്രീ സുരക്ഷ
ബലാൽസംഗക്കൊല തുടർക്കഥ
സ്വാതന്ത്ര്യഗീതികളാലൂർജ്ജം നൽകിയ
മഹാകവികൾ വിഡ്ഢികളാകുമോ ?
ഇനിയുമൊരു ലോകയുദ്ധം ജനിക്കുമോ ?
ചരിത്രങ്ങളാവർത്തിക്കുമോ വീണ്ടും !
ജനിക്കുമോ ബുദ്ധനും ഗാന്ധിയും
പിറക്കുമോ കൃഷ്ണാവതാരം മന്നിൽ.
ഭാരത ധരതൻ ദുർഗ്ഗതി നോക്കി
മൗനം ഭജിക്കും മഹാത്മാക്കളേ,
ദുശ്ശാസനന്മാരൊരു കോടിയെങ്കിൽ
ഇരുകോടി ഭീമരുമുന്നോർക്ക !

●



ലേഖനം

പി.വി. കുഞ്ഞിരാമൻ

9446283987



# 'നാം ഒരു കുടുംബം'



**കേ**രളത്തിലെ സർവ്വീസ്പെൻഷൻകാരിൽ ബഹുഭൂരിപക്ഷവും അണിനിരന്ന ഏക അംഗീകൃത പെൻഷൻ സംഘടയായ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയന് 32 വയസ്സ് പൂർത്തിയായിരിക്കുകയാണല്ലോ. വയോജനങ്ങളുടെ സംഘടനയാണെങ്കിലും കർമ്മനിരതമായ യൗവനയുക്തമായ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്ന സംഘടയായി ഈ ഐക്യപ്രസ്ഥാനം വളർന്നിരിക്കുകയാണ്. പെൻഷൻകാരുടെ അവകാശങ്ങൾ നേടിയെടുക്കുന്നതിനുള്ള പ്രക്ഷോഭ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതോടൊപ്പം പൊതുസമൂഹത്തെ ബാധിക്കുന്ന എല്ലാ പ്രശ്നങ്ങളിലും പ്രതികരിക്കുന്ന ഒരു പ്രസ്ഥാനം എന്ന നിലയിലും സാമൂഹ്യ പ്രതിബദ്ധത പുലർത്തുന്ന മാനവികതയുടെ മുഖമുള്ള ഒരു പ്രസ്ഥാനം എന്ന നിലയിലും സംഘടന വളർന്നു കൊണ്ടിരിക്കുകയാണ്.

കേരളപ്പിറവിക്കുശേഷം സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും പെൻഷൻകാർ സംഘടിച്ച് ചെറുതും പലുതുമായ പല സംഘടനകളും രൂപീകരിച്ചിരുന്നു. പ്രാദേശികമായി രൂപീകരിച്ച ഇത്തരം സംഘടനകൾ വ്യത്യസ്ത പേരുകളിലും വ്യത്യസ്ത നേതൃത്വത്തിലും ആയിരുന്നു. ഇങ്ങനെ ഭിന്നിച്ച് നിന്ന് വിഭാഗീയ പ്രവർത്തനങ്ങൾ നടത്തിയാൽ പെൻഷൻകാരുടെ അവകാശങ്ങൾ നേടിയെടുക്കാനാവില്ലെന്ന ചിന്ത ക്രമേണ പെൻഷൻ സംഘടകളിൽ ഉരുത്തിരിഞ്ഞുവന്നു. ആയിരത്തി തൊള്ളായിരത്തി എൺപതുകളിൽ കേരളത്തിലുണ്ടായിരുന്ന പ്രബല പെൻഷൻ സംഘടനകളായിരുന്നു കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് അസോസിയേഷനും കേരള സർവ്വീസ് പെൻഷനേഴ്സ് സമാജും കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് ഓർഗ്ഗ നൈസേഷനും.

പെൻഷൻകാരുടെ കണ്ണീരൊപ്പാൻ ഒറ്റ സംഘടന എന്ന ആശയം ശക്തിപ്പെട്ടുവന്നതിന്റെ ഫലമായി കൂടിയാലോചനകൾ പലവട്ടം നടന്നു. ഒടുവിൽ 1992 മാർച്ച് 10 ന് കെ.എസ്. എസ്.പി.എ., കെ.എസ്.പി.എസ്. എന്നീ സംഘടനകൾ തിരുവനന്തപുരത്ത് സമ്മേളിച്ച് സംയോജന പ്രഖ്യാപനം നടത്തി. തുടർന്ന് യൂണിറ്റ്, ബ്ലോക്ക്, ജില്ല തലങ്ങളിൽ സംയോജനപ്രക്രിയ പൂർത്തിയാക്കി. അങ്ങനെ ഇരു സംഘടനകളും ലയിച്ച് 1992 മെയ് 14 ന് കേരളത്തിലെ സർവ്വീസ് പെൻഷൻകാരുടെ ആശയും ആവേശവുമായ കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് യൂണിയൻ യാഥാർഥ്യമായി. തുടർന്ന് ആലപ്പുഴ കേന്ദ്രമായി പ്രവർത്തിച്ചിരുന്ന കേരള സ്റ്റേറ്റ് സർവ്വീസ് പെൻഷനേഴ്സ് ഓർഗനൈസേഷനും കെ.എസ്.എസ്.പി.യു. വിൽ ലയിച്ചു. കക്ഷിരാഷ്ട്രീയത്തിനും കാറ്റഗറി വ്യത്യാസങ്ങൾക്കും ജാതി-മത-പ്രാദേ

ശിക ചിന്താഗതികൾക്കും അതീതമായി പെൻഷൻകാർ 'നാം ഒരു കുടുംബം' എന്ന മഹത്തായ മുദ്രാവാക്യവുമായി കേരളത്തിന്റെ പെൻഷൻ സമൂഹത്തിന്റെ കരുത്തുറ്റ ഏക സംഘടനയായി കെ.എസ്.എസ്.പി.യു. എന്ന മഹാപ്രസ്ഥാനം തലയുയർത്തി നിൽക്കുന്നു.

ഈ അവസരത്തിൽ കെ.എസ്.എസ്.പി.യു. കല്ല്യാശ്ശേരി ബ്ലോക്ക് കമ്മിറ്റിയുടെ പ്രവർത്തനവും ഒരു വ്യാഴവട്ടക്കാലം പിന്നിടുകയാണ്. 2012 മാർച്ചിലാണ് കല്ല്യാശ്ശേരി ബ്ലോക്ക് കമ്മിറ്റി രൂപം കൊണ്ടത്. സംസ്ഥാന തലത്തിൽ റവന്യൂ ബ്ലോക്ക് പുന:സംഘടനയുടെ ഭാഗമായി തളിപ്പറമ്പ് ബ്ലോക്കിൽപ്പെട്ട കല്ല്യാശ്ശേരി, പാപ്പിനിശ്ശേരി, ഇരിണാവ്,



ചിത്രൻ നമ്പൂതിരിപ്പാട്
കെ.എസ്.എസ്.പി.യു.
സ്ഥാപക ജനറൽ സിക്രട്ടറി

കണ്ണപുരം, ചെറുകുന്ന്, കണ്ണാടിപ്പമ്പ്, നാറാത്ത് എന്നീ ഏഴ് യൂണിറ്റുകളും ബ്ലോക്കിൽപ്പെട്ട ഏഴോം, മാടായി, മാട്ടൂൽ എന്നീ മൂന്ന് യൂണിറ്റുകളും ഉൾപ്പെടുത്തിയാണ് പുതിയ ബ്ലോക്ക് രൂപീകരിച്ചത്. 3.3.2012 ന് ചെറുകുന്ന് സർവ്വീസ് സഹകരണ ബേങ്ക് ഓഡിറ്റോറിയത്തിൽ ചേർന്ന പ്രഥമ യോഗത്തിൽ ശ്രീ ആർ. ഗോപാലൻ പ്രസിഡണ്ടും ശ്രീ ഇ.പി. പത്മനാഭൻ സെക്രട്ടറിയും ശ്രീ എം.വി. കൃഷ്ണൻ ട്രഷററുമായി കല്ല്യാശ്ശേരി ബ്ലോക്ക് കമ്മിറ്റി പ്രവർത്തനമാരംഭിച്ചു. ആദ്യ ബ്ലോക്ക് കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് ചെറുകുന്ന് കതിരുവെക്കുംതറ ആസ്ഥാനമാക്കിയാണ് പ്രവർത്തനം. തറയ്ക്കു സമീപ മുള്ള കൊച്ചു വാടകമുറിയാണ് ഓഫീസ്.

**2012-13 മുതൽ കമ്മിറ്റിക്ക് നേതൃത്വം നൽകിയ ഭാരവാഹികൾ :**

ആർ. ഗോപാലൻ, സി. ലക്ഷ്മിക്കുട്ടി, കെ.വി. സുകുമാരൻ എന്നിവർ പ്രസിഡണ്ടുമാരായും ഇ.പി. പത്മനാഭൻ, എ.വി. പ്രഭാകരൻ എന്നിവർ സെക്രട്ടറിമാരായും എം.വി. കൃഷ്ണൻ, വി. ഗോപാലൻ, എൻ. മുകുന്ദൻ എന്നിവർ ട്രഷറർമാരായും വിവിധ കാലയളവിൽ നേതൃത്വം നല്കി. ഇപ്പോൾ എം. സരോജിനി പ്രസിഡണ്ടായും എം. ലക്ഷ്മണൻ സെക്രട്ടറിയായും കെ. ദാമോദരൻ (കണ്ണാടിപ്പറമ്പ്) ട്രഷററായും പ്രവർത്തിച്ചുവരുന്നു.

ദീർഘകാലം കെ.എസ്.എസ്.പി.യു. കണ്ണൂർ ജില്ലാ സെക്രട്ടറിയേറ്റ് അംഗമായും സംസ്ഥാന കമ്മിറ്റി അംഗമായും പ്രവർത്തിച്ചിരുന്ന പി.കെ. നാരായണൻ മാസ്റ്റർ ബ്ലോക്ക്തല ഭാരവാഹികളായി പ്രവർത്തിച്ചിരുന്ന സി.വി. കുഞ്ഞിരാമൻ (നാറാത്ത്), വി. ഗോപാലൻ മാസ്റ്റർ (പാപ്പിനിശ്ശേരി), ഇ. കൃഷ്ണൻ മാസ്റ്റർ (ഇരിണാവ്), ഡി. ഗോവിന്ദൻ മാസ്റ്റർ (മാടായി), എൻ. മുകുന്ദൻ (ഏഴോം), കമ്മിറ്റി അംഗങ്ങളായിരുന്ന എ. പുരുഷോത്തമൻ മാസ്റ്റർ (കണ്ണാടിപ്പറമ്പ്), പി.വി. സീത ടീച്ചർ (ചെറുകുന്ന്), പി. വേലായുധൻ (ചെറുകുന്ന്) തുടങ്ങിയവരുടെ വേർപാട് സംഘടനയ്ക്ക് വലിയൊരു നഷ്ടമാണ്. ഇവരെയെല്ലാം ആദരവോടെ അനുസ്മരിക്കുന്നു.

കല്ല്യാശ്ശേരി ബ്ലോക്കിൽനിന്ന് പി.വി. രാഘവൻ, ഇ.പി.പത്മനാഭൻ, പി.

സരോജിനി, എം. സരോജിനി എന്നി വർ വിവിധ വർഷങ്ങളിൽ ജില്ലാ കമ്മിറ്റി അംഗങ്ങളായും പി.വി. രാഘവൻ ജില്ലാ ട്രഷററായും എം. സരോജിനി ജില്ലാ വൈസ് പ്രസിഡണ്ടായും പ്രവർത്തി ച്ചിട്ടുണ്ട്. സംഘടനാ രംഗത്ത് ദീർഘ കാലത്തെ പ്രവർത്തന പാരമ്പര്യമുള്ള ആർ. ഗോപാലൻ മാസ്റ്റർ, കെ.വി. സുകുമാരൻ മാസ്റ്റർ എന്നിവർ ബ്ലോക്ക് രക്ഷാധികാരികളായി പ്രവർത്തിച്ചിരുന്നു.

ജില്ലാ ഗ്രീവൻസെൽ കൺവീനറായ എ. നാരായണൻ ജില്ലാ കമ്മിറ്റി ട്രഷറ റായും ടി.വി. വനജാക്ഷി ജില്ലാ ജോയിന്റ് സെക്രട്ടറിയായും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ഇ.പി. പത്മനാഭൻ, എം.പി. ഗോപിനാഥൻ എന്നിവർ നടപ്പുവർഷത്തെ സംസ്ഥാന കൗൺസി ലർമാരാണ്. ബ്ലോക്ക് വൈസ് പ്രസിഡ ണ്ട് പി.വി. കുഞ്ഞിരാമൻ ബ്ലോക്ക് സാംസ്കാരിക വേദി കൺവീനറായും ബ്ലോക്ക് വൈസ് പ്രസിഡണ്ട് പി. ജനാ ർദ്ദനൻ സാന്ത്വന വേദി കൺവീന റായും ബ്ലോക്ക് കമ്മിറ്റി അംഗം പി. ശൈലജ വനിതാ വേദി കൺവീനറായും പ്രവർത്തിക്കുന്നു. കെ. ദാമോദരൻ (കല്ല്യാശ്ശേരി) സർവ്വീസ് പെൻഷണർ മാസികയുടെയും സി. ലക്ഷ്മിക്കുട്ടി ക്ഷേമനിധിയുടെ ചാർജ്ജും വഹിക്കുന്നു.

ശ്രീമാന്മാർ പി.പി. ഭാസ്കരൻ, പി.വി. ശങ്കരൻ, കെ.വി. കുഞ്ഞിരാമൻ, കെ. കരുണാകരൻ എന്നീ ജില്ലാ -സംസ്ഥാന നേതാക്കൾ വിവിധ കാലയളവിൽ കല്ല്യാശ്ശേരി ബ്ലോക്കിന്റെ ചാർജ്ജ് വഹിക്കുകയുണ്ടായി. ഇപ്പോൾ സംസ്ഥാന കമ്മിറ്റി അംഗം കെ.ടി. കത്രിക്കുട്ടിയും.

**കല്ല്യാശ്ശേരി ബ്ലോക്ക് രൂപം കൊണ്ടതു മുതലുള്ള മെമ്പർഷിപ്പ് നില**

| വർഷം | മെമ്പർഷിപ്പ് | വർഷം | മെമ്പർഷിപ്പ് |
|---|---|---|---|
| 2012-13 | 1862 | 2019-20 | 1882 |
| 2013-14 | 1829 | 2020-21 | 1885 |
| 2014-15 | 1844 | 2021-22 | 1777 |
| 2015-16 | 1863 | 2022-23 | 1783 |
| 2016-17 | 1869 | 2023-24 | 1791 |
| 2017-18 | 1895 | 2024-25 | 1795 |
| 2018-19 | 1882 | - | - |

കോവിഡ് മഹാമാരിയെത്തുടർന്ന് മെമ്പർഷിപ്പിൽ വന്ന കുറവ് യൂണിറ്റ് തല പ്രവർത്തകരുടെ ആത്മാർത്ഥ മായ പരിശ്രമത്തിന്റെ ഫലമായി പടിപടിയായി വർദ്ധിച്ചുവരികയാണ്. കല്ല്യാശ്ശേരി ബ്ലോക്കിലുള്ള ഏഴോം, ചെറുകുന്ന് എന്നീ യൂണിറ്റുകൾക്ക് സ്വന്തമായി സൗകര്യപ്രദമായ മനോ ഹരമായ കെട്ടിടങ്ങൾ (പെൻഷൻ ഭവൻ) ഉണ്ട്.

കെ.എസ്.എസ്.പി.യു. 26-ാം കണ്ണൂർ ജില്ലാ സമ്മേളനം 2018 ഏപ്രിൽ 10,11 തിയ്യതികളിൽ വളരെ ഗംഭീരമായി കല്ല്യാശ്ശേരി ബ്ലോക്കിൽ കണ്ണപുരത്തുവച്ച് നടത്തുകയുണ്ടായി. 32 -ാമത് ബ്ലോക്ക് വാർഷിക സമ്മേളനം 18.2.2024 ന് ഏഴോം - നെരുവമ്പ്രത്ത് വെച്ച് നടക്കുകയാണ്.

●

കഥ

**കെ.പി. ഗോപാലൻ**
9495326317



# ഒടുക്കം

എരിയുന്ന പകലിൽ ചുട്ടുപൊള്ളുന്ന ആകാശത്തിന് കീഴെ അയാൾ വിയർത്തൊലിച്ച് നടന്നു. അയാളുടെ പാദങ്ങൾക്ക് താഴെ ടാറിട്ട റോഡും കൊടും ചൂടിൽ തിളച്ചുകൊണ്ടിരുന്നു.

ഫർണിച്ചർ കടയിൽ ചെല്ലണം. ചൂരൽക്കസേര വാങ്ങണം.

രാത്രിയിൽ, പകൽ കുടിച്ച ചൂട് തികട്ടിയരക്കുന്ന ആകാശക്കുടക്കീഴിൽ വീടിന്റെ മണൽ വിരിച്ച മുറ്റത്തെ പാരിജാത മരച്ചോട്ടിൽ ആ കസേരയിൽ മലർന്നുകിടന്ന് പൂർണ്ണചന്ദ്രന്റെ സൗന്ദര്യം ആവോളം മോന്തിക്കുടിക്കണം.

മേലേക്കാവിലെ പാലപ്പൂമരത്തിൽ തട്ടിവരുന്ന കുളിർക്കാറ്റും പാരിജാതപ്പൂക്കളും കിന്നാരം പറയുന്നതിന് കാതോർക്കണം.

അക്കരെ കുന്നിന്റെ ഉച്ചിയിൽ രാത്രികാലങ്ങളിലെന്നും സഭ കൂടാറുള്ള കുറുക്കന്മാർ കൂക്കിവിളി തുടങ്ങുംവരെ ഉറങ്ങാതെ കണ്ണടച്ച് കിടക്കണം.

റോഡിൽ ടാറിങ്പണി തകൃതിയായി നടക്കുന്നുണ്ടായിരുന്നു. എരിയുന്ന അടുപ്പുകൾക്ക് മുകളിലെ വീപ്പകളിൽ തിളക്കുന്ന ടാറ് ഇരുമ്പ് ബക്കറ്റിലേക്ക് പകരുന്ന ചെറുപ്പക്കാരുടെ കണ്ണുകളിൽ നിന്ന് ഇറ്റിവീഴുന്നത് വിയർപ്പോ കണ്ണുനീരോ...?

ടാറിൽ കുഴച്ച കരിങ്കൽച്ചീളുകൾ ഒറ്റച്ചക്രവണ്ടികളിൽ തള്ളിക്കൊണ്ടുവരുന്ന തൊഴിലാളികളിൽ പലരും അവശതമൂലം മുടന്തിക്കൊണ്ടാണ് നടക്കുന്നത്.

ടാറിൽ പുതഞ്ഞ ജില്ലിക്കൂനകൾ ശവ്വൽകൊണ്ട് റോഡിൽ തട്ടിനിരത്തുന്ന വിരൂപനായ മറുനാടൻ തൊഴിലാളി അയാൾക്ക് അറിയാത്ത ഏതോ ഭാഷയിൽ ആരോടെന്നില്ലാതെ ശാപവാക്കുകൾ ചൊരിയുന്നതു കേട്ടപ്പോൾ അയാൾ അറിയാതൊന്നു പതറി.

റോഡരികിലെ മതിലിന്നരികിൽ നിർത്തിയിട്ട റോഡ് റോളറിന്റെ മറപറ്റി നിൽപ്പുറപ്പിച്ച കരാറുകാരന്റെ മകൻ റോഡ് റോളറിന്റെ ഭീമൻ ചക്രങ്ങൾക്ക് നനവേകാൻ ചാക്കുമായി നീങ്ങുകയായിരുന്ന തമിഴത്തിപ്പെണ്ണിനെ അവളുടെ പ്രതിഷേധം വകവെക്കാതെ ബലമായി കയറിപ്പിടിക്കുന്നതു കണ്ടപ്പോൾ അയാളുടെ നടപ്പിന് വേഗതയേറി. അവളിൽ നിന്നും ഉയർന്ന ദുർബലമായ നിലവിളിയാവട്ടെ അവന്റെ ബലിഷ്ഠമായ കൈപ്പത്തിയിൽത്തട്ടി ഒടുങ്ങിപ്പോവുകയും ചെയ്തിരുന്നു.

റോഡ് പുറമ്പോക്കിൽ പ്ലാസ്റ്റിക്

> രാത്രിയിൽ, പകൽ കുടിച്ച ചൂട് തികട്ടിയരക്കുന്ന ആകാശക്കുടക്കീഴിൽ വീടിന്റെ മണൽ വിരിച്ച മുറ്റത്തെ പാരി ജാത മരച്ചോട്ടിൽ ആ കസേരയിൽ മലർന്നുകിടന്ന് പൂർണ്ണചന്ദ്രന്റെ സൗന്ദര്യം ആവോളം മോന്തിക്കുടിക്കണം.

ഷീറ്റുകളും കീറത്തുണികളും കൊണ്ട്മറച്ച കുടിലുകളിൽ വിശന്നു തളർന്ന കുഞ്ഞുങ്ങൾ അമ്മമാരെ കാണാഞ്ഞ് നിലവിളികളുതിർത്തു. കനലുകൾ എരിയാത്ത അടുപ്പിന് മുകളിൽവെച്ച ഒട്ടിയ അലുമിനിയപ്പാത്രത്തിൽ അരിവീഴുന്നതും കാത്തിരിക്കുന്ന കിഴവൻ അടുത്തിരിപ്പുറപ്പിച്ച കിഴവിയുടെ തലയിൽനിന്നും പേൻ നുള്ളി.

അയാൾ നോക്കി നിൽക്കെ ആ നിശ്ചലദൃശ്യം ചലനാത്മകമായ മറ്റൊരു ദൃശ്യത്തിലേക്ക് വഴി മാറി.

"നാകമ്മാ..." വീരപ്പൻ കുടിലിന്റെ മുന്നിൽനിന്നും ഭാര്യയെ വിളിച്ചു.

"എന്നയ്യാ കത്ത്റെ" പുറത്തേക്കു വന്ന പൊണ്ടാട്ടിയുടെ മറുചോദ്യം.

"കാശൈ കൊട്"

"കാശാ...? എന്ന കാശ് ? ഉനക്ക് വെക്കമില്ലയാ..?" പനികൊണ്ട് അവശയെങ്കിലും ഉശിര് വിടാത്ത പെണ്ണിന്റെ മറുപടി.

"റൊമ്പം പേശാതെ, ശാരായം ശാപ്പിടാ കാശൈ കൊട്"

"ആമ്പിളെ... പെരിയ ആമ്പിളൈ... ഉനക്ക് പോയി ശാഖക്കുടാതാ... ഇന്ത പ്ലാസ്റ്റിക്, കുപ്പി, പേപ്പറെല്ലാമെ പെറുക്കി ഈ പുള്ളെയും ഉന്നൈയും പൊഴക്ക വൈത്ത് അപ്പുറം ശാരായ ശാപ്പിട പണവും വേണമാ... കടവുളൈ ഉന്നൈ ശാവടിക്ക വേണ്ടിക്കിറോം..."

"എന്ന പേച്ച്..." കോപംകൊണ്ട് ജ്വലിച്ച അയാൾ അവൾക്കൊരു ചവിട്ടു കൊടുത്തു. അവരുടെ ഇളയ കുഞ്ഞ് അത് കണ്ട് അലറിക്കരഞ്ഞു.

പിന്നീട്, അവൾ ശേഖരിച്ചുവെച്ച ആക്രിസാധനങ്ങളടങ്ങിയ ചാക്കിൽ നിന്നും കാല് പോയ ഒരിരുമ്പ് കസേല വലിച്ചെടുത്ത് അയാൾ അലറിക്കൊണ്ട് അവൾക്കുനേരെ കുതിക്കുന്നതും ഭാര്യയ്ക്കുനേരെ ഓങ്ങിയ അടി ഇടയിൽ കരഞ്ഞുകൊണ്ട് ചാടിവീണ കുഞ്ഞിനേൽക്കുന്നതും നിരപരാധിയായ കുഞ്ഞ് ചോരയിൽ കുതിർന്ന് നിലം പതിക്കുന്നതും കാണേണ്ടി വന്നതോടെ അയാൾ ഓടുവാൻ തുടങ്ങി. കിതച്ചും അണച്ചും കൊണ്ടുള്ള ആ ഓട്ടം ഒടുങ്ങിയത് ഫർണിച്ചർ കടയുടെ മുമ്പിൽ. പക്ഷേ, കടയിൽ ചെന്ന് അയാൾ ആവശ്യപ്പെട്ടത് ചൂരൽക്കസേല ആയിരുന്നില്ല. അതിരുവിട്ട കിതപ്പിനിടയിൽ അയാളുടെ ചുണ്ടുകളിൽ നിന്നും തെറിച്ചുവീണ വാക്കുകൾ ഇങ്ങനെയായിരുന്നു :

"ഒരു കയർ വേണം. ഉറപ്പുള്ള കയർ. പാരിജാതത്തിന്റെ കൊമ്പിൽ കെട്ടി ഒരാൾക്ക് തൂങ്ങിമരിക്കാൻ പാകത്തിലുള്ളത്. പിന്നെ, ഒരു ശവപ്പെട്ടിയും...!"

●



നാം തളർന്നു വീണതോ
തകർന്നു പോയതോ അവരറിയണ്ട. നാം
വസന്തത്തെ വരവേൽക്കാനായി പഴയ ഇലകൾ
പൊഴിക്കുകയാണെന്ന് അവർ
ധരിച്ചുകൊള്ളട്ടെ.



**– ജലാലുദ്ദീൻ റൂമി**

13 –ാം നൂറ്റാണ്ടിലെ വിഖ്യാത
പേർഷ്യൻ കവി, ഇസ്ലാംമത
പണ്ഡിതൻ, സൂഫിവര്യൻ



ലേഖനം

ഡോ. ഫർസാന പർവീൺ
8139016766



# നാടൻ ആഹാരവും നമ്മുടെ ആരോഗ്യവും

നല്ല ആഹാരം തെരഞ്ഞെടുത്ത് കഴിക്കുക എന്നത് നമ്മുടെ കടമയാണ്. "ആഹാര സംഭവം ശരീര" എന്നാണല്ലോ. നമ്മൾ കഴിക്കുന്ന ആഹാരം തന്നെയാണ് നമ്മുടെ ശരീരമായി മാറുന്നത്.

നമ്മുടെ കേരളീയ സംസ്കാരത്തിന്റെ തനതായ നാട്ടു ആഹാര രീതികൾ എല്ലാം തന്നെ മാറിക്കൊണ്ടിരിക്കുകയാണ്. തീൻമേശകളിൽ പാശ്ചാത്യ വൽക്കരണം നടന്നുകൊണ്ടിരിക്കുന്നു. പഴയ ചാമക്കഞ്ഞിയും പുഴുക്കും പഴങ്കഞ്ഞിയും മലയാളി മറന്നിരിക്കുന്നു. അത്തരം രീതികൾ നമുക്ക് തന്ന ആരോഗ്യ സമ്പന്നത ഇന്ന് മറഞ്ഞുകൊണ്ടിരിക്കുന്നു.

നമ്മുടെ പഴയ ഭക്ഷണ സംസ്കാരം ദഹനത്തെ സുഖമമാക്കുകയും ശോധന നല്ലരീതിയിൽ നടത്തുകയും ചെയ്തിരുന്നു. കേരളീയരുടെ പണ്ടത്തെപല ഭക്ഷണവും ഇന്ന് പുതുതലമുറയ്ക്ക് അന്യമായിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ ആരോഗ്യത്തെ ഏറെ സംരക്ഷിച്ച അത്തരം ഭക്ഷണരീതികൾ കുറച്ചെങ്കിലും പിന്തുടരേതുണ്ട് എന്നതാണ് വാസ്തവം.

അടുക്കള യന്ത്രവൽക്കരിക്കപ്പെട്ടപ്പോൾ അസുഖങ്ങൾ കൂടിയിരിക്കുന്നു. താളും തകരയും മുരിങ്ങയും ചേനയും ചേമ്പും ഇലക്കറികളും ഇന്ന് തീൻമേശകളിൽനിന്ന് മാറിപ്പോയിരിക്കുന്നു. ഇതിനിടയിൽ കൂട്ട് വരുന്നത് രോഗങ്ങൾ കൂടിയാണ്.

നല്ല ആഹാരം നമ്മുടെ ശരീരത്തെയും മനസ്സിനെയും ഒരുപോലെ നിർമ്മലമാക്കുന്നു എന്നതിൽ സംശയമില്ല.

പുത്തൻ ഭക്ഷണ ശീലങ്ങൾ നമ്മെ അനാരോഗ്യത്തിലേക്ക് നയിച്ചുകൊണ്ടിരിക്കുമ്പോൾ പഴയ ഭക്ഷണശീലങ്ങൾ ആഴ്ചയിൽ ഇടയ്ക്കെങ്കിലും പുതു തലമുറയിലേക്ക് കൈമാറുക നമ്മുടെ ലക്ഷ്യമാവട്ടെ !

●







എം.വി. കൃഷ്ണൻ മാസ്റ്റർ
(ഏഴോം)


കെ.വി. ബാലകൃഷ്ണൻ മാസ്റ്റർ
(ഏഴോം)


പി.വി. നാരായണൻ മാസ്റ്റർ
(മാടായി)


വി.വി. കൃഷ്ണൻ മാസ്റ്റർ
(മാടായി)


എൻ.കെ. മുഹമ്മദ്
(ഇരിണാവ്)


വി.വി. കൃഷ്ണൻ മാസ്റ്റർ
(ഇരിണാവ്)


പി.വി. കുഞ്ഞിക്കണ്ണൻ മാസ്റ്റർ
(ഇരിണാവ്)


പി.പി. ബാലൻ മാസ്റ്റർ
(ഇരിണാവ്)


കെ.ആർ. നാരായണൻ നമ്പ്യാർ
(ഇരിണാവ്)


ആർ. ഗോപാലൻ മാസ്റ്റർ
(കണ്ണപുരം)


ഒ. ബാലൻ നമ്പ്യാർ
(കണ്ണപുരം)


കെ.വി. സുകുമാരൻ മാസ്റ്റർ
(പാപ്പിനിശ്ശേരി)


തുത്തി നാരായണൻ
(പാപ്പിനിശ്ശേരി)


എ.വി. നാരായണൻ
(പാപ്പിനിശ്ശേരി)


പി.വി. നാരായണൻ മാസ്റ്റർ
(കല്ല്യാശ്ശേരി)


കമ്മാരൻ നായർ ടി.
(നാറാത്ത്)


കെ. എം. കുഞ്ഞിരാമൻ മാസ്റ്റർ
(നാറാത്ത്)

## ബ്ലോക്ക് കമ്മിറ്റി ആദരിച്ച
# ആദ്യകാല ബ്ലോക്ക് നേതാക്കന്മാർ

കവിത

പ്രഭാകരൻ ചെറുകുന്ന്
9447648048



# മറവി



ഊഞ്ഞാലാടിയോർ
മറന്നുപോയി
ഊഞ്ഞാലാട്ടിയ സ്നേഹക്കരങ്ങളെ.

തണലേകി നിന്നതാം തരുവിനെ
മറന്നുപോയി
വെയിലൊന്നുറങ്ങാൻ പോയനേരം.

അക്ഷരം നൽകിയ ഗുരുവിനെ
മറന്നുപോയി
അക്ഷരക്കൊടുമുടിയേറിയപ്പോൾ.

പട്ടിണി കിടന്ന നാളുകൾ
മറന്നുപോയി
പുത്തൻപണം നാല് വന്നനേരം.

ധർമ്മവും നീതിയും
മറന്നുപോയി
അധികാരം തലയിൽ പിടിച്ച നേരം.

അമ്മയെപ്പോലും
മറന്നുപോയി
നന്മ വറ്റി വരണ്ട കാലം.

•

കഥ

എ.വി. ചന്ദ്രൻ
8594019175



# സേതുമാധവൻ മാസ്റ്ററുടെ വേവലാതികൾ

കാരയാട് തോട്ടിന്നടുത്ത് താമസിക്കുന്ന സി.കെ. സേതുമാധവൻ മാസ്റ്ററെ അറിയാത്തവരായി ആ പ്രദേശത്തും പരിസരത്തും ആരുമുണ്ടാവില്ല. തോട്ടിന്റെ അടുത്തുള്ള ഒരു എയിഡഡ് ഹൈസ്കൂളിൽ മുപ്പത്തിമൂന്നുകൊല്ലം അധ്യാപകനായി ജോലി ചെയ്തു വിരമിച്ച സേതുമാധവൻ മാസ്റ്റർ പ്രദേശവാസികളുടെ സ്നേഹാദരങ്ങൾ നേടിയ വ്യക്തിയാണ്. പക്ഷേ മാഷ്ക്കിപ്പോഴും ഈ എഴുപത്തിയെട്ടാം വയസ്സിലും സ്വസ്ഥതയില്ല. എപ്പോഴും ടെൻഷൻ. വേവലാതികൾ ഒഴിഞ്ഞ നേരമില്ല. ഭാര്യ ആരോഗ്യവകുപ്പിൽനിന്ന് വിരമിച്ച ശാന്തമ്മ. ഒറ്റ മകൾ ലീലാവതി ഭർത്താവിന്റെ കൂടെ യു.കെ.യിൽ. മോശമല്ലാത്ത പെൻഷൻ കിട്ടുന്ന മാഷ്ക്ക് സാമ്പത്തിക പ്രയാസങ്ങളൊന്നുമില്ല. എന്നാലും മാഷ് അസ്വസ്ഥനാണ്. നിർവ്വചിക്കാനാവാത്ത പ്രയാസങ്ങളുടെ അഗ്നിപർവ്വതങ്ങൾ ഉള്ളിലേറ്റി നടക്കുന്ന ആളാണെന്നു തോന്നും മാഷ്ടെ നടപ്പും ഭാവങ്ങളും കണ്ടാൽ.

കഴിഞ്ഞ വെള്ളിയാഴ്ചയാണ്സംഭവം. പുറത്ത് തിളച്ചുമറിയുന്ന വെയിൽ ഉരുകിയൊലിക്കുകയാണ്. സേതുമാധവൻ മാഷ് ഹാൻഡ്ബേഗുമെടുത്ത് വരാന്തയിൽനിന്നിറങ്ങുമ്പോഴാണ് ഡ്രോയിങ് റൂമിൽനിന്ന് ശാന്തമ്മ പുറത്തേക്ക് നോക്കിയത്.

"മാഷേ, നിങ്ങളിപ്പോ എങ്ങോട്ടാ ഈ നട്ടുച്ചയ്ക്ക്"

"ഞാൻ വേഗം വരാം ശാന്തമ്മേ"

"ഊണ് കഴിച്ച് പതുക്കെ പോയാൽ പ്പോരേ. വയറുകാഞ്ഞുനിൽക്കണോ ഈ വയസ്സുകാലത്ത്"

ശാന്തമ്മ ഭർത്താവിന്റെ ധൃതിയിലുള്ള നടത്തം ശ്രദ്ധിച്ചു.

ഹാൻഡ്ബേഗ് തലയ്ക്ക് മുകളിൽ ഉയർത്തിപ്പിടിച്ചു റോഡിലേക്കിറങ്ങിയപ്പോൾ സേതുമാധവൻ മാസ്റ്ററുടെ മനസ്സിന്റെ കൂടാരത്തിൽ ചിന്തകളുടെ കടന്നലുകൾ കയറിക്കഴിഞ്ഞിരുന്നു.

എന്താ ചെയ്യാ ഇങ്ങനെയൊക്കെ സംഭവിച്ചാൽ ? മകളെ പഠിപ്പിച്ചു വലുതാക്കി. നല്ല ജോലിയും കിട്ടി. വിവാഹ നിശ്ചയത്തിന്റെ തലേ ദിവസം കാമുകന്റെ കൂടെ സ്ഥലം വിട്ടു. തന്റെ കൂടെ പഠിപ്പിച്ച രാജേശ്വരി ടീച്ചറുടെയും ഗോപാലൻ മാസ്റ്ററുടെയും മകളാണ് പണി പറ്റിച്ചത്. എന്നാലും ഇങ്ങനെയൊക്കെ ഒരു പെൺകുട്ടി ചെയ്യുമോ ? ടീച്ചറുടെയും മാസ്റ്ററുടെയും സ്വപ്നങ്ങളും പ്രതീക്ഷകളും തല്ലിക്കെടുത്തിയില്ലേ അവരുടെ മകൾ ?

പോസ്റ്റ് ഓഫീസിനു പിന്നിലുള്ള ടാർറോഡിലൂടെ നടന്ന് ഗോപാലൻ മാസ്റ്ററുടെ വീട്ടിലെത്തിയപ്പോൾ സേതുമാധവൻ മാസ്റ്റർ വിയർത്തൊലിച്ചിരുന്നു.

"എന്താ മാഷേ, ഈ വെയിലത്തന്നെ ഇങ്ങോട്ട് ?"

ഗോപാലൻ മാസ്റ്റർ സേതുമാധവൻ മാസ്റ്ററെ സൂക്ഷിച്ചു നോക്കി.

"നിങ്ങളെ മോള് ചെയ്ത കാര്യം അറിഞ്ഞപ്പോൾ ഞാനാകെ ടെൻഷനിലായി മാഷേ"

ഗോപാലൻ മാസ്റ്റർ പുഞ്ചിരിച്ചു. "സാരല്ല മാഷേ. ഓള് ഒന്നും ഞങ്ങളോട് പറഞ്ഞില്ല. അതാ ഞങ്ങളുടെ വിഷമം."

"ടീച്ചറെവിടെയുണ്ട്" - സേതുമാധവൻ മാസ്റ്റർ അന്വേഷിച്ചു.

"ഓളകത്ത് കെടക്കുന്നുണ്ട്." - ഗോപാലൻ മാസ്റ്റർ സേതുമാധവൻ മാസ്റ്ററെയും കൂട്ടി അകത്തേക്കു നടന്നു.

"മാഷേ, ന്റെ ജയശ്രീമോള് ഇങ്ങനെയൊരി കടുംകൈ ചെയ്യുമെന്ന് സ്വപ്നത്തിൽപ്പോലും വിചാരിച്ചിരുന്നില്ല." - രാജേശ്വരിയുടെ കണ്ണുകൾ നിറഞ്ഞു തുളുമ്പി.

"നീ എന്തിനാ കരയുന്നത് ?" - ഗോപാലൻ മാസ്റ്റർ രാജേശ്വരി ടീച്ചറെ നോക്കി നെടുവീർപ്പിട്ടു.

"ജയശ്രീ ഓളെ കാര്യം നോക്കി. സാരൂല്ല. അതെല്ലാം ഇപ്പഴ് നടക്കുന്നതല്ലേ...." - ഗോപാലൻ മാസ്റ്റർ തുറന്നു പറഞ്ഞു.

"ന്നാലും ഞങ്ങള് ഇങ്ങനെ വിചാരിച്ചില്ല, മാഷേ" - രാജേശ്വരി ടീച്ചർ ഭർത്താവിനെ നോക്കി കണ്ണ് തുടച്ചു.

"പോട്ടെ, സമാധാനിക്കുകയല്ലാതെ എന്താ വഴി ?" - സേതുമാധവൻ മാസ്റ്റർ ഗോപാലൻ മാസ്റ്ററോടും രാജേശ്വരി ടീച്ചറോടും യാത്ര പറഞ്ഞിറങ്ങി.

"മാഷേ, ഊണ് കഴിച്ചു പോകാം" - ഗോപാലൻ മാസ്റ്റർ ഓർമ്മിപ്പിച്ചപ്പോൾ സേതുമാധവൻ മാസ്റ്റർ പറഞ്ഞു: "വീട്ടിൽനിന്നിങ്ങുമ്പോൾ ശാന്തമ്മ പറഞ്ഞതാണ് ഊണിന്റെ കാര്യം. എനിക്ക് ചായയും ഊണുമല്ല പ്രധാനം." "എന്നാപ്പിന്നെ വേഗം പോയ്ക്കോ" - ഗോപാലൻ മാസ്റ്റർ സേതുമാധവൻ മാസ്റ്ററെ നോക്കി കൈ വീശി.

വീട്ടിലേക്കുള്ള തിരിച്ചുനടത്തം മെല്ലെയായിരുന്നു. പോസ്റ്റാഫീസിനു മുന്നിലെത്തിയപ്പോൾ വിദ്യാഭിവർദ്ധിനി ഗ്രന്ഥാലയത്തിന്റെ സെക്രട്ടറി രാജഗോപാലൻ മാസ്റ്റർ തന്നെ നോക്കി നിൽക്കുന്നു.



"മാഷെവിടുന്നാ വരുന്നത് ?" - രാജഗോപാലൻ മാഷ് അന്വേഷിച്ചു.

"ഞാൻ നമ്മളെ ഗോപാലൻ മാഷെ വീടുവരെ ഒന്നുപോയി."

"പിന്നെ, മാഷെ കണ്ടത് നന്നായി. നമ്മളെ ഗ്രന്ഥാലയത്തിന്റെ പ്രവർത്തനം തീരെ തൃപ്തികരമല്ല. പന്ത്രണ്ടായിരത്തോളം പുസ്തകങ്ങളുണ്ട്. പക്ഷേ, പുസ്തകങ്ങളെടുക്കാൻ വരുന്നവർ വളരെ കുറവ്. എന്താ ചെയ്യാ മാഷേ ? എല്ലാവർക്കും മൊബൈലു മതി. വായനേം ചർച്ചയും ആർക്കും വേണ്ട."

"രാജഗോപാലാ.. പറഞ്ഞിറ്റ് ഒരു കാര്യവുമില്ല. കാലം മാറിയില്ലേ ?

എന്നാലും ഇങ്ങനെ ആയാ പറ്റൂല്ല. നമ്മള് ഇറങ്ങി പ്രവർത്തിക്കണം. ശരി..ശരി ..ഞാൻ കൊറേ കഴിഞ്ഞ് ഗ്രന്ഥാലയത്തിൽ വരാം.''- സേതുമാധവൻ മാഷ് വീട്ടിലേക്ക് നടന്നു. രാജഗോപാലൻ മാസ്റ്റർ ഗ്രന്ഥാലയത്തിലേക്കും.

''അല്ല മാഷേ, നിങ്ങളെപ്പാ ഇനി ചോറ് തിന്ന്വാ ? സമയം എത്രായീന്നറിയോ ?'' – ശാന്തമ്മ സേതുമാധവൻ മാഷ് വരാന്തയിൽ കയറിയപ്പോൾ ചോദിച്ചു.

''സമയം എത്രയെങ്കിലുമായ്ക്കോട്ടെ. സമയത്തിനു സമയത്തിന്റെ പണി. എനിക്കു എന്റെ പണി.'' – മാഷ് ശാന്തമ്മയെ നോക്കി നിസ്സംഗതയോടെ പറഞ്ഞു.

''ക്ലോക്ക് നോക്കിയാട്ടെ. സമയം നാലര'' – ശാന്തമ്മ ഡൈനിങ് റൂമിലെ മേശപ്പുറത്ത് പ്ലെയിറ്റ് നിരത്തിവെച്ചു. ചോറും കറികളും വിളമ്പി.

''ഇതാ..വേഗം ചോറ് തിന്ന്'' – ശാന്തമ്മ സേതുമാധവൻ മാഷെ നോക്കി മുറ്റത്തിറങ്ങി.

ഭക്ഷണം കഴിച്ചുകൊണ്ടിരിക്കുന്നതിനിടയിൽ മാസ്റ്ററുടെ ചിന്തകൾ മുഴുവൻ വിദ്യാഭിവർദ്ധിനി ഗ്രന്ഥാലയത്തെപ്പറ്റിയായിരുന്നു. ചെറുപ്പക്കാർക്കെല്ലാം എന്തു പറ്റി ? എല്ലാവർക്കും അവനവന്റെ കാര്യങ്ങളിൽ മാത്രമേ ശ്രദ്ധയും താല്പര്യവുമുള്ളു. ഈ നാട് എങ്ങനെ ഇന്നത്തെ നിലയിൽ പുരോഗതി പ്രാപിച്ചു എന്നിവർ ചിന്തിക്കുന്നുണ്ടോ ? പുസ്തകം, വായന, ചർച്ച ഇതൊന്നും ആർക്കും വേണ്ടാതായോ ?

ഊണ് കഴിച്ച് എഴുന്നേറ്റപ്പോൾ ശാന്തമ്മ ഓടിയെത്തി.

''മാഷേ, നിങ്ങളെന്താ കഴിച്ചത് ? ചോറ് പകുതിയും പ്ലേറ്റിലുണ്ട്.''

''ശാന്തമ്മേ, മതി..മതി. ഇനി എനിക്കൊന്ന് വായനശാലയിലേക്ക് പോകണം.''

''വേഗം എത്തണേ. പാതിരയാക്കല്ലേ.'' – ശാന്തമ്മ സേതുമാധവൻ മാസ്റ്ററെ ഓർമ്മിപ്പിച്ചു.

മാഷ് ധൃതിയിൽ വിദ്യാഭിവർദ്ധിനി ഗ്രന്ഥാലയത്തിലേക്ക് നടന്നു. വർഷങ്ങൾക്ക് മമ്പ് താനും സുധീന്ദ്രൻ മാസ്റ്ററും പ്രസിഡണ്ടും സിക്രട്ടറിയുമായി പ്രവർത്തിച്ചതാണ് ഗ്രന്ഥാലയത്തിൽ. എന്തെല്ലാം പരിപാടികളാണ് അന്ന് ഗ്രന്ഥാലയത്തിൽ സംഘടിപ്പിച്ചത് ! ആളുകൾ അന്ന് ഒഴുകിയെത്തുകയായിരുന്നു. ഇപ്പോൾ രാജഗോപാലൻ മാസ്റ്റർ ഗ്രന്ഥാലയെത്തെയോർത്ത് സങ്കടപ്പെടുന്നു.

വായനശാലയിലെത്തിയപ്പോൾ രാജഗോപാലൻ മാസ്റ്ററും മാസ്റ്ററുടെ ഒരു സുഹൃത്തും കാത്തുനിൽക്കുകയായിരുന്നു.

''മാഷേ, രണ്ടു മൂന്ന് കമ്മിറ്റിയഗംങ്ങൾ വരുമെന്നറിയിച്ചിരുന്നു. ഇനി അവരെ പ്രതീക്ഷിച്ചിട്ട് കാര്യംല്ല.'' – രാജഗോപാലൻ മാസ്റ്റർ നിസ്സഹായനായി.

''സാരമില്ല. നിങ്ങള് മറ്റന്നാള് നാട്ടുകാരുടെ യോഗം വിളിക്ക്. ആ യോഗത്തിൽ പഞ്ചായത്ത് മെമ്പറെയും ക്ഷണിക്കണം.'' – സേതുമാധവൻ മാസ്റ്റർ അഭിപ്രായപ്പെട്ടു.

''മാഷിനി വീട്ടിലേക്ക് പോയ്ക്കോ. സമയം കുറെയായില്ലേ'' – രാജഗോപാലൻ മാസ്റ്റർ വായനശാലയിലെ ക്ലോക്ക് നോക്കി.

സേതുമാധവൻ മാസ്റ്റർ ഗ്രന്ഥാലയത്തിന്റെ പടിയിറങ്ങി മുന്നോട്ട് നടന്നപ്പോൾ രണ്ടു ചെറുപ്പക്കാർ ആടിയാടി വരുന്നത് കണ്ടു. മാഷ് അവരെ സൂക്ഷിച്ചുനോക്കി. പരിചയമില്ലാത്തവരാണ്. അവർ പുളിച്ച തെറിവാക്കുകൾ ഉറക്കെപ്പറഞ്ഞ് പൊട്ടിച്ചിരിക്കുകയാണ്.

''അതാരാടോ ഒരു കെളവൻ ?'' – ഒരു ചെറുപ്പക്കാരൻ ചങ്ങാതിയെ നോക്കി.

''വായനശാലേന്ന് ഇറങ്ങി വന്നതാ'' ചങ്ങാതി പറഞ്ഞു.

സേതുമാധവൻ മാസ്റ്റർ ചെറുപ്പക്കാരുടെ സംഭാഷണങ്ങൾ ഓർത്ത് സംഭ്രാന്തനായി. വഴിതെറ്റി നടക്കുന്ന ചെറുപ്പക്കാരെ നേർമാർഗ്ഗത്തിലേക്കു കൊണ്ടുവരാൻ ഇനി എന്താണ് ചെയ്യേണ്ടത് ? പുരോഗതിക്കു കുറുക്കു വഴികളില്ല. ചൊട്ടുവിദ്യകൾകൊണ്ട് മാറ്റാവുന്നതല്ല ചില രോഗങ്ങൾ.

വീട്ടിലേക്ക് തിരിച്ചുനടക്കുമ്പോൾ സേതുമാധവൻ മാസ്റ്റർ ചിന്താകുലനായി. എന്തെല്ലാം പ്രശ്നങ്ങളും പ്രയാസങ്ങളും പ്രതിസന്ധികളുമാണ് നമുക്ക് ചുറ്റും ഉയർന്നുവരുന്നത് ?

ലക്ഷം വീട് കോളനിക്കടുത്തെത്തിയപ്പോഴാണ് കൂട്ട നിലവിളി കേട്ടത്. ഈ രാത്രിയിൽ എന്താണിവിടെ പ്രശ്നം ? സേതുമാധവൻ മാസ്റ്റർ കോളനി റോഡിലൂടെ നടന്ന് മുന്നോട്ട് നീങ്ങുമ്പോൾ രണ്ട് ചെറുപ്പക്കാർ തടഞ്ഞു.

“മാഷേ, അങ്ങോട്ടു പോകരുത്. അവിടെ ഒരു വീട്ടിൽ ഭയങ്കര ബഹളം നടക്കുകയാണ്. മദ്യലഹരിയിൽ മകൻ അച്ഛനെ കൊന്നു. പോലീസുകാർ അങ്ങോട്ട് പോയിട്ടുണ്ട്. അപ്പോ മാഷ് അങ്ങോട്ടു പോകണ്ട.”

സേതുമാധവൻ മാസ്റ്റർ ആശങ്കാകുലനായി. കോളനി റോഡിലൂടെ മാഷ് തിരിച്ചുനടക്കാൻ തുടങ്ങി. ഇരുട്ട് വയലുകളെയും വഴികളെയും വിഴുങ്ങി ഭീതി പടർത്തി. മുന്നിലും പിന്നിലും ആരുമില്ല. മുൻ പരിചയത്തിന്റെ ബലത്തിൽ മാഷ് മെല്ലെ മെല്ലെ നടന്നു.

“ഹോ ! എന്തെല്ലാം പ്രശ്നങ്ങളെയാണ് ഇനിയും അഭിമുഖീകരക്കാനുള്ളത് ! എല്ലാറ്റിനെയും എനിക്ക് നേരിടാനാവുമോ ?”

റോഡിൽനിന്ന് വീട്ടിലേക്കുള്ള



വഴിയിലേക്ക് ഇറങ്ങുകയായിരുന്നു സേതുമാധവൻ മാസ്റ്റർ. പെട്ടെന്നാണ് മുന്നിലുള്ള കല്ലിനടിച്ച് മാഷ് മലർന്നടിച്ച് വീണത്.

“ശാന്തമ്മേ....ശാന്തമ്മേ...”

സേതുമാധവൻ മാസ്റ്ററുടെ വിളി ഇരുട്ടിൽ ആരും കേട്ടിരുന്നില്ല. കാരയാട് തോട്ടിന്നടുത്തുള്ള മരങ്ങളിൽ നിന്ന് ഏതോ രാക്കിളി നേർത്ത സ്വരത്തിൽ അപ്പോഴും പാടുന്നുണ്ടായിരുന്നു.

●

കവിത

കെ.കെ. സാവിത്രി
9496851584



# അവർ ചിരിതൂകട്ടെ

**ഗാ**സയിലെ കുരുന്നുകൾക്ക് പറയാനുള്ളത്
ബധിരകർണ്ണം തുറന്ന് കേൾക്കുവിൻ ലോകമേ
ആത്മാവിലേറ്റ മുറിവിൽ പൊടിയുന്ന-
ചോരയുടെ നീറ്റലാണീ 'യുദ്ധ'മെന്നറിയുക
ജീവിതമെന്തെന്നറിയാറായില്ലെങ്കിലും, മരണത്തിന്റെ
വിളയാട്ടം ചുറ്റിലും കാണുന്നൂ...ഞങ്ങൾ
തീ തുപ്പിപ്പായുന്ന റോക്കറ്റുകളിവിടെതകർത്തു-
ടയ്ക്കുന്നത് കാലം പണിത സൗധങ്ങല്ലേ...?
കോൺക്രീറ്റു കൂമ്പാരങ്ങൾക്കിടയിലുറ്റവരെ-
തിരയുന്നവരുടെ തളർന്ന മിഴികളിൽ-
കണ്ണീരുണങ്ങിയ ദൈന്യമാം ശൂന്യതമാത്രം.
അനാഥരായലയുകയാണ് ഞങ്ങളീയുദ്ധഭൂമിയിൽ
ആരോ നീട്ടുന്ന റൊട്ടിക്കഷണത്തിനായ്...
ഒരിറ്റു ദാഹജലത്തിനായ്...
തീ വിഴുങ്ങിയ തെരുവിലെ മണൽപ്പായയിൽ
രാവിന്റെ അരിച്ചിറങ്ങും കൊടുംതണുപ്പിൽ
അന്തിയുറങ്ങാനാവാതെ അലമുറയിടുമീ
ഞങ്ങൾക്ക് ഇത്തിരിവെട്ടം പകരാനാരുണ്ട് ?
കോവിഡെന്ന മഹാമാരിയെ വാക്സിനാൽ-
തളർത്തിക്കിടത്തിയ മാനവകുലമേ...,
പകയും സ്വാർത്ഥതയും അതിർത്തിത്തർക്കവും വെടിഞ്ഞ്.
മനസ്സിനേറ്റ വൈറസ് ആക്രമണത്തിനെതിരെ,
മറുമരുന്ന് തേടിയലയാതെയെത്രയും വേഗം
ശാന്തിതൻ തീരം തേടി യാത്രയാവുക...
'ഗാസ'യിലെ കുഞ്ഞുങ്ങൾ ചിരിതൂകട്ടെ !

●





# കെ.എസ്.എസ്.പി.യു. കല്യാശ്ശേരി ബ്ലോക്ക് കമ്മിറ്റി

**2023-24**

# കെ.എസ്.എസ്.പി.യു. കല്ല്യാശ്ശേരി ബ്ലോക്ക് കമ്മിറ്റി

## ഭാരവാഹികൾ :

എം. സരോജിനി (പ്രസിഡണ്ട്)
പി.വി. കുഞ്ഞിരാമൻ (വൈസ് പ്രസിഡണ്ട്)
പി. ജനാർദ്ദനൻ (വൈസ് പ്രസിഡണ്ട്)
വി.വി. പുഷ്പവല്ലി (വൈസ് പ്രസിഡണ്ട്)
എം. ലക്ഷ്മണൻ (സിക്രട്ടറി)
കെ.വി. ശ്രീധരൻ (ജോയിന്റ് സിക്രട്ടറി)
എം. ശൈലജ (ജോയിന്റ് സിക്രട്ടറി)
ഇ.സി. പ്രേമാവതി (ജോയിന്റ് സിക്രട്ടറി)
കെ. ദാമോദരൻ (ട്രഷറർ)
എ. നാരായണൻ (ജില്ലാ ട്രഷറർ)
ടി.വി. വനജാക്ഷി (ജില്ലാ ജോയിന്റ് സിക്രട്ടറി)
എ.വി. പ്രഭാകരൻ (സ്ഥിരം ക്ഷണിതാവ്)

## കമ്മിറ്റി അംഗങ്ങൾ :

പി. ശ്രീദേവി (ഏഴോം), കെ. പത്മനാഭൻ (ഏഴോം),
ടി. കൃഷ്ണൻ (മാടായി), കെ. യശോദ (മാടായി),
കെ.പി. ജോൺ (മാട്ടൂൽ), ദിനാമ്മ ജോൺ (മാട്ടൂൽ),
പി.പി. ചന്ദ്രൻ (ചെറുകുന്ന്), പി.വി. കരുണാകരൻ (കണ്ണപുരം),
എ. നാരായണൻ (ഇരിണാവ്), പി. ശൈലജ (ഇരിണാവ്),
എം. വില്യം ജോർജ്ജ് (പാപ്പിനിശ്ശേരി),
ലക്ഷ്മിക്കുട്ടി സി. (പാപ്പിനിശ്ശേരി),
കെ. ദാമോദരൻ (കല്ല്യാശ്ശേരി), എ. രാഘവൻ (കല്ല്യാശ്ശേരി),
യു.പു. മുഹമ്മദ് കുഞ്ഞി (നാറാത്ത്),
ഹുസൈനാർ (നാറാത്ത്)

ലേഖനം

കെ.വി. രാമകൃഷ്ണൻ
9447643951



# മാലിന്യമുക്ത നവകേരളം അനിവാര്യമാണ്

**കേ**രളം പോലെ അതിവേഗം നഗരവൽക്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന സമൂഹത്തിൽ വികസനത്തിന്റെ ബാക്കിപത്രമായി മാറുന്ന സവിശേഷ സാഹചര്യങ്ങളെ മറികടന്നുകൊണ്ടുമാത്രമേ മുന്നോട്ട് പോകാൻ സാധിക്കൂ. നാടിന്റെ പച്ചപ്പും മണ്ണിന്റെ ഉർവ്വരതയും നന്മയും ശുദ്ധജല ലഭ്യതയും പരിസരശുചിത്വവും ആരോഗ്യപ്രദമായ അന്തരീക്ഷവും നിലനിർത്തുകയെന്ന ലക്ഷ്യത്തോടെയാണ് 2016 ഹരിതകോരളം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. കേരളത്തിന്റെ സവിശേഷതകളായി പ്രകീർത്തിക്കപ്പെട്ടിരുന്ന വൃത്തിയും ജലസമൃദ്ധിയും വീണ്ടെടുത്ത് സംസ്ഥാനത്ത് സുരക്ഷിത ഭക്ഷ്യവസ്തുക്കളുടെ ഉല്പാദനം വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയാണ് മിഷൻ പ്രവർത്തിച്ചുവരുന്നത്.

മാലിന്യ സംസ്കരണ രംഗത്ത് കേരളം കൈവരിച്ച നേട്ടങ്ങൾ ദേശീയതലത്തിൽത്തന്നെ അംഗീകരിക്കപ്പെട്ടുവരുന്നുണ്ട്. ത്രിതല തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഈ രംഗത്ത് നടത്തിവരുന്ന പ്രവർത്തനങ്ങൾ ഏറെപ്രശംസയർഹിക്കുന്നവയാണ്. 2016 ഡിസംബർ 8 നാണ് സംസ്ഥാനതലത്തിൽ മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. തദ്ദേശ ഭരണസ്ഥാപന തലത്തിൽ വലിയതോതിൽ ജനകീയ പങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ട് ആരംഭിച്ച പ്രവർത്തനങ്ങൾ ശുചിത്വ മാലിന്യ സംസ്കരണ പ്രവർത്തനങ്ങളുടെയും ജൈവപച്ചക്കറി കൃഷിയുടെയും ആവശ്യകത സംബന്ധിച്ച നിരന്തര ബോധവൽക്കരണ പ്രവർത്തനങ്ങളുടെ തുടക്കം കുറിക്കുന്നതായി മാറി. ജൈവ-അജൈവ-ഖര മാലിന്യങ്ങൾ കൂട്ടിക്കലർത്തി പൊതു ഇടങ്ങളിലും കവലകളിലും തോടുകളിലും നീർച്ചാലുകളിലും പുഴകളിലും വലിച്ചെറിയുകയും ഉപേക്ഷിക്കുകയും ചെയ്യുന്ന ശീലങ്ങളിൽ നിന്നും അനിവാര്യമായ ഒരു തിരിച്ചുപോക്കിനുള്ള പ്രചോദന പ്രവർത്തനങ്ങളാണ് നിരന്തരമായി നടന്നുവരുന്നത്. തോടുകളിലും നീർച്ചാലുകളിലും മറ്റും അലക്ഷ്യമായി വലിച്ചെറിയപ്പെടുന്ന മാലിന്യകൂമ്പാരങ്ങൾ മഴക്കാലത്ത് രൂപാന്തരപ്പെടുന്ന വെള്ളക്കെട്ടുകളിൽ അഴുകി അവയെ ദുർഗന്ധപൂരിതമാക്കുന്നു. രോഗാണുക്കളുടെ ഉറവിടമായ അത്തരം ജലാശയങ്ങൾ മഴക്കാലത്ത് പലതരം രോഗങ്ങൾ പടർത്തുന്ന സാഹചര്യവും സൃഷ്ടിക്കുന്നു. മഴക്കാല രോഗങ്ങളെ ഭീതിയോടെ നോക്കിക്കണ്ട സമൂഹത്തിൽ നിരന്തരമായ ബോധവൽക്കരണം ആശാവഹമായ പ്രതികരണങ്ങളുണ്ടാക്കിയെന്ന് പറയാം. ഗ്രാമ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് വാർഡ് തലത്തിലും അയൽക്കൂട്ടതല




ത്തിലും ഇറങ്ങിച്ചെന്ന് ആരോഗ്യ പ്രവർത്തകരും കുടുംബശ്രീ ഉൾപ്പെടെയുള്ള വിവിധങ്ങളായ സന്നദ്ധപ്രവർത്തകരും നടത്തിയ തുടർച്ചയായ ബോധവൽക്കരണ പ്രവർത്തനങ്ങൾ വിജയിപ്പിക്കുന്നതിൽ പൊതുസമൂഹം നല്കിയ പിന്തുണ ഏറെ ആശാവഹമായിരുന്നു.

എന്റെ മാലിന്യം എന്റെ ഉത്തരവാദിത്വ മാണെന്ന് ബോധ്യപ്പെടുത്തുന്നതിനും ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനങ്ങൾ പരിചയപ്പെടുത്തുന്നതിനും ഹരിത കേരളം മിഷൻ നടത്തിയ ഇടപെടലു കൾ പ്രശംസാവഹമാണ്. ഏതൊരു പ്രശ്നത്തിനും പരിഹാരം തേടുമ്പോൾ എന്താണ് ബദൽ എന്നത് വളരെ പ്രസക്തമാണ്. മാലിന്യങ്ങൾ അവ രൂപം കൊള്ളുന്ന ഉറവിടത്തിൽത്തന്നെ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനത്തിലൂടെ കൂട്ടിക്കുഴക്കാതെ പ്രത്യേകം പ്രത്യേകമായി സംസ്കരിക്കുകയെന്ന വികസിത രാജ്യങ്ങൾ സ്വീകരിച്ചു വരുന്ന മാതൃക അവലംബമാക്കിയുള്ള പരിശ്രമങ്ങളാണ് പൊതുവെ സ്വീകരിക്കപ്പെട്ടത്.

മാലിന്യങ്ങൾ അവ രൂപം കൊള്ളുന്ന ഉറവിടത്തിൽത്തന്നെ ശാസ്ത്രീയമായ മാലിന്യസംസ്കരണ സംവിധാനത്തിലൂടെ കൂട്ടിക്കുഴക്കാതെ പ്രത്യേകം പ്രത്യേകമായി സംസ്കരിക്കുകയെന്ന വികസിത രാജ്യങ്ങൾ സ്വീകരിച്ചുവരുന്ന മാതൃക അവലംബമാക്കിയുള്ള പരിശ്രമങ്ങളാണ് പൊതുവെ സ്വീകരിക്കപ്പെട്ടത്.

**പ്ലാസ്റ്റിക് എന്ന സമ്പത്ത്**

ഖരമാലിന്യങ്ങളിൽ ഏറ്റവും വ്യാപകമായി ചർച്ച ചെയ്യപ്പെടുകയും കൈകാര്യം ചെയ്യപ്പെടുകയും ചെയ്തത് ക്യാരിബാഗുകൾ ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങളാണ്. എന്നാൽ അവധാനതയോടെ കൈകാര്യം ചെയ്താൽ പുനരുപയോഗത്തിലൂടെ അവയെ സമ്പത്താക്കിമാറ്റാമെന്ന് ഏറെക്കുറെ ബോധ്യ



മായിട്ടുണ്ട്. ഇവ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയമായ സമീപനവും ഉറവിടത്തിൽ വെച്ചുതന്നെ ശേഖരിക്കുന്നതിനും ഗ്രാമങ്ങൾ തോറും പ്രവർത്തിക്കുന്ന ഹരിതകർമ്മസേന പ്രവർത്തകർ കേരളത്തിന്റെ മാതൃകയായി മാറിയിട്ടുണ്ട്. സാങ്കേതികവിദ്യയുടെ മികവുകൾ കൂടി ഉപയോഗപ്പെടുത്തി ക്കൊണ്ട് എല്ലാ വീടുകളെയും ബന്ധപ്പെടുത്തി 'ഹാൾ മാർക്ക്' ചെയ്യുന്നതിനും സംസ്ഥാന തലത്തിൽതന്നെ പ്രവർത്തനം മോണിറ്ററിങ് നടത്തുന്നതിനുമുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്. നിരോധിത വസ്തുക്കൾക്ക് പകരം ഉപയോഗിക്കാവുന്നതും പുനരുപയോഗം സാധ്യമായതുമായ ബദൽ സംവിധാനങ്ങൾ ഒരുക്കുന്നതിലും ഹരിത സംരംഭങ്ങൾ വഴി സാധ്യമായി ട്ടുണ്ട്. സാമൂഹ്യമായ ഉത്തരവാദിത്വം നിറവേറ്റുവാൻ തയ്യാറാക്കുന്ന ഹരിത അംബാസിഡർമാരായ ഇവരുടെ മികവിനെ അംഗീകരിക്കാനും പ്രോത്സാഹനം നല്കുന്നതിനും സമൂഹത്തിന് ബാധ്യതയുണ്ട്. ഈ സാമൂഹ്യ ഉത്തരവാദിത്വം പൊതുവെ ഏറ്റെടുക്കപ്പെടുന്നുവെങ്കിലും ചെറിയ വിഭാഗം നിസ്സഹകരിക്കുന്നു ണ്ട്. അതുകൊണ്ടുതന്നെ സർക്കാർ ഉത്തരവിലൂടെ മാസന്തോ റും ഈടാക്കുന്ന 'യൂസർഫീ' നിയമം വഴി നിർ ബന്ധമാക്കിയിട്ടു ണ്ട്. മാത്രവുമല്ല തദ്ദേശ ഭരണ സ്ഥാപനങ്ങൾ നല്കിവരുന്ന സേവനങ്ങൾക്കും ആനുകൂല്യങ്ങൾക്കും ഹരിതകർമ്മസേനകൾക്കു നല്കിവരുന്ന യൂസർഫീ രേഖപ്പെടുത്തിയ യൂസർകാർഡ് കൂടി ഹാജരാക്കുകയെന്നതും നിയമം വഴി നിർബന്ധമാക്കിയിട്ടുണ്ട്. കൃത്യമായ പ്രവർത്തന കല ണ്ടർ തയ്യാറാക്കി ഇലക് ട്രോണിക് മാലിന്യങ്ങൾ, ചെരിപ്പുകൾ, ബാഗു കൾ, തുണികൾ, കുപ്പി-കുപ്പിച്ചില്ല് തുടങ്ങിയ മാലിന്യങ്ങളും

**കണ്ണപുരം ഗ്രാമപഞ്ചായത്ത്**
**-ഹരിതകർമ്മസേനയുടെ ബദൽ ഉല്പന്ന മാതൃകകൾ**







**പാരിസ്ഥിതിക പാദമുദ്ര**

ഉപഭോഗത്തെയും അതിന്റെ പാരിസ്ഥിതിക ആഘാതത്തെയും അളക്കുന്ന ഒരു അളവുകോലാണ് പാരിസ്ഥിതിക പാദമുദ്ര. മനുഷ്യന്റെ ആവശ്യങ്ങൾ നിവർത്തിക്കാനാവശ്യമായ പ്രകൃതിവിഭവങ്ങളുടെ അളവും പുനരൂപയോഗത്താലും അല്ലാതെയും ലഭ്യമായ പ്രകൃതിവിഭങ്ങളുടെ അളവും തമ്മിലുള്ള വ്യത്യാസമാണ് ഇതിൽ അളക്കുന്നത്.



## കാർബൺ പാദമുദ്ര

വ്യക്തിയോ വസ്തുവോ സംഘടനയോ സംഭവമോ കാരണമായി പ്രത്യക്ഷമായോ പരോക്ഷമായോ പുറപ്പെടുവിക്കുന്ന മൊത്തം ഹരിതഗൃഹവാതകത്തിന്റെ അളവിനെയാണ് കാർബൺ പാദമുദ്ര എന്ന് വിളിക്കുന്നത്. ബദൽ വികസന മാതൃകകൾ വികസിപ്പിച്ചുകൊണ്ടേ കാർബൺ ഉല്പാദനത്തിന്റെ അളവ് കുറച്ചുകൊണ്ടുവരാൻ കഴിയൂ.

ശേഖരിക്കുന്നതിന് സംവിധാന മൊരുക്കിയിട്ടുണ്ട്.

**കർശനമാക്കപ്പെടുന്ന നിയമങ്ങൾ**

മാലിന്യ നിർമ്മാർജ്ജനവും ആരോഗ്യകരമായ പരിസരമൊരുക്കലും ഗ്രാമപഞ്ചായത്തുകളുടെ ചുമതലകളിൽ അനിവാര്യവും ഏറ്റവും പ്രാധാന്യ മർഹിക്കുന്നതുമാണ്. പൊതുവെ ജനസാന്ദ്രത കൂടിയ നഗര ഗ്രാമ വ്യത്യാസമില്ലാതെ വളർന്നു വരുന്ന കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയുടെ മുന്നോട്ടുള്ള കുതിപ്പിൽ ടൂറിസം പദ്ധതികൾക്ക് വലിയ പ്രാധാന്യമുണ്ട്. പ്രകൃതി കനിഞ്ഞനുഗ്രഹിച്ച 'ദൈവത്തിന്റെ സ്വന്തം നാടി'ന്റെ സാംസ് കാരിക തനിമയും പച്ചപ്പും ജലാശയങ്ങളും പ്രകൃതിഭംഗിയും സംരക്ഷിച്ച് ഭാവി തലമുറയ്ക്ക് കൈമാറുകയെന്നത് നമ്മളിൽ അർപ്പിതമായ വലിയ കടമയാണ്. പശ്ചാത്തല മേഖലയിലും ഗതാഗത മേഖലയിലും നടന്നുവരുന്ന ദ്രുതഗതിയിലുള്ള വികസന മുന്നേറ്റ



**മന്ത്രി ഇ.പി. ജയരാജൻ കണ്ണപുരം ഗ്രാമപഞ്ചായത്തിലെ പച്ചത്തുരുത്ത് സന്ദർശിക്കുന്നു**

വും ടൂറിസം കേന്ദ്രങ്ങളുടെ വിപുലീകരണവും കേരളത്തിന്റെ സമ്പദ്‌വ്യവസ്ഥയെ മുന്നോട്ട് നയിക്കുന്ന ചാലകശക്തികളായി മാറിയിട്ടുണ്ട്.

നമ്മുടെ പരിസരവും പൊതു ഇടങ്ങളും ജലാശയങ്ങളും മാർക്കറ്റുകളും ഉൾപ്പെടെ ജനങ്ങൾ ഇടപെ ടുന്ന എല്ലാ ഇടങ്ങളും വൃത്തിയും വെടിപ്പും ആരോഗ്യപ്രദവുമായി നില നിർത്തുകയെന്നത് അനിവാര്യമാണ്. നിരന്തരമായി നടത്തിവരുന്ന ബോധവൽക്കരണങ്ങളോടൊപ്പം കർശന നിയമങ്ങൾ നിർമ്മിക്കുകയും അവ നടപ്പിലാക്കപ്പെടുന്നുവെന്ന് ഉറപ്പുവരുത്തുകയും ചെയ്യേതുണ്ട്. ഈ സാഹചര്യത്തിലാണ് 2023 ലെ പഞ്ചായത്തീരാജ് (ഭേദഗതി), 2023 ലെ മുൻസിപ്പാലിറ്റി (ഭേദഗതി) ഓർഡിനൻസുകളെ വിലയിരുത്തേണ്ടത്. ഓർഡിനൻസിലൂടെ തദ്ദേശ ഭരണ സ്ഥാപന സിക്രട്ടറിമാർക്ക് വലിയ




അധികാരമാണ് നല്കിയിരിക്കുന്നത്. മാലിന്യം വലിച്ചെറിയുന്നതിനെതിരെ അവർക്ക് തത്സമയം ചുമത്താവുന്ന പിഴ 5000 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. തെറ്റായ പവൃത്തി ചെയ്യുന്നവരെ അതിൽനിന്നും പിന്തിരിപ്പിക്കുന്നതിന് അതിനനുസരിച്ചുള്ള ഗൗരവമേറിയ പിഴ ഈടാക്കേതാണെന്ന് വ്യക്തമാക്കുന്ന ഓർഡിനൻസിൽ പരമാവധി ശിക്ഷ 50000 രുപ പിഴയും ഒരു വർഷം തടവുമാക്കിയിട്ടുണ്ട്. പൊതുവെ ജനങ്ങൾ നിയമങ്ങൾ അനുസരിക്കുന്നതും നിയമ ലംഘനങ്ങൾക്ക് മടികാണിക്കുന്നതും നിയമത്തോടുള്ള ബോധ്യവും അനുസരണയും കൊണ്ടുമാത്രമല്ലെന്നും നിയമ നടപടികൾ കർശനമാണെന്നുള്ള ഭയം കൊണ്ടാണെന്നുമുള്ളത് സമീപകാലത്ത് കേരളത്തിൽ നടപ്പിലാക്കിയ ട്രാഫിക് പരിഷ്കാരങ്ങൾ ബോധ്യപ്പടുത്തിയിട്ടുള്ളതാണ്. അതുകൊണ്ടുതന്നെ മാലിന്യനിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുമെന്ന് ഉറപ്പുവരുത്തേണ്ടത് ഭാവി കേരളത്തോട്, പുതുതലമുറയോട് നാം ചെയ്യുന്ന ഏറ്റവും പ്രധാനപ്പെട്ട ഉത്തരവാദിത്വമാണെന്ന തിരിച്ചറിവിലേക്ക് സമൂഹം ഉയരുമെന്ന് നമുക്ക് പ്രതീക്ഷിക്കാം.

●



കവിത

നീതു ബാലകൃഷ്ണൻ
9562683693



# നിർഭയരായ് ഉറങ്ങട്ടെ



**ഞാ**ൻ കോവലന്റെ കണ്ണകിയല്ല
സത്യവാന്റെ സാവിത്രിയല്ല
ഒരു ചരിത്രപുസ്തകത്തിലും
എന്റെ പേര് പതിഞ്ഞിട്ടില്ല
ഒരു കവി ഹൃദയവും എന്നെ
വാഴ്ത്തിപ്പാടിയിട്ടില്ല.

അവരെന്നെ കാമാഗ്നിയിൽ
ചുട്ടെരിച്ചപ്പോൾ
എന്റെ നാക്ക് പിഴുതെടുത്തപ്പോൾ
എന്നിലെ ശ്വാസം നിലച്ചപ്പോൾ
നിങ്ങളെന്നെ നിർഭയയെന്ന് വാഴ്ത്തി.
എന്റെ കണ്ണീരിൽ കുതിർന്ന് മുളപൊട്ടി
നിർഭയമാർ പുനർജ്ജനിക്കുന്നു.
എനിക്കൊരു കവിഹൃദയവും കീഴടക്കേണ്ട
എനിക്കൊരു ചരിത്രത്താളിലും
ഇടം നേടേണ്ട.

ഭാരതാംബേ, നിന്റെ നീതിപുസ്തകത്തിൽ
എനിക്കായ് നിന്റെ പെൺമക്കൾക്കായ്
കാത്തുവെക്കണം നീതിയുടെ കൂരമ്പുകൾ
ആ അമ്പേറ്റ് പിടയണമവർ
നീതിയുടെ കടിഞ്ഞാണിനാൽ കെട്ടിവരിയണം
നിന്റെ കോപാഗ്നിയിൽ വെന്തുരുകണം
ആ ചൂടേറ്റ് നിർഭയരായ്
നിന്റെ പെൺമക്കൾ അന്തിയുറങ്ങട്ടെ!

•

കഥ

ടി.വി. വനജാക്ഷി

9496158709



# അവൾ

**കാ**ലചക്രം തിരിഞ്ഞുകൊണ്ടേയിരുന്നു. അവളുടെ ഓർമ്മകളും.... ഒരു സർക്കാർ ജോലി എന്നത് അവളുടെ സ്വപ്നമായിരുന്നു. ജോലി ലഭിച്ചതും അതുമായി ബന്ധപ്പെട്ട പരിശീലന കാലവും പരിശീലനകാലത്ത് താൻ വെച്ച വെടി ലക്ഷ്യസ്ഥാനത്ത് എത്തിയ കൗതുകവും ഓർക്കുമ്പോൾ ഇന്നും മനസ്സിൽ ഒരു കുളിർമഴ.... പുറത്ത് മഴ ശക്തിയായി പെയ്യുകയാണ്.

ഭൂതകാലത്തിന്റെ ഓർമ്മകൾ താലോലിക്കപ്പെടേണ്ടതാണ്. എന്നാൽ അവളുടെ മനസ്സിലെ നീറുന്ന ചില ഓർമ്മകൾ ഔദ്യോഗിക ജീവിതത്തിൽ നിന്നും വിരമിച്ചിട്ട് വർഷങ്ങൾ കഴിഞ്ഞിട്ടും പിന്തുടർന്നുകൊണ്ടേയിരുന്നു.

അവൾ ഓർക്കുകയാണ്...കമലമ്മ എന്ന് സ്നേഹത്തോടെ ഞങ്ങൾ വിളിച്ചിരുന്ന കമല എന്ന 68 വയസ്സുള്ള ജീവപര്യന്തം തടവുകാരിയെ. ഏക മകന്റെ ഭാര്യ തീകൊളുത്തി ആത്മഹത്യ ചെയ്ത കുറ്റത്തിന്... മകനെ കേസ്സിൽ നിന്നും രക്ഷിക്കാൻ സ്വയം കുറ്റസമ്മതം നടത്തി ശിക്ഷ ഏറ്റുവാങ്ങിയ സ്നേഹമയിയായ ആ അമ്മ..പിന്നീട് സംഭവിച്ചതോ...ആദ്യമൊക്കെ അമ്മയെക്കാണാൻ മകൻ മാസത്തിൽ ഒരിക്കൽ വരുമായിരുന്നു. പിന്നീട് അവന്റെ സന്ദർശനം കുറഞ്ഞുകുറഞ്ഞു വന്നു. അവൻ വീണ്ടും കല്ല്യാണം കഴിച്ചു. രണ്ട് കുട്ടികളുമായി. പിന്നെ അമ്മയെ കാണാനുള്ള വരവ് നിലച്ചു. സഹതടവുകാരികൾ 6 മാസം കൂടുമ്പോൾ ഒരു മാസം പരോളിൽ സ്വന്തം വീട്ടിൽ പോയിവന്നാൽ വിശേഷങ്ങൾ പങ്കുവെക്കുന്നത് കണ്ണീരോടെ കേട്ടുനിൽക്കുന്ന കമലമ്മ ഔദ്യോഗിക ജീവിതത്തിലെ മറക്കാനാവാത്ത ഒരു നൊമ്പരമായി മനസ്സിൽ കിടക്കുന്നു.

പുറത്ത് ശക്തിയായ കാറ്റോടുകൂടി മഴ തിമർത്തു പെയ്യുകയാണ്. കറണ്ടു പോയി. അവൾ വീണ്ടും ഓർമ്മയുടെ കയങ്ങളിൽ ആണ്ടുപോയി.

തന്റെ നൈറ്റ് ഡ്യൂട്ടിയിൽ ഒരു ദിവസം രാത്രി 100 സ്ത്രീകളും കുട്ടികളും



അഡ്മിഷൻ വരികയും അഡ്മിഷൻ എടുക്കലും ദേഹപരിശോധന നടത്തലും കഴിയുമ്പോഴേക്കും നേരം പുലർന്നതും ...ആദിവാസി ഭൂസമരവുമായി ബന്ധപ്പെട്ടാണ് ഇത്രയും സ്ത്രീകളും കുട്ടികളും ഒരുമിച്ച് ജയിലിൽ എത്തിയത്. പിറ്റേ ദിവസം ജയിൽ ഡോക്ടർ വന്നു എല്ലാ വരുടെയും ആരോഗ്യസ്ഥിതി പരിശോ ധിച്ചു. അതിൽ 7 മാസം ഗർഭിണിയായ ഒരു സ്ത്രീയുമുണ്ടായിരുന്നു. രണ്ടു ദിവസം കഴിഞ്ഞ് ഗർഭിണിക്ക് ചില അസ്വസ്ഥത അനുഭവപ്പെട്ടതിനെത്തു ടർന്ന് ജില്ലാ ആസ്പത്രിയിൽ ഗൈന ക്കോളജി ഡോക്ടറെ കാണിക്കാൻ കൊ ണ്ടുപോയതും പരിശോധനയിൽ അവളുടെ കുട്ടി വയറ്റിൽ അനക്കമി ല്ലാതെ കിടക്കുകയാണെന്നും ഉടനെ സ്കാൻ ചെയ്യാൻ നിർദ്ദേശിച്ചതും ....സ്കാനിങ് റിപ്പോർട്ടിൽ ഗർഭസ്ഥ ശിശു മരിച്ചുകിടക്കുന്നതും പിന്നീട് അവളുടെ പ്രസവവും എല്ലാം ഇന്നലെ കഴിഞ്ഞതുപോലെ അവൾ ഓർക്കുക യാണ്.

സാധാരണഗതിയിൽ മാസം തിക യാതെ പ്രസവിച്ചാൽ ആ കുട്ടിയുടെ മൃതശരീരം കാർഡ്ബോർഡ് പെട്ടിയി ലാക്കി സംസ്കരിക്കാൻ കൊടുത്തു വിടാറാണ് പതിവ് എന്ന് ആശുപത്രി ജീവനക്കാർ പറഞ്ഞു. ജയിലിൽ നിന്നും കൊണ്ടുവന്ന ഒരു റിമാന്റ് പ്രതിയുടെ അതും ഒരു ആദിവാസി സ്ത്രീയുടെ കുട്ടിയെ പെട്ടിയിലാക്കി കൊണ്ടു പോയാൽ മൃതദേഹത്തോട് ഞങ്ങൾ അനാദരവ് കാണിച്ചു എന്ന കുറ്റം പാടില്ല എന്നതുകൊണ്ട് ഒരു കോടിമു ണ്ടിൽ പൊതിഞ്ഞ് മടിയിൽവെച്ച് മണിക്കൂറുകളോളം ആശുപത്രിയിൽ ഇരിക്കേണ്ടിവന്നതും അവൾ സങ്കട ത്തോടെ ഓർത്തു. ആംബുലൻസിൽ ജയിൽ ശ്മശാനത്തിൽ എത്തുമ്പോൾ



മഴ ശക്തിയായി പെയ്യുന്നുണ്ടാ യിരുന്നു. മഴ തോർന്ന് കുട്ടിയുടെ ശവശരീരം കുഴിയിൽവെക്കാൻ പോകുന്നതുവരെ കുട്ടി അവളുടെ കൈയിൽത്തന്നെയായിരുന്നു. മഴ പെയ്ത വെള്ളക്കെട്ടിൽനിന്നും മാറി കുറച്ച് ഉയരമുള്ള മൺകൂനയിൽ അവൾ കയറിനിന്നു. അപ്പോൾ കുഴി വെട്ടിക്കഴിഞ്ഞ് കയറിയ തടവുകാ രൻ പിന്നിൽനിന്നും സാറേ...സാറ് നിൽക്കുന്നതിനടിയിൽ റിപ്പർ ചന്ദ്ര നാണ് എന്നു പറഞ്ഞു. റിപ്പർ എന്നു കേട്ടതും അവൾ ഞെട്ടിത്തെറിച്ച് താഴെ ചാടിയിറങ്ങിയതും ഒന്നിച്ചാ യിരുന്നു. ശവസംസ്കാരത്തിനെ ത്തിയ ജയിൽ സൂപ്രണ്ടും മറ്റു ഉദ്യോഗസ്ഥരും അവളുടെ പേടിച്ച മുഖം കണ്ട് ചിരിച്ചു. അങ്ങിനെ ഔദ്യോഗിക ജീവിതത്തിലെ ചെറു തും വലുതുമായ സംഭവങ്ങൾ ഒന്നൊന്നായി അവൾ ഓർക്കു കയാണ്.

ഏതായാലും ഈ സംഭവത്തോടെ മൃതശരിരത്തോടുള്ള അവളുടെ

പേടി മാറി. ഇപ്പോൾ വീടിനടുത്ത് സ്ത്രീകൾ മരിച്ചാൽ അവരുടെ മൃതദേഹം കുളിപ്പിക്കുന്നതിനും വസ്ത്രങ്ങൾ ധരിപ്പിക്കുന്നതിനും ഒരു പേടിയോ സങ്കോ ചമോ കൂടാതെ ചെയ്തുകൊടുക്കാൻ അവൾക്ക് സാധിക്കുന്നുണ്ട്.

മറ്റു സർക്കാർ ജോലിയിൽനിന്നും വ്യത്യസ്തമായ ഒരു ജോലി ചെയ്തതു കൊണ്ടും പരിശീലനം ലഭിച്ചതു കൊണ്ടുമാണ് ഏതുകാര്യത്തിലും പെട്ടെന്ന് പ്രതികരിക്കാനുള്ള കഴിവും ധൈര്യവും കിട്ടിയ തെന്ന് അവൾ ഓർത്തു.

പുറത്ത് മഴ ഇപ്പോഴും ശക്തിയായി പെയ്തുകൊണ്ടിരിക്കുകയാണ്. അവളുടെ ഓർമ്മകളും പെരുമഴയായി മനസ്സിലേക്ക് ഓടിയോടി എത്തിക്കൊണ്ടേയിരുന്നു. ഓർമ്മകൾക്ക് മരണമില്ലല്ലോ....!

●




സർവ്വീസ് സ്റ്റോറി

കെ. സുരേഷ്കുമാർ
9447709975



# എന്റെ ഉത്തരാഖണ്ഡ് യാത്ര

**2**013 ജൂലായ് മാസത്തിലായിരുന്നു ഞങ്ങൾ ഉത്തരാഖണ്ഡിലേക്കുള്ള യാത്ര നടത്തിയത്.

2013 ജൂൺ മാസം ഉത്തരാഖണ്ഡിലുണ്ടായ മേഘവിസ്ഫോടനത്തിന്റെ ഫലമായി ഗംഗയുടെ എല്ലാ കൈവഴികളിലും വെള്ളപ്പൊക്കമുണ്ടായി. ഏതാണ്ട് ആറായിരത്തോളം പേർ വിവിധ സ്ഥലങ്ങളിൽ നിന്നായി ഒലിച്ചുപോയിട്ടും മറ്റും കാണതായി. 2013 ജൂൺ 16-നായിരുന്നു വെള്ളപ്പൊക്കവും മണ്ണിടിച്ചിലും തുടങ്ങിയത്. പിന്നീടങ്ങോട്ട് ഒരു മാസക്കാലം പല സ്ഥലങ്ങളിലും ഇത് ഉണ്ടായിക്കൊണ്ടേയിരുന്നു. തൽഫലമായി റോഡുകളും പാലങ്ങളും ഇല്ലാതായി. ഈ സമയത്ത് ഉത്തരാഖണ്ഡിലെ ജ്ഞാൻ വിജ്ഞാൻ സമിതിയുടെ അപേക്ഷപ്രകാരം കേരള ശാസ്ത്രസാഹിത്യ പരിഷത്ത് ഒരു മെഡിക്കൽ ടീമിനെ അങ്ങോട്ട് അയക്കുകയുണ്ടായി. ആ സംഘത്തിൽ ഞാനുമുണ്ടായിരുന്നു.

ഞങ്ങൾ 2013 ജൂലൈ 12-നാണ് യാത്ര പുറപ്പെട്ടത്. കൊച്ചുവേളി - ഡെറാഡൂൺ എക്സ്പ്രസിൽ കണ്ണൂരിൽ നിന്നും വണ്ടി കയറി. അന്ന് ഞങ്ങളെ യാത്രയയച്ച ജാനകി ടീച്ചർ നമ്മളോടൊപ്പം ഇല്ല. വെള്ളിയാഴ്ച വൈകുന്നേരം യാത്ര തുടങ്ങി ഞായറാഴ്ച രാത്രിയാണ് ഡെറാഡൂണിലെത്തിയത്. അവിടെ ഞങ്ങളെ സ്വീകരിക്കാൻ ജ്ഞാൻ വിജ്ഞാൻ സമിതിയുടെ ആൾക്കാരുണ്ടായിരുന്നു. അന്നത്തെ ദിവസം ഡെറാ





ഡൂണിൽ താമസിച്ച് പിറ്റെ ദിവസം നമ്മു ടെ യാത്ര തുടങ്ങി. നമ്മൾ രണ്ടുപേർ വീതമുള്ള ടീമായിട്ടാണ് യാത്ര ആരംഭി ച്ചത്. ഞാനുൾപ്പെട്ട ടീം ചമോലി ജില്ല യിലെ വിവിധ സ്ഥലങ്ങളിലും മറ്റ് ടീമു കൾ ഉത്തരകാശിയിലെ സ്ഥലങ്ങളിലും ക്യാമ്പ് ചെയ്യാനാണ് തീരുമാനിച്ചത്.

ഞങ്ങൾ ഹരിദ്വാർ വഴി ചമോലി ജില്ല യിലെത്തി. പ്രളയക്കെടുതിയുടെ ഫല മായി ചമോലി ജില്ലയിലേക്ക് നേരെയു ള്ള വഴിയിലൂടെ പോകാൻ പറ്റിയില്ല. ഉത്തർപ്രദേശിലെ വിവിധ പ്രദേശങ്ങളി ലൂടെയായി യാത്ര ചെയ്യേണ്ടി വന്നു. ഉത്തരാഖണ്ഡിനെ രണ്ട് പ്രധാന ഡിവിഷനുകളായി തിരിച്ചിട്ടുണ്ട്. അതി ലൊന്ന് കുമയോൺ ഡിവിഷനും മറ്റേത് ഗർവാൾ ഡിവിഷനുമാണ്. ഗർവാൾ ഡിവിഷനിലെ ചമോലി ജില്ലയിലെ തറേലി താലൂക്ക് ആസ്ഥാനത്താണ് ഞങ്ങൾക്ക് എത്തേണ്ടിയിരുന്നത്. ഉത്തർപ്രദേശിൽ നിന്നും ജിംകോർബറ്റ് നാഷണൽ പാർക്ക് ഓരത്തുകൂടി ഞങ്ങൾ ഉത്തരാഖണ്ഡിൽ പ്രവേശിച്ചു. രാംനഗർ-റാണിക്കെട്-സോമേശ്വർ വഴി രാത്രിയോടെ അന്നത്തെ താമസസ്ഥല മായ കൗസാനി അനാസക്തി ആശ്രമ ത്തിലെത്തി. 1929-ൽ ഗാന്ധിജി രണ്ടാ ഴ്ചക്കാലം ഇവിടെ താമസിച്ചിരുന്നു. ഇന്ത്യയുടെ സ്വിറ്റ്സർലന്റ് എന്നാണ് അദ്ദേഹം ഈ സ്ഥലത്തെ വിശേഷിപ്പിത്.

ആശ്രമത്തിലെ മുറ്റത്തുനിന്നും നോക്കിയാൽ ഹിമാലയത്തിലെ അഞ്ച് കൊടുമുടി കാണാൻ കഴിയും.

പിറ്റെദിവസം രാവിലെ ഞങ്ങൾ പ്രശസ്ത ഹിന്ദി കവി സുമിത്രാനന്ദൻ പന്ത് സ്മാരകം സന്ദർശിക്കാൻ പോയി. ഇതിനുശേഷം നമ്മുടെ ലക്ഷ്യസ്ഥാനത്തേക്കുള്ള യാത്ര തുടങ്ങി. പോകുന്നവഴിക്കായിരുന്നു വൈദ്യനാഥ് ക്ഷേത്രം. ഏഴോളം അമ്പലങ്ങളുടെ സമുച്ചയമായ ഈ ക്ഷേത്രം ഗോമതി നദിക്കരയിലാണ് സ്ഥിതിചെയ്യുന്നത്. എന്നെ ആകർ ഷിച്ച ഒരു കാര്യം അവിടെ പൂജാരി കൾ ഒന്നുമുണ്ടായിരുന്നില്ല എന്ന താണ്. ഏതാനും സ്ത്രീകൾ ഗോമതി നദിയിൽനിന്നും വെള്ളം ഒരു കുട ത്തിൽ കോരിക്കൊണ്ടുവന്ന് അവിടെയുണ്ടായിരുന്ന ശിവലിംഗ ത്തിൽ അഭിഷേകം ചെയ്യുന്നതാണ് കണ്ടത്. ഭാഗേശ്വർ എന്ന സ്ഥലത്തി നടുത്താണ് വൈദ്യനാഥ് ക്ഷേത്രം സ്ഥിതിചെയ്യുന്നത്. ഞങ്ങൾ അവിടെ നിന്നും ഗ്വാൾഡാം എന്ന് പറയുന്ന സ്ഥലത്തെത്തി. അവിടെ നിന്നും യാത്ര തുടർന്ന് തൽവാരി എന്ന പ്രദേശത്തെ പ്രൈമറി ഹെൽത്ത് സെന്ററിൽ എത്തി. അവിടെ നിന്നും ഏതാനും രോഗികളെ പരിശോധിച്ചു.





കൗസാനി അനാസക്തി ആശ്രമം

അന്നത്തെ ദിവസം ക്യാമ്പ് ചെയ്യേണ്ട സ്ഥലത്ത് എത്തിച്ചേരാൻ പറ്റാത്തതു കൊണ്ട് ഗ്വാൾഡാമിലേക്ക് തന്നെ തിരിച്ചുപോയി. അവിടെ ഗസ്റ്റ് ഹൗസി ലാണ് താമസിച്ചത്. പിറ്റെ ദിവസം രാവിലെ യാത്ര തുടർന്നു. ഉച്ചയോടെ തലേരി എന്ന താലൂക്ക് ആസ്ഥാനത്തെ ത്തി. 10 ദിവസം അവിടെ ക്യാമ്പ് ചെയ്തു.

അവിടെയുള്ള പല ഗ്രാമങ്ങളിലും മെഡിക്കൽ ക്യാമ്പ് നടത്തി. പലയിട ത്തും നടന്നുപോകേണ്ടിവന്നു. പാറയും മണ്ണും ഇടിഞ്ഞുവീണ് സ്ഥല ങ്ങളിൽപ്പെട്ടുപോയ വാഹനങ്ങൾ ഷട്ടിൽ സർവ്വീസ് പോലെ ഓടുന്നു ണ്ടായിരുന്നു. മണ്ണിടിഞ്ഞ് വീണ സ്ഥലങ്ങളിൽ നടന്നുതന്നെ പോകണ മായിരുന്നു. സി.പി.എം - ന്റെ പ്രാദേ ശിക നേതാക്കളുടെ സഹായത്തോടു കൂടിയാണ് ക്യാമ്പുകൾ നടത്തിയി രുന്നത്. കേരളത്തിലെ കോട്ടയത്തിനു ശേഷം ഇന്ത്യയിൽ രണ്ടാമതായി സമ്പൂർണ്ണ സാക്ഷരത പ്രഖ്യാപിച്ച ജില്ലകൂടിയാണ് ചമോലി.

10 ദിവസത്തെ ക്യാമ്പ് കഴിഞ്ഞ് ഞങ്ങൾ കാൽനടയായി കർണ്ണപ്രയാഗ എന്ന സ്ഥലത്തേക്ക് യാത്ര തിരിച്ചു. അതിനിടയിൽ കുറച്ചുദൂരം മാത്രമേ വാഹനസൗകര്യം ലഭിച്ചുള്ളൂ. ഏതാണ്ട് 15 കിലോമീറ്ററോളം കാൽനടയായി യാത്ര ചെയ്യേണ്ടി വന്നു. പ്രയാഗ് എന്നുപറയുന്നത് രണ്ടു നദികൾ കൂടിച്ചേരുന്ന സ്ഥലത്തി നെയാണ്. ഗംഗാനദിയിൽ 5 പ്രയാഗുകൾ ഉണ്ട്. കർണ്ണപ്രയാഗ് എന്നത് അളകനന്ദ, പിൻഡർ എന്നീ നദികൾ കൂടിച്ചേരുന്ന സ്ഥലമാണ്. ഇവിടെനിന്നും പിറ്റെദിവസം രാവി ലെ ഡെറാഡൂണിലെക്ക് യാത്രയാ യി. പോകുന്ന വഴിക്കാണ് രുദ്ര പ്രയാഗ്. അളകനന്ദയും മന്ദാകിനി യും കൂടിച്ചേരുന്ന സ്ഥലമാണ് രുദ്ര പ്രയാഗ്. അന്ന് സഞ്ചരിച്ച വഴികളെ ക്കുറിച്ച് ഓർക്കുമ്പോൾ ഇന്നും മനസ്സിൽ ഭീതിയാണ്. ഒളഞ്ഞുപുള ഞ്ഞുപോകുന്ന വഴികൾ, വഴിനീളെ മണ്ണുംപാറയും വീണുകിടക്കുന്ന സ്ഥലങ്ങൾ, പല പാലങ്ങളും ഇല്ലാ തായ അവസ്ഥ - ഇങ്ങനെയൊക്കെ യായിരുന്നു ആ വഴികൾ. അന്ന് രാത്രിയോടെ ഞങ്ങൾ ഡെറാഡൂ ണിലെത്തി. പിറ്റെദിവസം അവിടെ ഒരു പത്രസമ്മേളം വിളിച്ചുകൂട്ടി ഞങ്ങൾ ചെയ്ത കാര്യങ്ങൾ അവർ ക്ക് വിവരിച്ചുകോടുത്തു. സി.പിഎം - ന്റെ സംസ്ഥാന സിക്രട്ടറി വിജയ് റാവത്ത് അവിടെ വന്ന് ഞങ്ങളെ ക ണ്ടിരുന്നു. അടുത്ത ദിവസം ഡെറാഡൂൺ ഫോറസ്റ്റ് ഇൻസ്റ്റിറ്റ്യൂട്ട് സന്ദർശിച്ചു. അതിനുഷം ഡൽഹി വഴി നാട്ടിലേക്ക് മടങ്ങി.

●

ക്യാമ്പ് ദൃശ്യം



കവിത

പി. ശൈലജ
9497050430



# ഏകാന്തത

എഴുതാൻ ശ്രമിച്ചു ഞാൻ പലതും
പറ്റുന്നില്ലെനിക്കൊന്നുമെഴുതാൻ
ഒന്നിലും ഉടക്കിനിൽക്കുന്നില്ലെന്നുള്ളം
എൻ മനം വിങ്ങുന്നതെന്തിനെന്നറിയില്ല.
എന്നെ സ്നേഹിക്കുന്നോർതൻ വെദനകൾ
ഏറെ നോവിക്കുന്നതെന്തിനെന്നെയിങ്ങനെ ?

ഉറങ്ങാൻ കഴിയുന്നില്ലെനിക്കൊട്ടും
പേടിയാണെനിക്കെല്ലാറ്റിനെയും.
എൻ നിഴലും ഹൃദയതാളവും പിന്നെ
രാത്രിതൻ നിശബ്ദതയും പേടിയാണെനിക്ക്.
ആർക്കും ഒന്നും സ്വന്തമല്ലെന്നും
ആരും ആർക്കും കൂട്ടിനില്ലെന്നും
ഓർത്ത് തനിച്ചിരുന്നുപോയി ഞാൻ
കാര്യമില്ലെന്നറിയാം ലോകസത്യമിതല്ലോ.

കേൾക്കുന്നതെല്ലാം അസഹ്യം തന്നെ
കാണുന്നതെല്ലാം അതിക്രമങ്ങൾ
നന്മതൻ ചിന്തയും വാക്കും പ്രവൃത്തിയും
വ്യർത്ഥമാണെന്നറിയുന്നു ഞാനിന്ന്.

വേണ്ടതൊരല്പം മന:സമാധാനം
തേടി ഞാൻ ചെന്നു സുഹൃദ്വലയങ്ങളിൽ
നേരമില്ലാർക്കുമെൻ വേദന കേൾക്കുവാൻ
ആശ്വാസവാക്കുകൾ വറ്റിവരണ്ടുപോയ്
തിരിച്ചെത്തിവീണ്ടും ഞാനെന്നിൽത്തന്നെ
ആശ്വസിക്കേണം സ്വയമെന്നുറച്ചു ഞാൻ.

•



യാത്രാ വിവരണം

എ.പി. രാഘവൻ
9447217422



# ഓസ്ട്രേലിയയിലേക്ക് ഒരു യാത്ര

**2**022 ജനുവരി 17 -ാം തിയ്യതി ഞാനും ഭാര്യയും മകളും മരുമകനും കൂടി നെടുമ്പാശ്ശേരി എയർപോർട്ടിൽനിന്ന് മലേഷ്യയുടെ തലസ്ഥാനമായ കോലാലമ്പൂർ വഴി ഓസ്ട്രേലിയയിലെ മെൽബോണിലേക്ക് യാത്ര പുറപ്പെട്ടു. ലോകയാത്രയിൽ 35-ാമത്തെ രാജ്യമാണ് എനിക്ക് ഓസ്ട്രേലിയ. അതിനാൽ തന്നെ ടെൻഷൻ ഒന്നും ഇല്ല. ആകാംക്ഷ മാത്രം.

ലോകഭൂപടത്തിന്റെ തെക്ക് കിഴക്കായി സ്ഥിതിചെയ്യുന്ന ഇന്ത്യയുടെ നാലിരട്ടി വലിപ്പമുള്ള കേരളത്തിലെ ജനസംഖ്യ മാത്രമുള്ള ആസ്ട്രേലിയ ദ്വീപ് ഒരു ഭൂഖണ്ഡം കൂടിയാണ്. രാത്രി കൊച്ചിയിൽ നിന്ന് കയറി രാവിലെ കോലാലമ്പൂർ എയർപോർട്ടിൽ ഇറങ്ങി. നീണ്ട എട്ടു മണിക്കൂർ കഴിഞ്ഞ് മാത്രമേ അവിടെ നിന്ന് മെൽബണിലേക്ക് കണക്ഷൻ ഫ്ളൈറ്റ് ഉള്ളൂ. എയർപോർട്ടിൽ തലങ്ങും വിലങ്ങും സഞ്ചരിച്ച് ഭക്ഷണ രുചിഭേദങ്ങൾ ആസ്വദിച്ച് സമയം ചെലവഴിച്ചു. വൈകുന്നേരം 3 മണിയോടെ മെൽബണിലേക്കുള്ള വിമാനത്തിൽ കയറി. അവർ തരുന്ന ഭക്ഷണങ്ങൾ കഴിച്ചും സ്ക്രീനിൽ സിനിമ കണ്ടും സമയം കഴിച്ചുകൂട്ടി. 8 മണിക്കൂർ വിമാനത്തിൽ ഇരിക്കണം. വിമാനത്തിലുള്ള ദീർഘയാത്ര കഠിനം തന്നെയാണ്. അങ്ങനെ പുലർച്ചെ 2 മണിയോടെ വിമാനം മെൽബൺ എയർപോർട്ടിൽ ഇറങ്ങി. വലിയൊരു എയർപോർട്ട് ആണ്.



ഹാങിങ് റോക്ക്

കുട്ടികൾ കൂടെയുള്ളതിനാൽ എയർ പോർട്ടിലെ എല്ലാ ഫോർമാലിറ്റിയും വിഷമങ്ങൾ ഇല്ലാതെ വേഗത്തിൽ തീർക്കാൻ കഴിഞ്ഞു. അങ്ങനെ ഞങ്ങൾ പുറത്തിറങ്ങി ഒരു ടാക്സി പിടിച്ച് താമസ സ്ഥലമായ ബെന്റിഗോയിലേക്ക് പുറപ്പെട്ടു. ബെന്റിഗോ ഓസ്ട്രേലിയ യിലെ തെക്കൻ സ്റ്റേറ്റ് ആയ വിക്ടോറി യയിലെ ഒരു പ്രധാന പട്ടണമാണ്. മകനും മകളും അവിടെയാണ് ജോലി ചെയ്യുന്നത്. പുലർച്ചെ 4 മണിക്ക് ഞങ്ങൾ ബെന്റിഗോയിലെ വീട്ടിലെത്തി. കാപ്പിയുണ്ടാക്കി കഴിച്ചതിനുശേഷം ചെറിയ റസ്റ്റ് എടുക്കാനായി കിടന്നു. എപ്പോഴാണ് ഉറങ്ങിയതെന്നറിയില്ല. 7 മണി ആയപ്പോഴാണ് ഉണർന്നത്. ഡിസംബർ മാസം മുതൽ ഓസ്ട്രേലി യയിൽ വേനൽക്കാലമാണ്. വെയിലിന് നല്ല ചൂട് ഉണ്ട്. പുറത്ത് പോയി ചുറ്റുപാട് ഒന്ന് നിരീക്ഷിച്ചു. എവിടെയും ആളനക്കം ഇല്ല. എന്നാൽ കിളികളുടെ ഓർക്കസ്ട്ര കേൾക്കാനുണ്ട്. ലോക മെങ്ങും കിളികളുടെ ഭാഷ ഒന്നുതന്നെ !

**പുറത്ത് പോയി ചുറ്റുപാട് ഒന്ന് നിരീക്ഷിച്ചു. എവിടെയും ആളനക്കം ഇല്ല. എന്നാൽ കിളികളുടെ ഓർക്കസ്ട്ര കേൾക്കാനു ണ്ട്. ലോകമെങ്ങും കിളികളുടെ ഭാഷ ഒന്നുതന്നെ !**

## ഹാങ്ങിങ് ഗാർഡനിലേക്ക് ഒരു പിക്നിക് യാത്ര

ഓസ്ട്രേലിയ വിക്ടോറിയയിലെ മാസിടോൺ ജില്ലയിൽപ്പെട്ട ഒരു സ്ഥലമാണ് ഹാങ്ങിങ് റോക്ക്. ഇത് മൗണ്ട് ഡയോജനിസ്, ഡ്രൈഡ ൺസ് റോക്ക് എന്നപേരിലും അറിയ പ്പെടുന്നു. സമുദ്രനിരപ്പിൽ നിന്നും 718 മീറ്റർ ഉയരമുള്ള ഈ പർവ്വതനിര കൾ മുൻ അഗ്നിപർവ്വതത്തിന്റെ ഭാഗമായിരുന്നു. ന്യൂ ഹാം, ഹെസ് കറ്റ് എന്നീ പേരിലുള്ള രണ്ട് ടൗൺ ഷിപ്പുകൾക്കിടയിലാണ് ഹാങ്ങിങ റോക്ക്. മെൽബണിൽ നിന്നും 7 കിലോമീറ്റർ വടക്കോട്ടും ബെന്റി ഗോവിൽനിന്നും 90 കിലോമീറ്റർ തെക്കോട്ടും മാറി സ്ഥിതിചെയ്യുന്നു. ഇപ്പോൾ ഇത് വിനോദത്തിനും വിനോദസഞ്ചാരത്തിനും കേൾവി കേട്ട ഒരു സ്ഥലമാണ്.

ഈ സ്ഥലത്തെ കേന്ദ്രബിന്ദുവാക്കി പിക്നിക് @ ഹാങ്ങിങ് റോക്ക് എന്നൊരു നോവലും 1975 -ൽ പ്രശസ്ത സംവിധായകനായ പീറ്റർ പെയർ ഒരു സിനിമയും നിർമ്മിക്കു കയുണ്ടായി. നോവലിന്റെ അതേ








പേരിലാണ് സിനിമയും നിർമ്മിച്ചത്. ഇത് വമ്പൻ ഹിറ്റായി. സിനിമയ്ക്ക് ശേഷം ഇവിടെ വരുന്ന ടൂറിസ്റ്റുകളുടെ എണ്ണം എത്രയോ കൂടി. ഇപ്പോൾ വിനോദ സഞ്ചാരികളുടെ ഒരു അന്താരാഷ്ട്ര ഡെസ്റ്റിനേഷൻ കൂടിയാണിത്. ഹാങ്ങിങ് റോക്കിലെ പ്രധാന ആക്ടി വിറ്റി 1.8 കിലോമീറ്റർ ദൂരത്തിലുള്ള വാക്കിങ് സമ്മിറ്റ് ആണ്. ആവറേജ് ഒരു മണിക്കൂർകൊണ്ട് ഇത് നടന്നു തീർക്കാം. മൂന്ന് സർക്കിളിൽക്കൂടി നടക്കാൻ പാതകളുണ്ട്. നടത്തവഴി യിലെ പല സ്ഥലങ്ങളിൽ നിന്നും ദൂരെയുള്ള ഗ്രാമങ്ങളുടെ സൗന്ദര്യം ആസ്വദിക്കാൻ പറ്റും. ഉച്ചയ്ക്ക് 2 മണിക്കാണ് ഞങ്ങൾ ഹാങ്ങിങ്റോക്കി ലെത്തിയത്. ഞാനും വിപിനും മാത്രമേ റോക്ക് കയറാൻ പോയുള്ളു. മകളും ഭാര്യയും താഴെയുള്ള പാർക്കിൽ ഇരുന്നു. ഏകദേശം ഒരു മണിക്കൂർ കൊണ്ട് താഴെയിറങ്ങി. താഴെ ഒരു പവലിയൻ ഉണ്ട്. റോക്ക് ഫോർമേഷനെപ്പറ്റിയും ചില ഭാഗത്തുള്ള റോക്കുകളുടെ പേരും അവിടെ രേഖപ്പെടുത്തിയത് നമുക്ക് കാണാം. റോക്കിന് താഴെ ചുറ്റു പാടും വിശാലമായ പാർക്ക്, കുതിരയോട്ട മത്സരത്തിനുള്ള മൈതാനം, വൈവിധ്യമാർന്ന ഭക്ഷണസാധനങ്ങൾ കിട്ടുന്ന ഹോട്ടൽ, കാറ്റുകൊണ്ട് വിശ്രമി ക്കാനുള്ള ഇരിപ്പിടങ്ങൾ ഇവയൊ ക്കെയുണ്ട്. കല്ല്യാണം കഴിഞ്ഞ് നവ വധൂവരന്മാരും കൂട്ടുകാരും ഫോട്ടോഷൂട്ടിങ്ങിനായി ഇവിടെ എത്താറുണ്ട്. ഞങ്ങൾ പോയ സമയത്തും ഒരു ഷൂട്ടിങ് ഉണ്ടാ യിരുന്നു.

●

## പെൻഷൻ ഭവനുകൾ നമ്മുടെ അഭിമാനം



പെൻഷൻ ഭവൻ, ഏഴോം യൂണിറ്റ്




പെൻഷൻ ഭവൻ, ചെറുകുന്ന് യൂണിറ്റ്

കഥ

കെ.എൻ. ശ്രീദേവി

9446165846



# ഓർമ്മ മരം പൂക്കുമ്പോൾ

**കു**ഞ്ഞുടുപ്പിൽ പൂക്കോട് സ്കൂളിൽ ഒന്നാം ക്ലാസ്സിൽ പോയ ദിവസം മിക്ക കുട്ടികളും കരയുന്നു. രക്ഷിതാക്കൾ ക്ലാസ്സിന് പുറത്ത് ചിലർ കരയുന്നു, ചിലർ ജനാലയിൽക്കൂടി കണ്ണുരുട്ടുന്നു. കേശവൻ മാഷ് എല്ലാവരോടും പറഞ്ഞു : നിങ്ങൾ ഇവിടെ നിൽക്കരുത് എന്ന്. കുറെ നേരം ചെറിയ ബെഞ്ചിലിരുന്നു. മണിയടിച്ചപ്പോൾ എല്ലാവരും പോയ്ക്കോളാൻ പറഞ്ഞു. പിന്നെ മെല്ലെ മെല്ലെ സാഹചര്യവുമായി പൊരുത്തപ്പെട്ടു. പാട്ടും കഥയും കളികളും - നല്ല രസമായിരുന്നു. മീശക്കാരൻ അപ്പുമാഷെ മാത്രം പേടിയായിരുന്നു.

നാലാം തരം കഴിഞ്ഞു. സ്കൂൾ വേറെയായി. രണ്ടു നാഴിക നടന്നുവേണം മണ്ണംപേട്ട സ്കൂളിലെത്താൻ. ആദ്യമായി പാട്ടും ഡാൻസും പഠിപ്പിക്കാൻ ടീച്ചർ ഉണ്ടായി. കാലില്ലാത്ത പാറുക്കുട്ടി ടീച്ചറായിരുന്നു. അന്ന് കളിക്കാൻ വിടുമ്പോഴെല്ലാം കല്ല്കളി, കിളിമാസ്, നൂൽപ്പന്ത് കളി, മച്ചിങ്ങകൊണ്ട് അമ്മാനമാടൽ, പെട്ടിയും മേശയും എല്ലാം വിനോദത്തിനോടൊപ്പം വ്യായാമവും തന്നിരുന്നു. അഞ്ചാം ക്ലാസ്സിലെ അന്നമ്മ ടീച്ചർ പറഞ്ഞത് ഇന്നും ഓർക്കുന്നു : "കീറിയതാ യാലും വൃത്തിയുള്ള വസ്ത്രം ധരിക്കണം. മാതാ പിതാ ഗുരു ദൈവം - മറക്കരുത് ". ഇന്നും അനുസരിക്കുന്നു. ഈയിടെ പഴയ വിദ്യാലയത്തിൽ പോയി. 1965 - ലെ ഫോട്ടോ ഉണ്ടോയെന്ന് കണ്ണുകൾ പരതി. ടീച്ചറുടെ ഫോട്ടോ കണ്ടില്ല. പക്ഷേ, ഇന്നും





മനസ്സിലുണ്ട്.

ഉച്ചയ്ക്ക് കൂട്ടുകാരൊന്നിച്ച് ക്രിസ്ത്യൻ പള്ളിയിൽ പോകുമായിരുന്നു. അച്ചന്റെ അരമനയിലും പോയിട്ടുണ്ട്. 7 -ാം തരം കഴിഞ്ഞു. ഹൈസ്കൂളിലേക്ക് 5 നാഴിക നടന്ന് വരന്തരപ്പിള്ളിയിലേക്ക്. എന്നും നടക്കും. പഠിപ്പിനോടൊന്നിച്ച് ധാരാളം പാഠ്യേതര പ്രവർത്തനങ്ങൾക്കും അവസരം കിട്ടി. അദ്ധ്യാപകർ സ്നേഹിച്ചു പഠിപ്പിച്ചു. ഒഴിവു സമയം മറ്റുള്ള കുട്ടികളുമായി ചേർന്ന് ചിത്രം വരയ്ക്കും. ഞങ്ങൾ തന്നെ മാർക്കിടും. പിന്നെ, പുളിങ്കുരു ചുട്ടത് പങ്കിട്ടെടുക്കും. അന്ന് പൗഡർ വാങ്ങിത്തരില്ല. കുട്ടികൾ പുസ്തകത്തിനുള്ളിൽ ഒളിപ്പിച്ചു കൊണ്ടുവരും. അത് പരസ്പരം മുഖത്തിടും.

ആരും തന്നെ എന്നോട് സ്കൂൾതല മത്സരങ്ങളിൽ പങ്കെടുക്കാൻ പറയാറില്ല. സർട്ടിഫിക്കറ്റ് കൊണ്ടുവരുമ്പോഴാണ് അവർ അറിയുക. ഇന്നത്തെ രക്ഷിതാക്കൾക്ക് എന്തൊരു വേവലാതി ! കുട്ടികൾക്ക് സമ്മർദ്ദവും. സയൻസ് എക്സിബിഷൻ - അതൊരു തമാശ ഓർമ്മയാണ്. “എല്ലാവരും പങ്കെടുക്കണം” - ഹെഡ്മാസ്റ്റർ. ഞാൻ കുറെ നാടൻ പച്ചമരുന്നുകൾ പറിച്ചുകെട്ടി. അഭിമാനത്തോടെ കൂട്ടുകാരികളുമായി പലതും പറഞ്ഞ് നടന്നു. ശ്രദ്ധിച്ചില്ല. വഴിയരികിൽ വിശന്നുവലഞ്ഞ പശു കൊമ്പുകുലുക്കി വന്നു. ശേഖരണം അവിടെയിട്ട് ജീവനുംകൊണ്ട് ഓടി. കുറെ കഴിഞ്ഞ് തിരിഞ്ഞു നോക്കി. സുഖമായി തിന്നുന്നു. അമ്പോ. കുറച്ചു വിഷമം തോന്നി. പിന്നെ, ആശ്വസിച്ചു. മിണ്ടാപ്രാണിയുടെ വിശപ്പ് മനസ്സിലായി.

സാമൂഹ്യപാഠം ക്ലാസ്സ്. മാഷ് വന്നു. എന്നും ചോദ്യം ചോദിക്കും. തീരെ പഠിക്കാത്ത ഒരു കുട്ടിയുണ്ടായിരുന്നു. ഒരു ദിവസം മാഷ് : “തോക്കുപോലെ എണീറ്റ് നിന്നാൽ പോര. നിനക്കെല്ലാം പത്ത് നേന്ത്രവാഴ വെച്ചൂടെ ?” പാവം തോന്നി. ഏറെ വർഷം കഴിഞ്ഞു. കണ്ടുമുട്ടിയപ്പോൾ “എന്താ ജോലി ?”. “ഒന്നുമില്ല. ഗൃഹഭരണം” . ഞാൻ പോകുന്ന വഴി ഒന്ന് ആ വീട്ടിലും കയറി. പശുക്കൾ, പറമ്പ് നിറയെ പലതരം വിളകൾ - നേന്ത്രക്കുലകൾ എന്നെ നോക്കി ചിരിച്ചു. ഓർമ്മകൾ പഴയ ക്ലാസ്സ് മുറിയിലെത്തി. അധ്വാനത്തിന്റെ ഫലം. കുറെ നേരം പല കാര്യങ്ങളും സംസാരിച്ചു തിരിച്ചുപോന്നു.

ഇന്നും പഴയ ആ കാലം ഓർക്കുന്നു. സമ്മർദ്ദങ്ങളില്ലാത്ത നല്ല കൂട്ടുകാരുള്ള ഭയപ്പെടാത്ത കാലം. ഇനിയും തിരിച്ചുവരാത്ത കാലഘട്ടത്തിലേക്ക് മനസ്സുകൊണ്ട് പാറി നടക്കാം.

●

STORY

PREMARAJAN T.

9446283974



# GLIMPSE

The noon time was bit warmer in the seminar hall and the breeze hesitated to enter inside through the steel bars of the window. It has been a long time since she attended any language gatherings what she had enjoyed most. “How long you are going to hibernate with your past? Get out of the bushes of ill fate, there may be some bruises but after it will be a warm comfort” She remembered the kind words of Radha teacher. She always kept an elderly affection towards her. Things were not that much easy, memories wandered here and there skipping the pedagogical aspects and struggled to assimilate the theory of constructivism.

“Teacher, I feel bit dizziness, let me take some rest.”

“Okay, as you like.” softly got the reply.

Placing head on the wooden desk painted all along with ball point ink she could sense the decayed smell. What is the cause of sorrow? Wasn't my desire quite normal just like any other human being? The dizziness slowly permeated deep into her waking and slowly lifted her to a half slumber.

“We shall move out, see the moon light and definitely the cool breeze”

“Yah ……”

Sitting shoulder to shoulder near the jasmine bushes he took her hand and slowly rubbed the fingers.

“Look at the flowers, they are smiling to us.”

“Shall I bring some papers?”

“What for?”

“Poets need bundle of papers and dozens of pen.”

“Please keep your comments in



shelf, don't take it out now.”
“Okay, let it be so.” He tapped against her shoulder.
Dear please listen I was just joking, I know that you can't write a single line of poem by your own. This time he pressed bit deep to her shoulder.
“You devil, hurting me.” She pinched his back arm strongly. Pulling out the hands at once he heavily shook the hand with an outcry.
“What happened?” Showing the reddened middle finger where blood was oozing out he stammered.
“Lingerie should not bear metal parts.”
“Hooray, that should happen to you, very good.” She laughed thundery. He bowed his head in disgrace.
A bit of silence passed through between them. “Are you angry with me?”, He nodded his head showing negation. A cool breeze passes through the white flowers carrying mild fragrance. Both of them rejoiced with it. The crickets hiding around joined with them. Holding his hand tightly she asked, How long will you be with me dear?
Century, no it's impractical. Decades, how many decades. He tried his best to make her happy.
Please don't count the time, tell



me the word 'ever'. Won't you be with me ever, ever and ever? He has no answer or the words stuck somewhere at the tongue. With heavy emotion he expressed his willingness by pressing her hands and placing at his chest.
Hey! Get up dear. It's time for the session. See they have started the entertainment part, how nicely they are singing. Radha teacher was in full spirit. Somehow she tried to raise the head and looked at the dais. It was all blurred on and around the platform. She could feel the fragrance of burning incense sticks. The fumes are creeping into air with thick and thin curl.
Somebody was walking towards the dais and there was the mild vibration of his apron. In between the shower of Jasmine flowers accompanied by the melodic tone of flute there he stood with crossed legs. Yes it's he, her heart and soul. With waved legs and numb head she ran towards the raised platform but her feet didn't obey her. Striking hardly at the wooden dais she fell down. There she wept bitterly, not decades, not even an annum or months, just few seconds dear. Let me lie upon your lap and die. Her cry echoed around the walls of the class room and there was not even a slight and simple reply for it.
●

ലേഖനം

എം. ലക്ഷ്മണൻ
9946575475



# ആനന്ദതീർത്ഥൻ : നവോത്ഥാനത്തിന്റെ പ്രാദേശിക പാഠം

ശ്രീനാരായണ ഗുരുവിന്റെ ശിഷ്യന്മാരിൽ പ്രധാനികളാണ് നടരാജഗുരുവും ആനന്ദതീർത്ഥനും. ഗുരുവിന്റെ നവമാനവിക ദർശനങ്ങൾ അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കാൻ നടരാജഗുരു നേതൃത്വം നൽകി. ആനന്ദതീർത്ഥൻ കേരളത്തിലും തമിഴ്നാട്ടിലും അതിനെ പ്രായോഗികവൽക്കരിക്കാൻ ജീലിതം സമർപ്പിച്ചു.

**വൈ**ക്കം സത്യഗ്രഹത്തിന്റെ നൂറാം വാർഷികം ആഘോഷിക്കുന്ന വേളയിൽ ആനന്ദതീർത്ഥനെ ഓർമ്മിക്കാതെ കടന്നുപോകാൻ കഴിയില്ല. അദ്ദേഹം മദ്രാസ് പ്രസിഡൻസി കോളേജിൽ പഠിക്കുന്ന കാലത്താണ് വൈക്കം സത്യഗ്രഹം നടക്കുന്നത്. കേരളത്തിലെ ജാതിരാക്ഷസീയതയുടെ ഭീകരരൂപം അനന്തഷേണായ് (ആനന്ദതീർത്ഥന്റെ യഥാർത്ഥ പേര്) മനസ്സിലാക്കുന്നത് സമരവുമായി ബന്ധപ്പെട്ട വാർത്തകളിലൂടെയാണ്. വൈക്കം സത്യഗ്രഹത്തിന്റെ സ്വാധീനമാണ് അനന്തഷേണായിയുടെ മനസ്സിൽ അയിത്തോച്ചാടന പോരാട്ടത്തിന്റെ വിത്ത് മുളപ്പിച്ചത്. കേരളത്തിൽ നടന്ന കല്ലുമാല സമരം, ചാന്നാർ ലഹള തുടങ്ങിയവയും വലിയ സ്വാധീനമുണ്ടാക്കിയിട്ടുണ്ട്. ഹരിജനങ്ങളെ ജാതീയമായ അടിമത്തത്തിൽനിന്നും മോചിപ്പിക്കാൻ എം.എ. പരീക്ഷയിൽ രണ്ടാം റാങ്കോടെ പാസ്സായ അനന്തഷേണായ് നേരെ പോയത് ഹരിജനങ്ങളുടെ കോളനിയിലേക്കാണ്.





ശ്രീ നാരായണഗുരു ഏറ്റവും അവസാനമായി തന്റെ ശിഷ്യനായി സ്വീകരിച്ചത് അനന്തഷേണായിയെയാണ്. ഗുരു വാണ് അദ്ദേഹത്തിന് ആനന്ദതീർത്ഥൻ എന്ന പേരിട്ടത്. ഗുരുവിന്റെ ശിഷ്യത്വം സ്വീകരിച്ച ആനന്ദതീർത്ഥൻ പിന്നീട് ഹരിജനോദ്ധാരണത്തിനായി ഗ്രാമാന്തരങ്ങളിൽ കൊടുങ്കാറ്റായി ആഞ്ഞു വീശുകയായിരുന്നു. പുലയസ്വാമിയെന്ന് ജാതിക്കോമരങ്ങൾ അപഹസിച്ചു. നവോത്ഥാന ശ്രമങ്ങളുടെ പേരിൽ ഇത്രയധികം മർദ്ദനം ഏൽക്കേണ്ടിവന്ന വേറൊരാൾ കേരളത്തിലെന്നല്ല ഇന്ത്യയിൽത്തന്നെയുണ്ടാവില്ല. ഗുരുവായൂർ ക്ഷേത്രത്തിലെ ബ്രാഹ്മണസദ്യയ്ക്കെതിരെ

ദളിത് ജനങ്ങളെ സംഘടിപ്പിച്ച് ഊട്ടുപുരയിൽ കയറിയതിന് ക്രൂരമായ മർദ്ദനം ഏൽക്കേണ്ടി വന്നു. തുടർന്നുണ്ടായ അസുഖങ്ങളിൽപ്പെട്ട് അദ്ദേഹം മരണത്തിന് കീഴ്പ്പെട്ടു.

ദളിത് വിഭാഗത്തിൽപ്പെട്ട ജനങ്ങളെ സമൂഹത്തിന്റെ പൊതുധാരയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് ഗ്രാമവീഥികളിലൂടെ വിശ്രമമില്ലാതെ സഞ്ചരിച്ചുകൊണ്ടേയിരുന്ന ആനന്ദതീർത്ഥൻ അവർക്ക് വിദ്യയുടെ ആത്മപ്രകാശം നല്കുന്നതിനാണ് പ്രഥമപരിഗണന നൽകിയത്. വിദ്യ പ്രബുദ്ധരാകാനും സംഘടിക്കുവാനുമുള്ള ഉപാധിയാണെന്ന് ഗുരു ഉദ്ബോധിപ്പിച്ചിട്ടുണ്ട്. ഹരിജന വിദ്യാഭ്യാസത്തിന് പയ്യന്നൂരിൽ ശ്രീനാരായണ വിദ്യാലയം സ്ഥാപിച്ചു. ഹരിജൻ കുട്ടികൾക്ക് മാത്രമാണ് പ്രവേശനം. ഒദയമ്മാടം സ്കൂളിലും കണ്ണപുരം ചുണ്ടയിലെ കിഴക്കേ ഗോവിന്ദം ഇല്ലം നടത്തിയിരുന്ന സ്കൂളിലും ഹരിജൻ കുട്ടികളെ പ്രവേശിപ്പിക്കുന്നതിന് അതിശക്തമായി ഇടപെട്ടു. താവം ദേവീവിലാസം സ്കൂളിൽ ഹരിജൻ കുട്ടികൾക്ക് പ്രവേശനം നല്കാതിരുന്നപ്പോൾ സ്കൂളിന്റെ അംഗീകാരം പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിച്ചത് ആനന്ദതീർത്ഥന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ്. മദിരാശി സർക്കാറിന്റെ ഡിസ്ട്രിക്ട് ബോർഡ് ഓഫ് എഡ്യുക്കേഷന്റെ ഓണററി ഇൻസ്പക്ടറായി സേവനമനുഷ്ഠിച്ചിരുന്ന കാലത്ത് നിരവധി ഹരിജൻ ഹോസ്റ്റലുകൾ അദ്ദേഹത്തിന്റെ നേതൃത്വത്തിൽ സ്ഥാപിതമായി. ലേബർ സ്കൂളിന്റെ ഭാഗമായിട്ടുള്ള ഹരിജൻ ഹോസ്റ്റലുകളിൽ നടമാടിയിരുന്ന മനുഷ്യത്വ വിരുദ്ധത ഇല്ലായ്മ ചെയ്യാൻ നടപടി സ്വീകരിച്ചു. കണ്ണപുരത്തെയും മാട്ടൂലിലെയും ഹരിജൻ ഹരിജൻ ഹോസ്റ്റലുകൾ ദളിത് സൗഹൃദമായതിന് പിന്നിൽ ആനന്ദതീർത്ഥനായിരുന്നു.




കവിത


ശകുന്തള ഏഴോം
9496236842




# എന്റെ ഗ്രാമം



എന്റെ ഗ്രാമം സുന്ദരമാം
എന്തു ഭംഗിയാണിവിടം
അങ്ങിങ്ങായി തിങ്ങിനില്ക്കും
തെങ്ങിൻ തോപ്പും കവുങ്ങുകളും
കാർഷിക രംഗത്ത് ഇന്ന്
ഏറെ മുന്നിലാണീ ഗ്രാമം
ഹരിതപച്ചക്കറി വിളവെടുപ്പിനു
മുന്നിലാണെപ്പോഴുമെന്റെ ഗ്രാമം
നയനമനോഹര കാഴ്ചയാലെ
സുന്ദരമാണീ കൊച്ചുഗ്രാമം
ഇടതൂർന്ന് വളരുന്ന കണ്ടൽക്കാടും
നാടിന് അഭിമാനമായിരുന്നു..
നാടിന് തണലേകാൻ മരം പിടിപ്പിക്കേണം
നാടാകെ ഫലം തരും മരവും ഒന്ന്..
വീട്ടുമുറ്റത്ത് നട്ടുനനയ്ക്കുവിൻ
നാടാകെ ഫലം തരും മരവും ഒന്ന്..
പക്ഷിമൃഗാദികളും ജീവജാലങ്ങൾക്ക്
ഇന്ന് ആശ്രയമാകും മരവും ഒന്ന്..
വായുവും വെള്ളവും കാത്തുസംരക്ഷിക്കും
മരങ്ങളെ നാമൊന്ന് തൊട്ടറിയൂ..
ഭൂമിക്കു തണലേകീടാനായ്
ഒരു മരമെങ്കിലും നട്ടീടുവിൻ..
പാരിസ്ഥിതിക പരിഹാരത്തിനായി
നാമെന്നും മുൻനിരയിലാണല്ലോ
വൃക്ഷലതാദികൾ നട്ടുപിടിപ്പിച്ചു
മരുഭൂമിയാകാതെ കാത്തിടേണം
തോടും പുഴകളും നീർച്ചാലുകളും
നിറഞ്ഞതാണല്ലോ ഈ കൊച്ചു ഗ്രാമം
ആണെന്നോ പെണ്ണെന്നോ വ്യത്യാസമില്ലാതെ
അധ്വാനിക്കുന്ന ജനതയുണ്ട്
ജീവിതമാർഗ്ഗമായി മത്സ്യബന്ധനവും
കൊയ്ത്തുത്സവവും ആയിവിടം
ഏറെ പേരുകേട്ട നാടാണല്ലോ
ഏഴോം എന്ന കൊച്ചുഗ്രാമം.
സർഗ്ഗവാസനയാൽ മുന്നിൽ നിൽക്കുന്നൊരു
ഗ്രാമമാണല്ലോ ഈ കൊച്ചുഗ്രാമം
സാക്ഷരതയിലുംമുന്നിലാണല്ലോ ഈഗ്രാമമെന്നും
പ്രകൃതിരമണീയമായ നാടാണല്ലോ
ഏഴോം എന്നൊരു കൊച്ചുഗ്രാമം.

•

# സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങലൾ



വനിതാവേദി പ്രവർത്തകർ പാപ്പിനിശ്ശേരി ബഡ്സ് സ്കൂളിൽ സാന്ത്വനസഹായം കൈമാറുന്നു.



വനിതാവേദി പ്രവർത്തകർ ചുണ്ട ബഡ്സ് സ്കൂളിൽ സാന്ത്വനസഹായം കൈമാറുന്നു.



വനിതാവേദി പ്രവർത്തകർ അഴീക്കൽ ചാലിൽ വൃദ്ധസദനത്തിൽ സാന്ത്വനസഹായം കൈമാറുന്നു.



കണ്ണപുരം യൂണിറ്റിന്റെ ഐ.ആർ.പി.സി.ക്കുള്ള വീൽചെയർ ജില്ലാ സെക്രട്ടറി ശ്രീ ഇ. മുകുന്ദൻ കൈമാറുന്നു

## യൂണിറ്റ് ഭാരവാഹികൾ

| | സിക്രട്ടറി | പ്രസിഡണ്ട് |
|---|---|---|
| ഏഴോം | വി.വി. ശ്രീധരൻ | പി.വി. കുഞ്ഞിരാമൻ |
| മാടായി | കെ.പി. ഗോപാലൻ | ടി. കൃഷ്ണൻ |
| മാട്ടൂൽ | ടി.ഡി. മാർക്കോസ് | കെ.പി. ജോൺ |
| ചെറുകുന്ന് | സി.എച്ച്. പ്രദീപ്കുമാർ | കെ.കെ. നാണു |
| കണ്ണപുരം | പി.വി. കരുണാകരൻ | ഇ. മുകുന്ദൻ |
| ഇരിണാവ് | പി. മനോഹരൻ | കെ.ഉണ്ണികൃഷ്ണൻ |
| പാപ്പിനിശ്ശേരി | പി. രഘുനാഥൻ | പി.കെ. ലക്ഷ്മണൻ |
| കല്യാശ്ശേരി | കെ.സുരേഷ്കുമാർ | പി.വി. നാരായണൻ |
| കണ്ണാടിപ്പമ്പ് | സി. സുരേശൻ | കെ.എം. രമണി |
| നാറാത്ത് | യു.പി. മുഹമ്മദ് കുഞ്ഞി | പി.പി. മോഹനൻ |



ഇരിണാവ് കുടുംബസംഗമം : ഉദ്ഘാടനം പി.പി. ദാമോദരൻ



നാറാത്ത് കുടുംബ സംഗമം : പഞ്ചായത്ത് പ്രസിഡ് ശ്രീ കെ. രമേശൻ ഉദ്ഘാടനം ചെയ്യുന്നു.



കല്ല്യാശ്ശേരി യൂണിറ്റ് കുടുംബസംഗമം ബ്ലോക്ക് പ്രസിഡണ്ട് ശ്രീമതി എം. സരോജിനി ഉദ്ഘാടനം ചെയ്യുന്നു.



ഏഴോം യൂണിറ്റ് കുടുംബസംഗമം കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡ് ശ്രീമതി ഡി. വിമല ഉദ്ഘാടനം നിർവ്വഹിച്ചു.




കണ്ണപുരം യൂണിറ്റ് കുടുംബസംഗമം കേരള ഫോക്‌ലോർ അക്കാദമി സിക്രട്ടറി എ.വി. അജയകുമാർ ഉദ്ഘാടനം ചെയ്യുന്നു.



പാപ്പിനിശ്ശേരി കുടുംബസംഗമം ഡോ. ടി. ശശിധരൻ ഉദ്ഘാടനം ചെയ്യുന്നു.



കണ്ണാടിപ്പറമ്പ് യൂണിറ്റ് കുടുംബസംഗമം ജില്ല ജോയിന്റ് സിക്രട്ടറി ശ്രീ പി.പി. ദാമോദരൻ ഉദ്ഘാടനം ചെയ്യുന്നു



മാടായി കുടുംബസംഗമം ശ്രീ ഏ.വി. ചന്ദ്രൻ ഉദ്ഘാടനം ചെയ്യുന്നു.

# എന്താണ് **നിനവ്** ?

കെ.എസ്.എസ്.പി.യു. കല്ല്യാശ്ശേരി ബ്ലോക്കിന്റെ ഔദ്യോഗിക മുഖപത്രമാണ് **നിനവ്** പെൻഷൻകാരുടെയും പെൻഷൻ കുടുംബാംഗങ്ങളുടെയും രചനകളും സംഘടനാകാര്യങ്ങളുമാണ് ഉള്ളടക്കം. പെൻഷൻ സമൂഹത്തിന്റെ വേറിട്ട ഭാവത്തിന്റെയും ശബ്ദത്തിന്റെയും പ്രതീകമാണ് **നിനവ്**

**നിനവി** ൽ നിന്ന് **നിനവ് നിധി** യിലേക്ക്

**നിനവി**ലൂടെ സ്വരൂപിക്കുന്ന പണമാണ് **നിനവ് നിധി**. നിനവിന് കച്ചവടക്കണ്ണില്ല; വില്പനയുമില്ല. നിങ്ങൾ നല്കുന്ന സംഭാവനയ്ക്ക് ഞങ്ങൾ നിനവെന്ന സർഗ്ഗോപഹാരം ഒരു സ്നേഹസമ്മാനമായി നല്കുന്നുവെന്ന് കരുതുക.

## **നിനവ് നിധി** എന്തിന് ?

പൊതുസമൂഹത്തിന്റെ നന്മയ്ക്കാണ് നിനവ് നിധി സ്വരൂപിക്കുന്നതും വിനിയോഗിക്കുന്നതും. ആദ്യചുവടായി പത്തായിരം രൂപയുടെ സാന്ത്വനസഹായം പ്രഖ്യാപിച്ചു കഴിഞ്ഞു.

നമ്മുടെ പൊതുജീവിതത്തിലെ
ഒരംഗമായി

**നിനവി** നെ എല്ലാവരും സ്വാഗതം
ചെയ്യുക

# കണ്ണപുരം സർവ്വീസ് കോ-ഓപ്പ്. ബേങ്ക്

Ltd.No: LL 135 കണ്ണപുരം, പി.ഒ.ചെറുകുന്ന്,
കണ്ണൂർ ജില്ല, ഫോൺ: 2860287, 2861222

**ക്ലാസ്സ്_1 സൂപ്പർ ഗ്രേഡ് ബേങ്ക്**

Email : kannapuramscbank@gmail.com Website : kannapurambank.com

ബ്രാഞ്ചുകൾ ✽ കണ്ണപുരം റെയി.സ്റ്റേഷൻ ✆2864252 ✽ കീഴറ ✆2860487
✽ ചൈനാക്ലേ റോഡ് ✆2861222 ✽ കതിരുവെക്കും തറ ടൗൺ ✆2864444 ✽ ഇടക്കേപ്പുറം തെക്ക് ✆2861151

ചൈനാക്ലേ റോഡ്, കതിരുവെക്കും തറ ശാഖകൾ
രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെ പ്രവർത്തിക്കുന്നു.
ചൈനാക്ലേ റോഡ് ശാഖ ഞായർ അവധി

മിതമായ നിരക്കിൽ
അത്യാധുനിക സൗകര്യങ്ങളോടെ
**ശീതീകരിച്ച ഓഡിറ്റോറിയം,**
**മിനി ഹാൾ, ഡൈനിംഗ് ഹാൾ**
ബുക്കിംഗിന് : 0497 2860287

ടി.കെ.ദിവാകരൻ
പ്രസിഡണ്ട്
മൊബൈൽ 9495145544

കെ.ശിവദാസൻ
സെക്രട്ടറി
മൊബൈൽ 9961403021






For my part I know nothing with
any certainty, but the sight of the
stars makes me dream.

– Vincent van Gogh